# ആഗ്രഹ സഫലീകരണം

എം.എം. മുഹ്‌യിദ്ദീൻ നദ്‌വി

പ്രസാധനം:
കേരള നദ്‌വത്തുൽ മുജാഹിദീൻ
പ്രസിദ്ധീകരണ വിഭാഗം
മുജാഹിദ് സെൻറർ, കോഴിക്കോട് - 2

**_Agraha Safaleekaranam_**
*(Malayalam)*

*Author : M.M. MUHYIDDEEN NADWI*

*First Impression : Oct 1982*
*Second Impression : March 1985*
*Third Impression : September1997*

*Copies : 3000*
*Typesetting : Suvarna Graphics, Clt - 2*
*Printed at :* Geethanjali Offset Prints, Feroke

*Publishing:*
*Kerala Nadvathul Mujahideen Publishing Wing*
*Mujahid Centre, Calicut - 2*

*Copy Right Reserved)*

*Price : 22/-*

# പ്രസ്താവന

ജീവിതം അനുഗ്രഹങ്ങൾ നിറഞ്ഞതാണ്. മരണം ഭൗതിക ജീവിതത്തിന് വിരാമമിടുമ്പോഴും സഫലീകൃതമാകാത്ത എണ്ണമറ്റ ആഗ്രഹങ്ങളെ താലോലിക്കുന്നവനാണ് മനുഷ്യൻ.

ആഗ്രഹങ്ങൾ സഫലീകരിക്കാൻ ഏതു മാർഗ്ഗവും സ്വീകരിക്കുന്നതിന് മടിയില്ലാത്തവരാണ് അധികപേരും. അവിടെ നീതിയും അനീതിയും നോക്കാറില്ല. സത്യവും അസത്യവും പരിഗണിക്കാറില്ല. ഹഖും ബാത്വിലുമില്ല. ഹലാലും ഹറാമുമില്ല. അഭിലാഷ പൂർത്തീകരണത്തിന് മാനുഷിക മൂല്യങ്ങളെല്ലാം ഹോമിക്കപ്പെടുന്നു.

എന്നാൽ ഒരു മുസ്ലിമിനെ സംബന്ധിച്ചേടത്തോളം, അവൻെറ ആഗ്രഹങ്ങൾ അല്ലാഹു അനുവദിച്ചതായിരിക്കണം. അതു നേടുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗവും കുറ്റമറ്റതാവണം. അതിനുള്ള ഒരു വഴികാട്ടിയാണ് ഈ ഗ്രന്ഥം. പ്രവാചകന്മാരും മഹാത്മാക്കളും ആഗ്രഹ സഫലീകരണത്തിന്ന് കൈകൊണ്ട മാർഗ്ഗങ്ങൾ ഇതിൽ വിശദീകരിക്കപ്പെടുന്നു. അവരെ പിൻപറ്റുന്നവർക്ക് ഈ ഗ്രന്ഥം ഉപകാരപ്രദമാവാതിരിക്കില്ല. അല്ലാഹു അനുഗ്രഹിക്കട്ടെ.

- പ്രസാധകർ

# ഉള്ളടക്കം

പേജ്

പ്രസ്താവന 5

ആമുഖം 9

ആഗ്രഹസഫലീകരണത്തിന് പ്രവാചകന്മാർ
സ്വീകരിച്ച മാർഗ്ഗങ്ങൾ

ആദം 25

നൂഹ് 26

ഇബ്രാഹീം 31

ലൂത്വ് 36

യഅ്ക്വൂബ് 37

യൂസുഫ് 38

അയ്യൂബ് 40

ശുഐബ് 42

മൂസാ 42

ദാവൂദ് 47

സുലൈമാൻ 48

യൂനുസ് 49

സകരിയ്യാ 51

ഈസാ 52

മുഹമ്മദ് 53

ഔലിയാക്കൾ സ്വീകരിച്ച മാർഗ്ഗങ്ങൾ 57 - 62

ഖുർആൻ ആദ്യം മുതൽ അവസാനം വരെ 62 - 68

'ഹദീഥി'ലെ പ്രാർത്ഥനകൾ 68 - 87

## ആഗ്രഹ സഫലീകരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ


| | പേജ് |
|---|---|
| ആഹാര ലബ്ധിക്ക് | 53 |
| വിജ്ഞാന ലബ്ധിക്ക് | 56 |
| അധികാര ലബ്ധിക്ക് | 49 |
| സന്താന ലബ്ധിക്ക് | 31, 51, 52 |
| സന്താനങ്ങളുടെ സൗഭാഗ്യത്തിന് | 32, 34 |
| സന്തോഷകരമായ കുടുംബജീവിതത്തിന് | 65 |
| രോഗമുക്തിക്ക് | 41 |
| പാപമുക്തിക്ക് | 25, 26, 28, 43, 44, 61 |
| പൈശാചിക ബാധ തടുക്കാൻ | 63 |
| ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാൻ | 29, 36, 37, 42, 46, 48, 58 |
| കൃത്യനിർവ്വഹണത്തിനു പ്രാപ്തിയുണ്ടാവാൻ | 45 |
| ശുഭകരമായ അന്ത്യത്തിന് | 40 |
| ദുർനടപ്പിൽ പെടാതിരിക്കാൻ | 39 |
| പുത്രനഷ്ടത്തിൽ മന:ശാന്തിക്ക് | 38 |
| ഭൗതികവും പാരത്രികവുമായ നന്മക്ക് | 54, 56 |

# ആമുഖം

ആഗ്രഹങ്ങളില്ലാത്ത മനുഷ്യരില്ല. അവയുടെ സാഫല്യത്തിനുവേണ്ടിയാണ് ജീവിക്കുന്നതെന്ന് പറഞ്ഞാൽ തന്നെ ഒരളവോളം ശരിയാണ്. സന്താനഭാഗ്യം, ഉദ്യോഗലബ്ധി, രോഗവിമുക്തി, ശത്രുനാശം...... അങ്ങനെയങ്ങനെ എണ്ണിയാൽ ഒടുങ്ങാത്ത മോഹങ്ങൾ പേറിനടക്കുന്നു ഓരോരുത്തരും.

ബുദ്ധിപരമായി അത്യുന്നതി പ്രാപിച്ചുവെന്ന് അഭിമാനിക്കുന്ന ഈ ശാസ്ത്രയുഗത്തിലും ആഗ്രഹ സഫലീകരണത്തിന് മനുഷ്യൻ തേടുന്ന മാർഗ്ഗങ്ങൾ ശിലായുഗത്തിലേതാണ്. അവിടെ ജാതിയും മതവും പ്രശ്നമല്ലാതാവുന്നു.

അല്ലാഹുവെ മാത്രം ആരാധിക്കുകയും അവനോട് മാത്രം സഹായാർത്ഥന നടത്തുകയും ചെയ്യാൻ പ്രതിജ്ഞാബദ്ധനായ മുസ്ലിം ഭൗതികമായ തൻെറ ആഗ്രഹങ്ങൾ നേടുന്നതിന് തൻെറ വിശ്വാസത്തെപോലും കുരുതികൊടുക്കുന്നത് ഇന്ന് സർവ്വസാധാരണമാണ്. ഏതാനും പത്രവാർത്തകൾ കാണുക.

## ഭീമാപള്ളി ദർഗ്ഗാശരീഫ്

തിരുവനന്തപുരം:

തെക്കെ ഇന്ത്യയിലെ പ്രമുഖ പുരാതന തീർത്ഥാടന കേന്ദ്രമായ ഭീമാപള്ളി ദർഗ്ഗാശരീഫ് ആധുനിക ഇന്തോസാരസൻ മുഗൾ ശില്പകലാമാതൃകയിൽ പുതുക്കിപണിത് പൂർത്തിയാക്കിയിരിക്കുന്നു. ഇതിന് അരക്കോടിയിലധികം ചിലവഴിക്കുകയുണ്ടായി............

മനോരോഗങ്ങളും തീരാവ്യാധികളും അവിടത്തെ നേർച്ചമൂലം തീർന്നതോടുകൂടി തീർത്ഥാടകരുടെ പ്രവാഹം വർദ്ധിക്കുകയും ഭീമാപള്ളി പ്രസിദ്ധമാവുകയും ചെയ്തു.

ഭീമാപള്ളിയിലെ നേർച്ചകൾ, വഴിപാടുകൾ, പ്രാർത്ഥനകൾ, അവിടുത്തെ എണ്ണയും പൂവും മരുന്നുകിണററിലെ വെള്ളവും രോഗവിമുക്തതക്കുള്ള ഔഷധങ്ങളായി പരിലസിക്കുന്നു.

ജാതിഭേദമെന്യേ പ്രായവ്യത്യാസമില്ലാതെ സ്ത്രീ പുരുഷന്മാർ വെള്ളിയാഴ്ച രാവുകളിൽ (വ്യാഴാഴ്ച രാത്രി) ഇവിടെവന്നു അനുഷ്ഠാനങ്ങൾ നടത്തി അന്തി ഉറങ്ങി പ്രഭാതത്തിൽ മരുന്നുകിണററിൽ കുളിച്ചു വഴിപാടുകളും നൽകി പോരുന്നു. അസാദ്ധ്യ കാര്യങ്ങളുടെ സാധ്യതക്കും വിജയവൈജയന്തിക്കു വേണ്ടിയും വിപുലമായ സമൂഹ പ്രാർത്ഥനകൾ നടത്തിയിട്ടുണ്ട്. ദൈനംദിനം നടന്നു വരുന്നുമുണ്ട്.

ഭീമാപള്ളി ദർഗ്ഗാശരീഫിൽ മറപെട്ടിരിക്കുന്ന ഔലിയാക്കളുടെ പേരിൽ ആണ്ടുതോറും നടത്തിവരാറുള്ള വാർഷിക മഹോത്സവത്തിനാണ് ഉറൂസ് മഹാമഹം എന്ന് പറയുന്നത്. വിവിധ ദേശക്കാരും വിവിധ ഭാഷക്കാരും വിവിധ ജാതി

മതക്കാരും വ്യത്യസ്ത ചിന്താഗതിക്കാരും വിഭിന്ന വേഷക്കാരുമായ ആബാലവൃദ്ധം ഭക്തജനങ്ങൾ ആത്മീയ നിർഭരമായി അലിഞ്ഞു ചേർന്ന് പങ്കെടുക്കുന്നു.

ഈ വർഷത്തെ ആഘോഷപരിപാടികൾ....... മഹല്ല് പ്രസിഡൻറ് .... പതാക ഉയർത്തുന്നതോടുകൂടി ആരംഭിക്കുന്നു. പ്രത്യേക കർമ്മങ്ങൾ കഴിച്ച് പട്ടണപ്രദക്ഷിണം നടത്തി കൊടി ആനപ്പുറത്തെഴുന്നള്ളിച്ചാണ് ആനയിക്കുന്നത്. പത്തു ദിവസം നീണ്ടുനിൽക്കുന്ന ഈ ഉറൂസ് മഹോത്സവത്തിൽ എല്ലാ ദിവസവും മൗലൂദ് ശരീഫ്, റാത്തീബ്, മുനാജാത്ത് പാരായണം, അറബി, ഉറുദു, തമിഴ്, ഹിന്ദി, മലയാള ഭക്തി ഗാനാലാപനങ്ങളുമുണ്ടായിരിക്കും. മെയ്‌വഴക്കം സിദ്ധിച്ച കായികാഭ്യാസികളുടെ കളരിപ്പയറ്റും കോലടിക്കളി, കബടിക്കളി, ദഹാരമുട്ട് എന്നീ നാടൻ കലാപ്രകടനങ്ങളും നടത്തപ്പെടും. (6.4.1981 ചന്ദ്രിക)

## പെരുമ്പടപ്പ് പുത്തൻപള്ളി ജാറം

ദക്ഷിണേന്ത്യയിലെ പ്രമുഖ പുണ്യതീർത്ഥാടന കേന്ദ്രമായ പെരുമ്പടപ്പ് പുത്തൻപള്ളി ജാറം സേവന മാർഗ്ഗത്തിൽ പുതിയ പുതിയ സ്ഥാപനങ്ങൾ അണിനിരത്തിക്കൊണ്ട് ജൈത്രയാത്ര തുടരുന്നു. സർപ്പവിഷം, പേപ്പട്ടിവിഷനിവാരണം, ആഗ്രഹസഫലീകരണം, മാറാവ്യാധികൾ, മഹാരോഗങ്ങൾ ഇവകളിൽ അത്ഭുതഫലസിദ്ധി എന്നിവകളാൽ സുപ്രധാനമായ പുത്തൻപള്ളി ജാറം ജനലക്ഷങ്ങളുടെ ഒരഭയകേന്ദ്രമത്രെ...... (1981 ജനുവരി 4).

## രാജസ്ഥാനിലെ സതിമന്ദിരങ്ങൾ

ഭർത്താവിൻെറ ചിതയിൽ ഭാര്യയും ചാടി ആത്മാഹുതി ചെയ്യുക. ഇതൊരു നിസ്തുല്യമായ പുണ്യകർമ്മമായി ഇന്നും രാജസ്ഥാനിലെ രജപുത്രർ വിശ്വസിക്കുന്നു. അങ്ങനെ ജീവഹത്യ ചെയ്യുന്ന സ്ത്രീകൾ ദേവതകളായി മാറുന്നു. അവരുടെ ചിതയിൽ പിന്നീട് മന്ദിരങ്ങളുയർത്തുന്നു. അതിനാണ് സതിമന്ദിരം എന്നു പറയുന്നത്. അതിനെ സംബന്ധിച്ച് രാജസ്ഥാൻ നിവാസികളിൽ ചുറ്റിനടന്ന് വാർത്തകൾ ശേഖരിച്ച ഒരു മലയാളപത്രം റിപ്പോർട്ടു ചെയ്യുന്നത് കാണുക:

"...... സതിയുടെ കദനകഥകൾ പറയുന്ന ശെഖാവട്ടിയിലെ കാർമേഘങ്ങൾക്കിടയിൽ പക്ഷെ, മറ്റൊരു വെള്ളിരേഖ കാണാം. ഹിന്ദുമുസ്ലിം മൈത്രിയെന്ന സ്വപ്നത്തിൻെറ സാക്ഷാൽക്കാരം. അവിടെ ജാതിഭേദമില്ല. മതവ്യത്യാസമില്ല. വിശ്വസിക്കാമെങ്കിൽ വിശ്വസിച്ചുകൊള്ളൂ. ഇവിടെ മുസ്ലിംകളും സതിമാതാവിനെ ആദരിക്കുന്നു. മുസ്ലിം നവദമ്പതിമാരും ഈ സതിമന്ദിരങ്ങളിൽ എത്താറുണ്ട്. പക്ഷെ ഒരു മുസ്ലിം വനിതയും സതി നടത്തിയതായി അറിയില്ല. മുസ്ലിംകൾ സതിമന്ദിരങ്ങളിൽ എത്തുന്നത് അവിടെ സാധാരണമാത്രം. (മലയാള മനോരമ 5. 1. 1981)

## എല്ലാവർക്കും വേണ്ടി ഒരു ദേവാലയം

കോഴിക്കോട്: അലറിപ്പായുന്ന വാഹനങ്ങളുയർത്തുന്ന ശബ്ദകോലാഹലങ്ങൾക്കിടയിൽ ഒരു കൊച്ചു ശാന്തീകുടീരം. ആത്മാവിന്റെ നോവുകൾ അവിടെ ആശ്വാസം തേടുന്നു. ജാതിമത സ്ത്രീപുരുഷഭേദമെന്യേ ആരാധകർക്കവിടെ ഉള്ളുരുകി പ്രാർത്ഥിക്കാൻ സ്വാതന്ത്ര്യമുണ്ട്. ആനയോ അമ്പാരിയോ വാദ്യമേളങ്ങളോ ഉത്സവമോ നിത്യപ്പൂജ നിവേദ്യാദികളോ ഇല്ലാതെ ആളുകളെ ആ കൊച്ചു ദേവാലയം ആകർഷിക്കുന്നു.

മാവൂർറോഡ് ജംങ്ഷന് സമീപമുള്ള കുരിശുപള്ളി ഈ കാലഘട്ടത്തിലെ അത്ഭുതങ്ങളിലൊന്നുതന്നെ.

വരപ്രാപ്തി, ഉദ്യോഗലബ്ധി, സന്താനഭാഗ്യം, രോഗവിമുക്തി, ദുരിതനിവാരണം എന്നിവക്കായി അവിടെ വിശ്വാസികൾ മനമുരുകി പ്രാർത്ഥിക്കുന്നു. ഫലപ്രാപ്തിയുടെ കഥകൾ നിരവധിയുണ്ട്.

ആരാധ കരിൽ സ്ത്രീകളാണ് ഭൂരിപക്ഷം. പുറമേയ്ക്ക് ക്രിസ്തീയ മുഖച്ഛായയുള്ള ഈ ആരാധനാലയത്തിന്റെ അകവും പുറവും വെള്ളിയാഴ്ച പ്രാർത്ഥനക്കാരെക്കൊണ്ടു നിറഞ്ഞു കവിയുന്നു.

കുരിശടയാളമുള്ള കൃഷ്ണശിലയും കൃസ്തീയ ദേവതാ രൂപങ്ങളും അഖണ്ഡമത ബന്ധത്തിന്റെയും സംസ്കാര സമന്വയത്തിന്റെയും പ്രതീകങ്ങളായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ശ്രീലകത്ത് മെഴുകുതിരികളും നിലവിളക്കും പ്രകാശം പരത്തുന്നു.

വിദൂരങ്ങളിൽ നിന്നുപോലും മുസ്ലിം സ്ത്രീകളുൾപ്പെടെ നിരവധി പേർ മനശ്ശാന്തിതേടി ഇവിടെ എത്തിക്കൊണ്ടിരിക്കുന്നു. അന്യഥാ ബോധമില്ലാതെ, ജാതിസ്പർദ്ധയില്ലാതെ (25. 5. 1982 മാതൃഭൂമി)

## കാടാമ്പുഴക്ഷേത്രം

മലബാറിലെ സമ്പന്നമായ സ്വകാര്യ ക്ഷേത്രങ്ങളിലൊന്നാണ് കാടാമ്പുഴ. ട്രസ്റ്റികൾക്കുപകരം ഇപ്പോൾ എച്ച്.ആർ. ആൻഡ്സിബോർഡ് നിയമിച്ചിട്ടുള്ള ഫിറ്റ് പേഴ്സൺ ഒ.കെ കെ. മേനോൻ പറഞ്ഞത് കഴിഞ്ഞ ഒരു കൊല്ലത്തിനകം ക്ഷേത്രത്തിലെ മൊത്തം വരുമാനം മൂന്നുലക്ഷത്തിലധികമായിട്ടുണ്ടെന്നാണ്. വഴിപാട് കൗണ്ടറിന്റെ മുമ്പിൽ ഹിന്ദുക്കളെയും, മുസ്ലിംകളെയും, ക്രൈസ്തവരെയും കാണാം. ഗൾഫ് നാടുകളിൽ നിന്നു വരുന്ന വഴിപാടുകളിൽ ഏറിയകൂറും മുസ്ലിംകളുടെതാണെന്ന് മേനോൻ ചൂണ്ടിക്കാട്ടി. (3.8.1982 മലയാള മനോരമ)

## മുസ്ലിം യുവാവ് അയ്യപ്പനായി ശബരിമലക്ക്

കക്കട്ടിൽ, ഡിസംബർ 11

വയനാട്ടിലെ വെള്ളമുണ്ടക്കടുത്ത മൊതക്കരായിലെ നാടാമ്പാടി മൊയ്

തീൻകുട്ടി (22) എന്ന മുസ്ലിം യുവാവ് വ്രതാനുഷ്ഠാനത്തോടെ ശബരിമലക്കു പോകാൻ വേണ്ടി അയ്യപ്പനായിരിക്കുകയാണ്. ദരിദ്രകുടുംബത്തിൽ പിറന്ന മൊയ്തീൻകുട്ടിക്ക് നാലുവയസ്സിൽ പിടിപെട്ട അപസ്മാര രോഗത്തിന് കഴിയാവുന്ന ചികിത്സകളെല്ലാം ചെയ്തെങ്കിലും ശമനം ലഭിക്കായ്കയാൽ രോഗശമനത്തിന് വേണ്ടി അയ്യപ്പനായതാണത്രെ. ആഴ്ചയിൽ രണ്ടുംമൂന്നും തവണ ഉണ്ടാകാറുള്ള രോഗത്തിന് വ്രതാനുഷ്ഠാനത്തിന് ശേഷം വളരെ ആശ്വാസം ലഭിച്ചിട്ടുണ്ടെന്ന് പറയുകയുണ്ടായി. മാനന്തവാടിയിൽ നിന്ന് മാലയിട്ട ഈ യുവാവ് ഇപ്പോൾ ഇ വിടെയുള്ള കുന്നുമ്മൽ ഭഗവതി ക്ഷേത്രത്തോടനുബന്ധിച്ചുള്ള അയ്യപ്പ ഭജന മഠ ത്തിൽ മറ്റു അയ്യപ്പന്മാരോടൊപ്പം കഴിയുകയാണ് (12 - 12 - 1977, മാതൃഭൂമി)

## മുസ്ലിംകുട്ടിക്ക് തുലാഭാരം

ഇരിങ്ങാലക്കുട. ആഗസ്റ്റ് 16

അബ്ദുൽ നിഷാദ് എന്ന ഒരു മുസ്ലിംകുട്ടിക്ക് ഗുരുവായൂർ ക്ഷേത്രത്തിൽ അരികൊണ്ട് തുലാഭാരം നടത്തി.

വലിയകത്ത് മുഹമ്മദിൻെറ അഞ്ചാമത്തെ മകനാണ് തുലാഭാരം നടത്തിയ അബ്ദുൽ നിഷാദ്. നാലു പെൺമക്കളുടെ പിതാവായ മുഹമ്മദ് തനിക്കൊരു ആൺകുട്ടി ജനിക്കുന്നതിനാണ് ഗുരുവായൂരപ്പന് വഴിപാടു നേർന്നത്. ഗുരുവായൂരപ്പൻെറ അനുഗ്രഹം കൊണ്ടുമാത്രമാണ് ഒരു ആൺകുട്ടി ജനിച്ചതെന്ന് മാതാപിതാക്കൾ വിശ്വസിക്കുന്നു

അബ്ദുൽ നിഷാദിൻെറ ചോറൂണും ഗുരുവായൂരിൽ വെച്ചു തന്നെയാണ് നടത്തിയത് (17 - 8 - 1980, മാതൃഭൂമി)

## ആദ്യം കണ്ണ് ചൂഴ്ന്നു; പിന്നെ നാവ്, വയർ .............

ഒരു മന്ത്രവാദിനിയുടെ നിർദ്ദേശം കേട്ടാണ് ഇടുക്കിയിലെ അസ്സൻ ഗനി തൻെറ അരുമമകനെ ഇഞ്ചിഞ്ചായി കൊലപ്പെടുത്തിയത്. ഗനിയുടെ അയൽക്കാരിയായിരുന്നു മന്ത്രവാദിനി.

വീടിനകത്ത് കഴിച്ചിട്ടിട്ടുള്ള നിധി കരസ്ഥമാക്കണമെങ്കിൽ ഒരാൺകുട്ടിയെ കാളിക്ക് ബലിനൽകണമെന്നായിരുന്നു മന്ത്രവാദിനിയുടെ നിർദേശം. വൈകല്യങ്ങളില്ലാത്ത നല്ല പ്രസരിപ്പുള്ളവനായിരിക്കണം ബലിയർപ്പിക്കപ്പെടുന്നവനെന്നും, പേടിക്കേണ്ട, കുട്ടിയെ തിരികെ കിട്ടുമെന്നും അവൾ ഉത്തരവിട്ടു.

ഗനി ഏറെ ആലോചിച്ചില്ല. ഇതിന് പറ്റിയത് തൻെറ മകൻ തന്നെയാണെന്ന് കണ്ടെത്തി. കാളിബലിനടത്തിയാൽ നിധിയും കിട്ടും മകനെ തിരിച്ചുകിട്ടുകയും ചെയ്യും. ഭാര്യയോട് കാര്യങ്ങൾ ഉണർത്തിയപ്പോൾ ആദ്യം വിസമ്മതിച്ചെങ്കിലും സമ്മർദ്ദമേറിയപ്പോൾ സമ്മതം മൂളി.

രക്ഷിതാക്കളുടെ സ്വഭാവത്തിൽ നിന്ന് സംഗതി പിടികിട്ടിയ മകൻ, സ്കൂളിലെ തന്റെ കൂട്ടുകാരോട് ഒരു പക്ഷേ ഇനി നിങ്ങളെന്നെ കാണില്ലെന്ന് പറഞ്ഞിരുന്നു.

ബലി നൽകേണ്ട രാത്രി രക്ഷിതാക്കൾ കുട്ടിയെ വീട്ടിലെ കട്ടിലിൽ പിടിച്ചു കിടത്തി. കാളിയെ തന്നിൽ ആവാഹിച്ച മന്ത്രവാദിനി ഇളകി പറയാൻ തുടങ്ങി. കാളിയുടെ ആദ്യ ആവശ്യം കുട്ടിയുടെ കണ്ണായിരുന്നു. ഉടനെ കണ്ണ് രണ്ടും ചൂഴ്ന്ന് നൽകി. പിന്നെ നാവ് ആവശ്യപ്പെട്ടു. നാവും മുറിച്ചു നൽകി. തുടർന്ന് രക്തവും മലവും ആവശ്യപ്പെട്ടു. ഉദരം കീറി അതും നൽകി. കാളിയുടെ തുള്ളൽ അവസാനിക്കുമ്പോഴേക്ക് കുട്ടിയുടെ ജീവൻ നിലച്ചിരുന്നു. മരിച്ചുവെന്ന് ഉറപ്പുവരുത്തി കുട്ടിയെ വീടിനകത്ത് തന്നെ കുഴിച്ചിട്ടു. രാത്രിയിലെ ശബ്ദകോലാഹലം കേട്ട് സംശയം തോന്നിയ അയൽവാസികൾ പോലീസിൽ പരാതി നൽകി. പോലിസ് എത്തി ചോദ്യം ചെയ്തപ്പോഴാണ് ക്രൂരമായ നരബലിയുടെ ചിത്രം പുറംലോകമറിയുന്നത്.

കിളിമാനൂർ ഹാത്തിമ ഫാർമസി കോളേജിലെ ഒന്നാംവർഷ ഡിഫാം വിദ്യാർത്ഥി ഷാജു (17) ജീവനൊടുക്കിയതിന് പിന്നിൽ പ്രവർത്തിച്ചത് ഒരു ജ്യോത്സ്യന്റെ കരങ്ങളാണ്. രണ്ടു മാസത്തിനകം ഷാജു അപകടത്തിൽ പെട്ട് മരിക്കുമെന്ന ജ്യോത്സ്യന്റെ പ്രവചനം കേട്ട് ഭയന്നാണ് ഈ വിദ്യാർഥി വിഷം കഴിച്ച് ജീവനൊടുക്കിയത്.

കന്യാകുളങ്ങര കൊച്ചാലുമൂട് കുന്ദംപുറത്ത് ഷാജു നിവാസിലെ സൈനുദ്ദീന്റെ മൂത്തമകനായിരുന്നു ഷാജു. പിതാവ് സൈനുദ്ദീൻ കുന്നുമ്മൽ വില്ലേജ് ഓഫീസറും, ഉമ്മ നസീമ കന്യാകുളങ്ങര ഗവ:ഹൈസ്ക്കൂൾ അധ്യാപികയുമായിരുന്നു.

പഠിപ്പിലും കളിയിലുമൊക്കെ മിടുക്കനായിരുന്ന ഷാജുവിന്റെ പ്രകൃതം ജ്യോത്സ്യന്റെ പ്രവചനം കേട്ടതോടെ അപ്പാടെ മാറി. വിരസനും ദു:ഖിതനുമായി കാണപ്പെട്ട ഷാജുവിന് മിണ്ടാട്ടംപോലും നിലച്ചു. സംഭവം അറിഞ്ഞ് കൂട്ടുകാർ പലവട്ടം ഉപദേശിച്ചു നോക്കിയെങ്കിലും ഷാജുവിൽ ഒരു മാറ്റവും ഉണ്ടായില്ല. ഷാജുവിന്റെ മനസ്സിൽ അത്രമാത്രം ആഘാതം സൃഷ്ടിച്ചിരുന്നു ജ്യോത്സ്യന്റെ പ്രവചനം.

രണ്ട് മാസത്തിനകം ഏതെങ്കിലും അപകടത്തിൽപെട്ട് മരിച്ചില്ലെങ്കിൽ തന്നെ വന്ന് കാണണമെന്നും ജ്യോത്സ്യൻ ഷാജുവിനോട് പ്രത്യേകം നിർദേശിച്ചിരുന്നു. എന്നാൽ, അപകട മരണത്തിന് കാത്തുനിന്നില്ല. ഓണാവധിക്ക് വീട്ടിലെത്തിയ ഷാജു അപകടമരണം വിധിച്ച ദിവസത്തിന് തലേന്നാൾ വിഷം കഴിച്ച് മരിക്കുകയാണുണ്ടായത്.

വടകരയിൽ തങ്ങൾ വേഷം കെട്ടിയ വ്യാജസിദ്ധൻ തന്റെ മർദ്ദന ചികിത്സക്കിടയിൽ പിഞ്ചു ബാലനെ കൊലപ്പെടുത്തിയ സംഭവം നടന്നിട്ട് ഏറെയൊന്നു

മായിട്ടില്ല. തൻെറ പ്രാകൃത മുറക്കിടയിൽ കുട്ടിയുടെ ജീവൻ നിലച്ചപ്പോൾ 'റൂഹേ വാ' എന്നു തുടർച്ചയായി ചൊല്ലിയപ്പോഴാണ് കുട്ടി മരിച്ച വിവരം വീട്ടുകാർ അറിയുന്നത്. ഇയാളെ പിടിച്ച് പോലീസിലേൽപിച്ചപ്പോൾ ജീവിക്കാനായി വേഷം കെട്ടിയതായിരുന്നുവെന്ന് ഇയാൾ തുറന്ന് പറയുകയുണ്ടായി.

ജിന്ന് ബീവികളുടെയും മറ്റ് സിദ്ധന്മാരുടെയും ലോകം നിഗൂഢത നിറഞ്ഞതാണ്. ചില ദിവ്യന്മാരുടെ ചാലക ശക്തിതന്നെ അധോലോക റാക്കറ്റാണ്. സഹായികളായി മറ്റു തൊഴിലൊന്നുമില്ലാത്ത കുറെ തടിയന്മാരില്ലാത്ത ദിവ്യന്മാർ വിരളമാണ്.

ദിവ്യത്വം ചമഞ്ഞ് രംഗത്ത് വരുന്നവരിൽ ബഹുഭൂരിഭാഗവും നേരത്തെ പല തൊഴിലും പയറ്റി പരാജയപ്പെട്ടവരായിരിക്കും. മറ്റ് തൊഴിലിലുണ്ടായ പരാജയമാണ് ഇവരെ ഈ ഏർപ്പാടിലേക്ക് (ദിവ്യത്വത്തിലേക്ക്)എത്തിച്ചതെന്നാണ് ഇത് സംബന്ധിച്ച് അന്വേഷിച്ചിറങ്ങിയപ്പോൾ അറിയാൻ കഴിഞ്ഞത്. സ്വൽപം യുക്തിയുണ്ടെങ്കിൽ തടിയനക്കാതെ സമ്പന്നനാവാനും സുഖിക്കാനും ഇതിലും പറ്റിയ മറ്റൊരേർപ്പാടുമില്ല. കുത്തഴിഞ്ഞ ലൈംഗികതയാണ് പല ദിവ്യകേന്ദ്രങ്ങളുടെയും മുഖമുദ്ര.

ഇറച്ചിക്കച്ചവടക്കാരനായിരുന്ന വെള്ളിമാടുകുന്നിലെ മമ്മദ് കോയ സിദ്ധനായി എം.കെ.എം. കോയ തങ്ങളാവുന്നത് കച്ചവടത്തിൽ നേട്ടമില്ലാതെ വന്നപ്പോഴാണ്. തൻെറ പെങ്ങളെ ബാധിച്ച ജിന്ന് തന്നിലേക്ക് ആവാഹിച്ചെന്നും പറഞ്ഞ് ദിവ്യത്വം അവകാശപ്പെട്ട ഇയാൾ നാട്ടിൽ ചികിത്സ തുടങ്ങി. നാട്ടിൽ നിന്ന് കാര്യമായ പ്രതികരണമൊന്നും ഉണ്ടായില്ല. കാരണം അവർക്ക് മമ്മദ് കോയയെക്കുറിച്ച് നേരത്തെ അറിയാമല്ലോ. എങ്കിലും പുറത്തുനിന്ന് കുറെ കേസുകൾ കിട്ടിക്കൊണ്ടിരുന്നു. മാനസികരോഗങ്ങൾക്ക് അടി ചികിത്സയായിരുന്നു ഇവിടെയും.

നാട്ടിൽ നിന്നാൽ ഈ ഏർപ്പാട് വിജയിക്കില്ലെന്നു കണ്ട ഇയാൾ തൻെറ ലാവണം കോഴിക്കോട് കടപ്പുറം ഏരിയയായ ഇടിയങ്ങര പരപ്പിൽ ഭാഗത്തേക്ക് മാറ്റി. അവിടെയും കാര്യമായ പ്രതികരണമൊന്നുമുണ്ടാക്കിയില്ല. അവിടെ ശൈഖിൻെറ ജാറവും വേറെയും ദിവ്യന്മാരുമുള്ളതായിരുന്നു കാരണം.

തൻെറ ഏർപ്പാടിന്ന് ഏറ്റവും യോജിച്ച മണ്ണ് മലപ്പുറമാണെന്ന് മനസ്സിലാക്കിയ മമ്മദ്കോയ അവിടേക്ക് കടന്നു. മലപ്പുറത്ത് ഏത് കോണിലും ഇന്ന് ഇയാൾ 'വെള്ളിമാടുകുന്ന് തങ്ങൾ' എന്ന പേരിൽ പ്രസിദ്ധനാണ്. ജില്ലയിൽ ഒട്ടേറെ സ്ഥലങ്ങളിൽ ബ്രാഞ്ചുള്ള തങ്ങൾക്ക് മഞ്ചേരി തൃപ്പനച്ചിയിലും, പുലാമന്തോളും മാളിക വീടുകളുണ്ട്. ജില്ലയിൽ പല ഭാഗത്തും ഇയാളുടെ സിദ്ധികൾ പറഞ്ഞു പ്രചരിപ്പിക്കാൻ ആരാധികമാരായ ബീവിമാരുമുണ്ട്.

വള്ളുവമ്പ്രത്തിനടുത്ത് അത്താണിക്കലുള്ള ബീവിയിൽ നിന്നാണ് വെള്ളിമാടുകുന്ന് തങ്ങളുടെ കറാമത്തുകളെക്കുറിച്ച് അറിഞ്ഞത്. ഈ ബീവിയും സാധാരണക്കാരിയല്ല. അത്യാവശ്യം ചികിത്സയും ആഴ്ചയിൽ ദിക്ർ ഹൽഖയും കൊ

ല്ലത്തിൽ രണ്ടുതവണ വലിയ നേർച്ചയും നടത്തുന്ന ബീവിയാണ്. ചൊവ്വാഴ്ച വൈകിട്ട് പുലാമന്തോളിൽ തങ്ങളുണ്ടാവുമെന്നും അന്ന് രാത്രിയാണ് അവിടെ ദിക്ർ ഹൽഖയും മഹാളറയുമെന്നും, നിങ്ങളുടെ പ്രശ്നങ്ങൾ തങ്ങളെ കണ്ട് അവിടെ വെച്ച് പറഞ്ഞാൽ മതിയെന്നും പറഞ്ഞ് എന്നെ അങ്ങോട്ട് റഫർ ചെയ്തു. ഈ ബീവിയും എല്ലാ ആഴ്ചയും ഇവിടെ സന്ദർശകയാണ്.

സന്ധ്യാസമയത്ത് തങ്ങളുടെ വീടിനടുത്ത് എത്തിയപ്പോൾ കണ്ട കാഴ്ച അത്ഭുതപ്പെടുത്തുന്നതായിരുന്നു. സ്ത്രീകളും കുട്ടികളും പുരുഷന്മാരുമടങ്ങുന്ന സംഘങ്ങൾ അങ്ങോട്ട് പ്രവഹിക്കുകയാണ്. ഒട്ടുമിക്ക പേരുടെയും പക്കൽ വലിയ പൊതിയുമുണ്ട്.

ദിക്ർ ഹൽഖയിലേക്ക് നേർച്ച നേർന്ന സാധനങ്ങളാണെന്ന് പിന്നീടാണ് അറിഞ്ഞത്. ചിലരുടെ പക്കൽ അരിയാണെങ്കിൽ വേറെ ചിലരുടെ പക്കൽ നെയ്യാണ്. പഞ്ചസാരയും ചായപ്പൊടിയുമൊക്കെ കൊണ്ടുവരുന്നവരുമുണ്ട്. വീടിന് മുമ്പിലെ റോഡ് കാറും ജീപ്പും വാനുംകൊണ്ട് നിറഞ്ഞിരിക്കുകയാണ്.

വരാന്തയിൽ വിരിച്ച കിടക്കയിലാണ് തങ്ങൾ ഉപവിഷ്ടനായിരിക്കുന്നത്. വരുന്നവരൊക്കെ തങ്ങളുടെ ദർശനം കിട്ടാൻ 'ക്യൂ' നിൽക്കുകയാണ്. ആണിനും പെണ്ണിനും വേറെ വേറെയാണ് ക്യൂ. സ്ത്രീകളുടെ 'ക്യൂ'വിന്നാണ് കൂടുതൽ നീളം. ആഗതരിൽ എഴുപത്തിയഞ്ച് ശതമാനവും സ്ത്രീകളാണ്. കൂടുതലും യുവതികളും മധ്യവയസ്കരും.

ക്യൂവിലുള്ളവർ മുമ്പിലെത്തിയാൽ ആണായാലും പെണ്ണായുലം ആദ്യം തങ്ങളുടെ കൈ പിടിച്ച് മുത്തും. ഇതിനുമുമ്പേ നേർച്ച വസ്തുക്കൾ തങ്ങളെ ഏൽപ്പിക്കും. എന്നിട്ട് ചെറുതായി പ്രശ്നങ്ങൾ പറയും. അപ്പോൾ തങ്ങൾ ആണിനെയും പെണ്ണിനെയും നെറ്റിയിലും തലയിലും തടവി അനുഗ്രഹിക്കും. അപ്പോഴേക്കും മുമ്പിലുള്ള് ചെമ്പിൽ നിന്നും ഗ്ലാസിൽ വെള്ളമെടുത്ത് ഒരു സഹായി തങ്ങൾക്ക് കൊടുക്കും. തങ്ങൾ ഇതിൽ നന്നായി ഊതി കുടിക്കാൻ കൊടുക്കും. അപ്പോഴേക്കും മറ്റൊരു സഹായി മുറിച്ചുവെച്ച നൂലിൽ നിന്നും ഒന്ന് തങ്ങൾക്ക് കൊടുക്കും. തങ്ങൾ ഇതിലും ഊതി, ആദ്യം കൊടുത്ത വെള്ളം കുടിച്ചു കഴിയുമ്പോഴേക്കും രോഗിക്ക് കൊടുക്കും. നൂൽവാങ്ങുമ്പോൾ രോഗി കീശയിലുള്ളത് തങ്ങൾക്ക് കൈമടക്കുന്നു. ഇപ്രകാരം കൈയിലെ മോതിരം വരെ ഊരിക്കൊടുത്ത യുവതികളെ കാണാനിടയായി.

തങ്ങളുടെ ദർശനം കിട്ടിക്കഴിഞ്ഞാൽ ഓരോരുത്തരും വീടിന് മുകളിലുള്ള ടെറസ്സിൽ കയറുകയായി. ഇവിടെയാണ് ദിക്ർ ഹൽഖ. മഴയെ തടുക്കാൻ ഇവിടെ ഷെഡ് കെട്ടിയിട്ടുണ്ട്. ആണിനും പെണ്ണിനും വേർതിരിവൊന്നുമില്ല. ഒന്നിച്ചിരുന്ന് വേണമെങ്കിൽ ദിക്ർ ചൊല്ലാം.

തങ്ങളെ ദർശിക്കേണ്ടവരുടെ 'ക്യൂ' അവസാനിക്കുമ്പോൾ രാത്രി ഏതാണ്ട് ഒമ്പത് മണിയാവും. തുടർന്ന് ഏതാണ്ട് കുറേ നേരത്തെക്ക് ഇടവേളയാണ്. അ

പ്പോഴാണ് ആദ്യത്തെ ഭക്ഷണം. മിക്കപ്പോഴും പൊറോട്ടയും ഇറച്ചിയും. ഇത് എല്ലാവർക്കും തങ്ങൾ തന്നെ നൽകും. ആണും പെണ്ണും ഇത് വരി നിന്ന് വാങ്ങും.

തുടർന്ന് പതിനൊന്ന് മണിയോടെ രണ്ടാമത്തെ സെഷൻ ആരംഭിക്കും. ഇത് ഏതാണ്ട് വെളുപ്പിന് 5 മണിവരെ നീളും. ദിക്ർ ഹൽഖയിലോ നമസ്കാരത്തിലോ ഒന്നും തന്നെ തങ്ങൾ പങ്കെടുക്കില്ല. കാരണം, അദ്ദേഹം ഇതിൽ നിന്നൊക്കെ അതീതനാണല്ലോ. ഒമ്പത് മണിക്കുള്ള ആദ്യഭക്ഷണം കൊടുത്തുകഴിഞ്ഞാൽ വീടിനകത്ത് പോവുന്ന തങ്ങൾ പിന്നെ പുറത്ത്വരിക വെളുപ്പിന് അഞ്ച് മണിക്ക് രണ്ടാമത്തെ ഭക്ഷണം വിതരണം ചെയ്യാനാണ്.

എല്ലാവരും ഒന്നിച്ചിരുന്ന് ആരംഭിക്കുന്ന ദിക്ർഹൽഖ ഒരു ഘട്ടം പിന്നിട്ടാൽ, പിന്നെ എഴുന്നേറ്റ് നിന്നായിരിക്കും ദിക്ർ ചൊല്ലുക. തുടർന്ന് ആടിയും പാടിയും ദിക്ർഹൽഖ നീണ്ടുപോവും. ജീലാനി ദിക്ർ ചൊല്ലുമ്പോൾ ആട്ടം ഏതാണ്ട് ബ്രേക്ക്ഡാൻസ് രൂപത്തിലായിരിക്കും. ആണും പെണ്ണും ഒന്നിച്ചുള്ള ഈ പരിപാടി മതത്തിന്റെ പേരിലാണ്.

ദിക്ർ ഹൽഖക്ക് നേതൃത്വം നൽകുന്ന തങ്ങളുടെ പ്രധാന മുരീദിനെ(ശിഷ്യൻ) ഏറെ സമയവും കാണാൻ കഴിഞ്ഞത് സ്ത്രീകൾക്കിടയിലാണ്. സ്റ്റൈലനായി നടക്കുന്ന ഇയാൾ രാത്രി പലതവണ വസ്ത്രം മാറുന്നുണ്ടായിരുന്നു. ഈ മുരീദ് ഇപ്പോൾ പുലാമന്തോളിന്നടുത്ത് തങ്ങളെപ്പോലെ ചികിൽസ തുടങ്ങിയിട്ടുണ്ട്. വെള്ളിയാഴ്ച ഉച്ചക്കാണ് മമ്മദ്കോയ തങ്ങളുടെ പരിശോധന. ഈ പരിശോധനയിലാണ് തങ്ങൾ ആളുകളെ ദിക്ർ ഹൽഖയിലേക്ക് റഫർ ചെയ്യുക. ഓരോ രോഗത്തിന്നും വെള്ളത്തിനും നൂലിനും പുറമെ ഇത്ര ആഴ്ച ദിക്ർ ഹൽഖയിൽ പങ്കെടുക്കണമെന്നതാണ് പഥ്യം.

തൃശൂരിലെ പെരുമ്പിലാവിൽ നിന്ന് മുന്നു വയസ്സായ കുഞ്ഞിനെയും കൊണ്ടുവന്ന മാതാവിന് കുട്ടിക്ക് വയസ്സനുസരിച്ച് ബുദ്ധി വികസിക്കുന്നില്ല എന്നായിരുന്നു പരാതി. തങ്ങളെ കാണിച്ചപ്പോൾ 47 ആഴ്ച കുട്ടിയെയുമായി ദിക്ർ ഹൽഖയിൽ പങ്കെടുക്കാനാണ് വിധിച്ചത്. ഒപ്പം ഡോക്ടറുടെ ചികിത്സ തുടരുന്നതിൽ കുഴപ്പമൊന്നുമില്ലെന്നും തങ്ങൾ പ്രത്യേകം പറഞ്ഞിട്ടുണ്ട്. 21 ആഴ്ചയായി ഇപ്പോൾ എല്ലാ ചൊവ്വാഴ്ചയും ഇവർ കുട്ടിയേയുമായി കാറിൽ ഇതിന് എത്തിക്കൊണ്ടിരിക്കുകയാണ്. 61 ആഴ്ചയും 75 ആഴ്ചയും ദിക്റിന് വരാൻ വിധിക്കപ്പെട്ട പ്രായംചെന്ന ഒട്ടേറെ രോഗികൾ മമ്മദുകോയക്ക് ചുറ്റം കറങ്ങി ജീവിതം തുലക്കുന്നു. ഒറ്റ ആഴ്ചയും ദിക്ർ ഹൽഖ മുടങ്ങരുതെന്ന് ഇവർക്ക് പ്രത്യേകം നിർദേശമുണ്ട്.

ഇപ്രകാരം എല്ലാ ആഴ്ചയിലും ഇവിടെ വരാൻ വിധിക്കപ്പെട്ടവരാണ് ഇവിടേക്ക് പുതിയ പുതിയ ആൾക്കാരെ എത്തിച്ചുകൊണ്ടിരിക്കുന്നത്. കാരണം പുതിയ ആളെ കിട്ടുമ്പോൾ അവർക്ക് പുതിയ കൂട്ടാളികളെ ലഭിക്കുന്നു.

പുലാമന്തോളിലെ മഹല്ല് കമ്മിറ്റി ഈ തങ്ങൾക്ക് പൂർണമായും എതിരാ

ണ്. ഇരുവിഭാഗം സുന്നി പണ്ഡിതരും ഇയാൾ വ്യാജനാണെന്ന് ഫത്വ ഇറക്കിയിട്ടുണ്ട്. നമസ്കരിക്കാതിരിക്കുന്നതും സ്ത്രീകളോടുള്ള പെരുമാറ്റ രീതികളുമാണ് മഹല്ല് ഇയാളെ വെടിയാൻ കാരണം. പുലാമന്തോൾ മഹല്ല് ഖാദി മമ്മദുകോയയോട് ഇത് സംബന്ധിച്ച് ചോദിച്ചപ്പോൾ അയാൾ മൗനിയായി നിൽക്കുകയാണത്രെ ചെയ്തത്.

അഞ്ചുനേരത്തെ നിർബന്ധ നമസ്കാരം പോലും അയാൾ അനുഷ്ഠിക്കാത്തതിനെക്കുറിച്ച് ചോദിച്ചപ്പോൾ തങ്ങൾക്കുവേണ്ടി 40 ജിന്നുകൾ ഹറമിൽ നമസ്കരിക്കുന്നുണ്ടെന്നായിരുന്നു മറുപടി.


നാട്ടുകാരുടെയും മഹല്ലിൻെറയും ഭ്രഷ്ട് ഉണ്ടായിട്ടും മമ്മദുകോയ പുലാമന്തോളിൽ ആധിപത്യം സ്ഥാപിച്ചുവരികയാണ്. മലപ്പുറത്ത് സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഒരു ഡോക്ടറാണ് ഇതിന് എല്ലാവിധ സഹായവും ചെയ്തുകൊടുക്കുന്നത്. ഈ ഡോക്ടറുടെ വീട്ടിലാണ് ഇപ്പോൾ ദിക്ർ പരിപാടി അരങ്ങേറുന്നത്. ഇപ്പോൾ കൂറ്റൻകെട്ടിടം ഉയരുന്നതും ആ പറമ്പിൽ തന്നെയാണ്. ഇവർ തമ്മിലുള്ള ബിസിനസ്സ് ധാരണ ഏത് നിലക്കാണെന്ന് വ്യക്തമല്ല. ഏതായാലും തൻെറയടുത്തെത്തുന്ന ഒട്ടേറെ രോഗികളെ ഡോക്ടർ തങ്ങളുടെ അടുത്തേക്ക് റഫർ ചെയ്യുന്നു. ഇദ്ദേഹത്തിൻെറയും കുടുംബത്തിൻെറയും താങ്ങാണ് ഈ തങ്ങൾക്ക് പുലാമന്തോളിൽ തണലാകുന്നത്.

ദിക്ർ പരിപാടിയിലേക്ക് നേർച്ചയായി ലഭിക്കുന്ന ആട്മാടുകളെ നോക്കാനെന്ന പേരിൽ 15-ഓളം ബാലന്മാരെ ഈ വീട്ടിൽ താമസിപ്പിക്കുന്നുണ്ട്. സഹായികൾ ഇതിന് പുറമെ.

ഏതായാലും വെള്ളിമാടുകന്നിലെ മമ്മദുകോയ സിദ്ധൻ തഴച്ചുവളരുകയാണ്. തൃശൂർ ജില്ല യിലെ പെരുമ്പിലാവിൽ വരെ ഇതിനകം ബ്രാഞ്ച് സ്ഥാപിച്ചു കഴിഞ്ഞു. വിശ്വാസത്തിന് പകരം അന്ധവിശ്വാസികളായ ജനത ഉള്ളിടത്തോളം കാലം ഇവർക്കൊന്നും പേടിക്കാനുമില്ല. മമ്മദുകോയ മാത്രമല്ല എത്രയെങ്കിലും സിദ്ധന്മാർക്ക്ഈ മണ്ണ് വളക്കൂറുള്ള മണ്ണാണ്. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ചിറ കെട്ടി നിർത്താൻ സമുദായത്തിലെ യാഥാസ്ഥിതിക വിഭാഗം തറ്റുകെട്ടി ഇറങ്ങി കോളേജുകളും കോംപ്ലക്സുകളും നിർമിക്കുമ്പോൾ ആ ചെളിവെള്ളത്തിൽ നിന്ന് ഇത്തരം കൊതുകുകൾ ചിറക് വിരുത്തി പറക്കുന്നു.

മാധ്യമം
96 സപ്തംബർ 13

ംസ്
സായാഹ്ന ദിനപത്രം
1992
ജനുവരി 16 വ്യാഴം ലക്കം 126 പുസ്തകം 12



# ഇവിടെ കറാമത്തുകൾ വീണ്ടും നിറംപകരുന്നു

കുന്നത്തൂർ രാധാകൃഷ്ണൻ

കോഴിക്കോട്: കറാമത്തുകൾ കൊണ്ട് അമ്പരപ്പിച്ച പുണ്യ പുരുഷൻെറ സ്മരണയിൽ ഇസ്ലാമിക വിശ്വാസികൾ ഒരിക്കൽകൂടി ഒത്തുചേരുന്നു.

മലബാറിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമായ ഇടിയങ്ങര ശൈഖിൻെറ പള്ളിയിൽ ശനിയാഴ്ച ആരംഭിക്കുന്ന ചരിത്രപ്രസിദ്ധമായ അപ്പവാണിഭ നേർച്ചക്ക് വേണ്ടി കടലോരഗ്രാമങ്ങൾ ഒരുങ്ങി.

കടലോരപ്രദേശങ്ങളായ കുറ്റിച്ചിറയും കുണ്ടുങ്ങലും പള്ളിക്കണ്ടിയും മുഖദാറും ആണ്ടുനേർച്ചയുടെ ലഹരിയിൽ അമർന്നിരിക്കുകയാണ്.

ശനിയാഴ്ച മലബാറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ആയിരക്കണക്കിന് തീർത്ഥാടകർ ഇടിയങ്ങരയിലേക്ക് പ്രവഹിക്കുന്നതോടെ ശൈഖിന്റെ പള്ളി വമ്പിച്ച ഇസ്ലാമിക സംഗമത്തിന് സാക്ഷ്യം വഹിക്കും. മനസ്സും ശരീരവും ശുദ്ധമാക്കി പള്ളിമഖാമിലമർപ്പിച്ചാൽ തങ്ങളുടെ ദുരിതങ്ങൾ നീങ്ങുമെന്ന് വിശ്വാസികൾ കരുതുന്നു. വിശ്വാസികൾക്ക് പള്ളിയിൽ അർപ്പിക്കാനുള്ള, അപ്പവാണിഭ നേർച്ചക്ക് ഹരംപകരുന്ന, വിവിധയിനം അപ്പങ്ങൾ കടലോരങ്ങളിലെ വീടുകളിൽ തിരക്കിട്ട് പൂർത്തിയാക്കുകയാണ് സ്ത്രീകളും കുട്ടികളും.

ശൈഖ് മുഹമ്മദ് ബിൽ അലാഉദ്ദീനുൽ ഹിമ്മസിയുടെ നാനൂറ്റിമുപ്പത്തി രണ്ടാമത് ആണ്ടുനേർച്ചയാണ് ഇത്തവണ കൊണ്ടാടുന്നത്.

[illegible] ന്റെ മകനായി നൂറ്റാണ്ടുകൾക്ക് മുമ്പ് ഇവിടെ പിറന്ന ശൈഖ് മുഹമ്മദ് ബിൻ അലാഉദ്ദീനുൽ ഹിമ്മസി തങ്ങളുടെ അൽഭുത സ്മരണയിലാണ് അപ്പവാണിഭ നേർച്ച കൊണ്ടാടപ്പെടുന്നത്.

ഒരു ജനതയുടെ സ്വപ്നങ്ങൾക്ക് ഇന്നും നിറം ചാർത്തുന്ന ഒട്ടനവധി കറാമത്തുകളിലാണ് ആ പുണ്യപുരുഷന്റെ അസ്തിത്വം നില കൊള്ളുന്നത്.

ഒരിക്കൽ ശൈഖ് തങ്ങളുടെ വസതിയിൽ കുറെ അതിഥികൾ എത്തിചേർന്നു. അവർക്കെല്ലാം വിശപ്പടക്കാനുള്ള ഭക്ഷണം തങ്ങളുടെ കൈവശമില്ലായിരുന്നു. ഉണ്ടായിരുന്ന ഭക്ഷണം ഒരുകൊച്ചു പാത്രത്തിൽ വെച്ച് തങ്ങൾ അതിഥികളോട് കഴിച്ചുകൊള്ളാൻ പറഞ്ഞു. അതിഥികൾ മുഴുവൻ വിശപ്പടക്കിയിട്ടും പാത്രത്തിലെ ഭക്ഷണം അതുപോലെതന്നെ ഉണ്ടായിരുന്നു എന്നാണ് കറാമത്തുകളിലൊന്ന്. തന്റെ മയ്യത്ത് പുതിയങ്ങാടി ഖാസി കുളിപ്പിക്കണമെന്നായിരുന്നുവത്രെ തങ്ങളുടെ ആഗ്രഹം. ഖാസി മയ്യത്ത് കുളിപ്പിക്കുമ്പോൾ തങ്ങൾ കണ്ണുതുറന്നുനോക്കി എന്നാണ് മറ്റൊരു കറാമത്ത്.

ശൈഖ് മുഹമ്മദ് ബിൽ അലാഉദ്ദീനുൽ ഹിമ്മസി തങ്ങളെ അടക്കം ചെയ്തത് നേരത്തെ കണ്ണമ്പറമ്പ് ശ്മശാനത്തിലായിരുന്നുവത്രെ. ഒരു നൂറ്റാണ്ടിന് ശേഷം കാറ്റും മഴയുമുള്ള ഒരു രാത്രിയിൽ പ്രദേശത്തുകാർ ഒരു കൂട്ടസ്വപ്നം കണ്ടു. തന്റെ മയ്യത്ത് തിരമാലകൾ കടലിലേക്കൊഴുക്കുമെന്നും അതിനാൽ ഉടൻ മയ്യത്ത് മറ്റൊരിടത്ത് മാറ്റി കുഴിച്ചിടണമെന്നും തങ്ങൾ പറഞ്ഞതായിട്ടായിരുന്നു സ്വപ്നം. നാട്ടുകാർ തങ്ങളുടെ മയ്യത്ത് പുറത്തെടുത്തപ്പോൾ അതിന് യാതൊരു കോട്ടവും സംഭവിച്ചിരുന്നില്ലത്രെ. മയ്യത്ത് പൊക്കാൻ പലരും ശ്രമിച്ചെങ്കിലും യത്നം പരാജയപ്പെടുകയാണുണ്ടായത്. എന്നാൽ ഇടിയങ്ങരക്കാർ അക്കാര്യത്തിൽ വിജയിച്ചു. അവർ മയ്യത്ത് ഇടിയങ്ങരയിൽ കൊണ്ടുപോയി സംസ്കരിച്ചു. തങ്ങൾ അന്ത്യവിശ്രമം കൊള്ളുന്ന മഖാമിലാണ് ചരിത്രപ്രസിദ്ധമായ പള്ളി തല ഉയർത്തി നിൽക്കുന്നത്.

നാട്ടിന്റെ നാനാഭാഗങ്ങളിൽ നിന്നെത്തുന്ന വിശ്വാസികൾ ഇവിടെ സ്വയം അർപ്പിക്കുന്നു. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന അപ്പവാണിഭ നേർച്ച തിങ്കളാഴ്ച അവസാനിക്കുന്നതോടെ ശൈഖിന്റെ പള്ളിയിലെ ഇസ്ലാമിക സംഗമത്തിന് തിരശ്ശീല വീഴും.

മാതൃഭൂമി – 25-5-1982



# എല്ലാവർക്കും വേണ്ടി ഒരു ദേവാലയം

കോഴിക്കോട്: അലറിപ്പായുന്ന വാഹനങ്ങളുയർത്തുന്ന ശബ്ദകോലാഹലങ്ങൾക്കിടയിൽ ഒരു കൊച്ചുശാന്തി കുടീരം. ആത്മാവിന്റെ നോവുകൾ അവിടെ ആശ്വാസം തേടുന്നു. ജാതിമത സ്ത്രീ പുരുഷ ഭേദമെന്യേ ആരാധകർക്കവിടെ ഉള്ളുരുകി പ്രാർത്ഥിക്കാൻ സ്വാതന്ത്ര്യമുണ്ട്. ആനയോ അമ്പാരിയോ വാദ്യമേളങ്ങളോ ഉത്സവമോ നിത്യപ്പൂജ നിവേദ്യാദികളോ ഇല്ലാതെ ആളുകളെ നിത്യേന ആ കൊച്ചു ദേവാലയം ആകർഷിക്കുന്നു.

മാവൂർ റോഡ് ജങ്ഷന് സമീപമുള്ള കരിശുപള്ളി ഈ കാലഘട്ടത്തിലെ അത്ഭുതങ്ങളിൽ ഒന്നു തന്നെ.

വരപ്രാപ്തി, ഉദ്യോഗലബ്ധി, സന്താനഭാഗ്യം, രോഗവിമുക്തി, ദുരിതനിവാരണം എന്നിവക്കായി അവിടെ വിശ്വാസികൾ മനമുരുകി പ്രാർത്ഥിക്കുന്നു. ഫലപ്രാപ്തിയുടെ കഥകൾ നിരവധിയുണ്ട്.

ആരാധകരിൽ സ്ത്രീകളാണ് ഭൂരിപക്ഷം. പുറമേസ്സ് കൃസ്തീയ മുഖച്ഛായയുള്ള ഈ ആരാധനാലയത്തിന്റെ അകവും പുറവും വെള്ളിയാഴ്ച പ്രാർത്ഥനക്കാരെക്കൊണ്ട് നിറഞ്ഞു കവിയുന്നു.

കരിശടയാളമുള്ള കൃഷ്ണ ശിലയും കൃസ്തീയ ദേവതാ രൂപങ്ങളും അഖണ്ഡമതബന്ധത്തിന്റെയും സംസ്കാര സമന്വയത്തിന്റെയും പ്രതീകങ്ങളായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ശ്രീലകത്ത് മെഴുകുതിരികളും നിലവിളക്കും പ്രകാശം പരത്തുന്നു.

വിദൂരങ്ങളിൽ നിന്നു പോലും മുസ്ലീം സ്ത്രീകളുൾപ്പെടെ നിരവധിപേർ മനശ്ശാന്തി തേടി ഇവിടെ എത്തിക്കൊണ്ടിരിക്കുന്നു. അന്യഥാ, ബോധമില്ലാതെ, ജാതിസ്പർദ്ധയില്ലാതെ.


അമ്മയുടെ തിരുനടയിൽ ഓർമ്മകളുമായി

ബീമാ പള്ളി ഉറൂസ് തുടങ്ങി

കൊടുങ്ങല്ലൂർ ഭരണിയുത്സവം സമാപിച്ചു

നരബലി നിധിക്കുവേണ്ടി

തലകുത്തനെ നിർത്തി

കുഴിയിൽ മണ്ണിട്ടുമൂടി

എങ്ങും പെരുകുന്ന

ഇത്തരം പത്രവാർത്തകളാണ് ഈ പുസ്തകമെഴുതാൻ എന്നെ പ്രേരിപ്പിച്ചത്. പ്രവാചകന്മാരുടെയും സാലിഹുകളുടെയും കാൽപാടുകൾ പിന്തുടരുന്നവർക്ക് ഇത് മാർഗ്ഗദർശകമാകുമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

بسم الله الرحمن الرحيم

الحمد لله رب العالمين والصلاة والسلام على محمد أشرف المرسلين وآله وصحبه أجمعين

മനുഷ്യജീവിതം സുഖദുഃഖ സമ്മിശ്രമാണ്. സുഖത്തിൽ അല്ലാഹുവിന് കൂടുതൽ നന്ദികാണിക്കുവാനും ദു:ഖത്തിൽ അതിൽ നിന്ന് മോചനം ലഭിക്കാൻ അല്ലാഹുവിനോട് മാത്രം പ്രാർത്ഥിക്കുവാനും അവൻ കൽപ്പിക്കുന്നു. മർമ്മപ്രധാനമായ ഈ വിഷയം പഠിപ്പിക്കുകയായിരുന്നു അഖില പ്രവാചകന്മാരുടെയും പ്രവർത്തനങ്ങളിൽ പ്രധാനം. ലക്ഷ്യസാഫല്യത്തിനുള്ള പ്രാർത്ഥന അല്ലാഹുവിനോടു മാത്രമേ പാടുള്ളൂ. അതിൽ ആരെയും മദ്ധ്യവർത്തികളാക്കാൻ പാടില്ല എന്ന് ഉപദേശിക്കുക മാത്രമല്ല, സ്വന്തം ജീവിതപ്രശ്നങ്ങളുടെ പരിഹാരാർത്ഥം അവർ പ്രാവർത്തികമായി അതു കാണിച്ചുതരിക കൂടി ചെയ്തിട്ടുണ്ട്.

പ്രാവചകന്മാരുടെ പ്രവർത്തനപാതയാണ് സത്യവിശ്വാസികൾ പിൻപറ്റേണ്ടത്. പതിനെട്ട് പ്രവാചക പ്രവരന്മാരുടെ നാമങ്ങൾ ക്വുർആൻ എടുത്തുപറഞ്ഞ ശേഷം, അവർ കാണിച്ചുതന്ന സന്മാർഗ്ഗം നീ പിൻപറ്റുകയെന്ന് അല്ലാഹു ഉണർത്തുന്നു. ക്വുർആൻെറ പ്രഖ്യാപനം നോക്കുക:

وَتِلْكَ حُجَّتُنَا آتَيْنَاهَا إِبْرَاهِيمَ عَلَى قَوْمِهِ نَرْفَعُ دَرَجَاتٍ مَنْ نَشَاءُ إِنَّ رَبَّكَ حَكِيمٌ عَلِيمٌ. وَوَهَبْنَا لَهُ إِسْحَاقَ وَيَعْقُوبَ كُلًّا هَدَيْنَا وَنُوحًا هَدَيْنَا مِنْ قَبْلُ وَمِنْ ذُرِّيَّتِهِ دَاوُدَ وَسُلَيْمَانَ وَأَيُّوبَ وَيُوسُفَ وَمُوسَى وَهَارُونَ وَكَذَلِكَ نَجْزِي الْمُحْسِنِينَ. وَزَكَرِيَّا وَيَحْيَى وَعِيسَى وَإِلْيَاسَ كُلٌّ مِنَ الصَّالِحِينَ. وَإِسْمَاعِيلَ وَالْيَسَعَ وَيُونُسَ وَلُوطًا وَكُلًّا فَضَّلْنَا

عَلَى الْعَالَمِينَ. وَمِنْ آبَائِهِمْ وَذُرِّيَّاتِهِمْ وَإِخْوَانِهِمْ وَاجْتَبَيْنَاهُمْ وَهَدَيْنَاهُمْ إِلَى صِرَاطٍ مُسْتَقِيمٍ . ذَٰلِكَ هُدَى اللَّهِ يَهْدِي بِهِ مَنْ يَشَاءُ مِنْ عِبَادِهِ وَلَوْ أَشْرَكُوا لَحَبِطَ عَنْهُمْ مَا كَانُوا يَعْمَلُونَ. أُولَٰئِكَ الَّذِينَ آتَيْنَاهُمُ الْكِتَابَ وَالْحُكْمَ وَالنُّبُوَّةَ فَإِنْ يَكْفُرْ بِهَا هَٰؤُلَاءِ فَقَدْ وَكَّلْنَا بِهَا قَوْمًا لَيْسُوا بِهَا بِكَافِرِينَ. أُولَٰئِكَ الَّذِينَ هَدَى اللَّهُ فَبِهُدَاهُمُ اقْتَدِهْ

(الأنعام ٨٣ – ٩٠)

"ഇബ്രാഹീമിന് അവൻെറ ജനതക്കെതിരിൽ നാം നൽകിയ നമ്മുടെ ന്യായ വാദമായിരുന്നു അത്. നാം ഉദ്ദേശിക്കുന്നവരെ നാം പദവികൾ ഉയർത്തുന്നു. തീർച്ചയായും നിൻെറ നാഥൻ പരമ തന്ത്രജ്ഞനും അഗാധജ്ഞാനിയുമാണ്. അവന് നാം ഇസ്ഹാക്വിനെയും യഅ്ക്വൂബിനെയും കനിഞ്ഞു നൽകി. ഓരോരുത്തരെയും നാം നേർവഴിയിലാക്കി. നൂഹിനെ മുമ്പ് തന്നെ സന്മാർഗ്ഗത്തിലാക്കി. അദ്ദേഹത്തിൻെറ സന്താനങ്ങളിൽ നിന്ന് ദാവൂദ്, സുലൈമാൻ, അയ്യൂബ്, യൂസുഫ്, മൂസാ, ഹാറൂൻ എന്നിവരെയും നാം നേർവഴിയിലാക്കി. നിഷ്കളങ്കമായി പ്രവർത്തിക്കുന്നവർക്ക് അപ്രകാരം നാം പ്രതിഫലം കൊടുക്കുന്നതാണ്. സക്കരിയ്യാ, യഹ്‌യാ, ഈസാ, ഇൽയാസ് എന്നിവരെയും നാം (നേർവഴിയിലാക്കി). ഇവരെല്ലാവരും സജ്ജനങ്ങളിൽ പെട്ടവരാകുന്നു. ഇസ്മാഈൽ, അൽയസഅ്, യൂനുസ്, ലൂത്ത് എന്നിവരെയും (നാം നേർവഴിയിലാക്കി). ഇവരെയെല്ലാം ലോകരേക്കാൾ നാം ശ്രേഷ്ഠരാക്കി. അവരുടെ പിതാക്കൾ, അവരുടെ സന്താനങ്ങൾ, അവരുടെ സഹോദരന്മാർ എന്നിവരിൽ ചിലരെയും (നാം ശ്രേഷ്ഠരാക്കി). അവരെ നാം തിരഞ്ഞെടുക്കുകയും സത്യപന്ഥാവിൽ ചേർക്കുകയും ചെയ്തു. അത് അല്ലാഹുവിൻെറ മാർഗ്ഗദർശനമാകുന്നു. അവനുദ്ദേശിക്കുന്നവരെ അതു കൊണ്ടവൻ അനുഗ്രഹിക്കുന്നു. അവർ (പോലും) അല്ലാഹുവിനോട് പങ്ക് ചേർത്തിയിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം തീർച്ചയായും അവർക്ക് നിഷ്ഫലമായിത്തീരുമായിരുന്നു. ഗ്രന്ഥവും വിധിവൈഭവവും പ്രവാചകത്വവും നാം നൽകിയവരത്രെ അവർ; എന്നാൽ ഇക്കൂട്ടർ അതിനെ നിഷേധിക്കുന്നുവെങ്കിൽ അതിൽ അവിശ്വസിക്കാത്തവരായ ഒരു ജനതയെ അത് നാം ഏൽപ്പിച്ചു കൊടുക്കുന്നതാണ്. അവരത്രെ അല്ലാഹു സന്മാർഗ്ഗത്തിലാക്കിയവർ; അതുകൊണ്ട് അവരുടെ സന്മാർഗത്തെ നീ പിൻപറ്റുക" (6: 83 - 90)

പ്രവാചകന്മാരെല്ലാം നേർവഴി സിദ്ധിച്ചവരായിരുന്നുവെന്നും അവർ സജ്ജനങ്ങളായിരുന്നുവെന്നും ലോകോത്തമരായിരുന്നുവെന്നും അല്ലാഹു പ്രത്യേകം തിരഞ്ഞെടുത്ത് പ്രവാചകത്വവും ഗ്രന്ഥവും വിധിവൈഭവവും നൽകി അനുഗ്രഹിച്ചവരായിരുന്നുവെന്നും ആവർത്തിച്ചുണർത്തിയശേഷം അവരുടെ മാതൃക

പിൻപറ്റാനാണ് അല്ലാഹു കൽപ്പിക്കുന്നത്. ആ മഹാന്മാരായ പ്രവാചകന്മാരുടെ കാലടികളെ നാം പിൻപറ്റുന്നുവെങ്കിൽ ഒരു കാര്യം ചിന്തനീയമാണ്. മറ്റെല്ലാമ നുഷ്യരെയും പോലെഅവരുടെ ജീവിതവും സുഖദു:ഖസമ്മിശ്രമായിരുന്നു. അവർ വിപൽസന്ധികളിൽ എന്തു ചെയ്തു? ആഗ്രഹ സഫലീകരണത്തിനും മാറാവ്യാധികാം സുഖപ്പെടുത്തുന്നതിന്നും എന്തു ചെയ്തു? സന്താപ ദൂരീകരണത്തിനും സന്തോഷ ലബ്ധിക്കും ആരോട് പ്രാർത്ഥിച്ചു? ഈ വസ്തുതകൾ മനസ്സിലാക്കാൻ പ്രവാചകന്മാരുടെ ജീവിതത്തെ സംബന്ധിച്ചു വിശുദ്ധ ക്വുർആൻ നൽകു ന്ന സത്യസന്ധമായ വിവരണങ്ങൾ നമുക്ക് പരിശോധിക്കാം.

## ആദം (അ)

ആദ്യമായി മാനവരാശിയുടെ പിതാവായ ആദം(അ)ൻെറ കഥ തന്നെ എടുക്കാം. അല്ലാഹു ആദമിനെ സൃഷ്ടിച്ചു. സ്വർഗ്ഗത്തിൽ പാർപ്പിച്ചു. ഇണയായി ഹവ്വായെ പടച്ചു. അവർ സുഖമായി സ്വർഗ്ഗത്തിൽ ജീവിച്ചുവന്നു. ഒരു മരത്തിൻെറ ഫലമൊഴിച്ചു എന്തും ആഹരിക്കാൻ അല്ലാഹു അവരെ അനുവദിച്ചിരുന്നു. പിശാച് അവർക്ക് ദുർബോധനം ചെയ്തു. അങ്ങനെ വിലക്കപ്പെട്ട കനി അവർ ഭുജിച്ചു. തുടർന്ന് നഗ്നത വെളിപ്പെട്ടപ്പോൾ അവർക്ക് വീണ്ടുവിചാരമുണ്ടായി.l കുറ്റബോധമുണ്ടായി. അല്ലാഹുവിൻെറ കൽപ്പന ലംഘിച്ചതിൽ മനം തപിച്ചു. തങ്ങളുടെ അപരാധം പൊറുത്തുകിട്ടണം. പാപഭാരം നീങ്ങണം. കുറ്റം ചെയ്താലും സന്മനസ്സുള്ള മനുഷ്യനുണ്ടാവുന്ന അഭിലാഷം, മോഹം സങ്കടം, മനസ്സാക്ഷിക്കുത്ത് ആ സങ്കട ദൂരീകരണത്തിന്, ആഗ്രഹ സാഫല്യത്തിന് മനുഷ്യ വംശത്തിൻെറ മാതാപിതാക്കൾ എന്തു ചെയ്തു എന്ന് വിശുദ്ധ ക്വുർആൻ പ്രസ്പഷ്ടമായി പ്രസ്താവിക്കുന്നു.

قَالَا رَبَّنَا ظَلَمْنَا أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ (الأعراف ١٣)

“അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ആത്മാക്കളോട് ഞങ്ങൾ തെറ്റു ചെയ്തു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളോടു കരുണ കാട്ടുകയു ചെയ്തില്ലെങ്കിൽ നിശ്ചയമായും ഞങ്ങൾ നഷ്ടപ്പെട്ടവരുടെ കൂട്ടത്തിൽ ആയിത്തീരും.”

ഇവിടെ അബദ്ധത്തിൽ പാപം ചെയ്തു അതിൽ ഖേദിക്കുന്നവർക്ക് പാപമോചനമെന്ന ആഗ്രഹ സഫലീകരണത്തിനുള്ള മാർഗ്ഗം ആദമും ഹവ്വയും(അ) വെട്ടിത്തെളിയിച്ചിരിക്കുന്നു. കാരുണികനും വിശാലനും പൊറുക്കുന്നവനുമായ അല്ലാഹുവിനോട് - അല്ലാഹുവിനോട് മാത്രം - നേരിട്ടുമാപ്പിരക്കുക എന്നത്രെ അത് വിശുദ്ധ ക്വുർആൻ ആദമിൻെറയും ഹവ്വായുടെയും പ്രാർത്ഥന വ്യക്തമായി പ്രസ്താവിച്ചിട്ടും ചിലർ ജൽപിക്കുന്നത് ആദം പ്രാർത്ഥിച്ചിരുന്നതിങ്ങനെയായി

രുന്നുവെന്നാണ് ياربى أسألك بحق محمد إلا ما غفرت لى

'റബ്ബേ! മുഹമ്മദിൻെറ 'ഹഖ്'കൊണ്ട് നീ എനിക്ക് പൊറുത്ത് തന്നേ പറ്റൂ എന്ന് ഞാൻ ആവശ്യപ്പെടുന്നു. ഇവിടെ അല്ലാഹുവിൻെറ വഹ്‌യോ പിശാചിൻെറ ദുർബോധനമോ ഏതാണ് നാം അംഗീകരിക്കേണ്ടത്?

## നൂഹ് (അ)

ആദം(അ)മിന് ശേഷം വളരെ പ്രാധാന്യത്തോടെ ക്വുർആൻ പരിചയപ്പെടുത്തുന്ന മഹാനായ പ്രവാചകനാണ് നൂഹ്(അ). പ്രതിജ്ഞാബദ്ധതയോടെ ശിർക്കിന്നെതിരിൽ പ്രബോധനം നടത്തിയ ആ മഹാനുഭാവനോട് സമുദായം പ്രതികരിച്ചത് പരിഹാസവാക്കുകളിലൂടെയും മർദ്ദനങ്ങളിലൂടെയുമായിരുന്നു.

അനന്തരം ഒരു കപ്പൽ നിർമ്മിക്കുവാൻ അല്ലാഹു നൂഹ്(അ)ന് നിർദ്ദേശം കൊടുത്തു. സത്യവിശ്വാസികളെയും ജന്തുജാലങ്ങളിൽ നിന്ന് ഈരണ്ടു ഇണകളെയും അതിൽ കയറ്റാൻ കൽപിക്കുകയും ചെയ്തു. മുകളിൽ നിന്ന് കനത്തമഴ. അടിയിൽ നിന്ന് അത്യുഗ്രമായ ഉറവ്. പ്രളയം, നാടും മേടും മുങ്ങി. ജലപ്പരപ്പിൽ കപ്പൽ പൊങ്ങുമ്പോൾ നൂഹ്(അ)ൻെറ ഹൃദയത്തിൻെറ അടിത്തട്ടിൽ നിന്ന് ഉയർന്നു വന്ന പ്രാർത്ഥന

بِسْمِ اللهِ مَجْرِيهَا وَمُرْسٰيهَا إِنَّ رَبِّى لَغَفُورٌ رَحِيمٌ (هود: ٤١)

'അല്ലാഹുവിൻെറ നാമത്തിലാണ് അതിൻെറ യാനവും അതിൻെറ നങ്കൂരമിട്ട് നിൽപും. തീർച്ചയായും എൻെറ രക്ഷിതാവ് വളരെ പൊറുക്കുന്നവനും കരുണാവാരിധിയുമാണ്'

ഇവിടെ ഈ പ്രാർത്ഥനയിലൂടെ അല്ലാഹു ജനങ്ങളെ പഠിപ്പിക്കുന്ന കാര്യം മഹത്താണ്. നാം ദിനേന കടലിലും കരയിലും വായുവിലും വാഹനത്തിൽ സഞ്ചരിക്കുന്നു. അപ്പോഴെല്ലാം വാഹനത്തിലേക്ക് കാലെടുത്തുവെക്കുമ്പോൾ ഓരോരുത്തരുടെയും ആഗ്രഹം ഒന്നുമാത്രമാണ്. യാതൊരപകടവും പറ്റാതെ ലക്ഷ്യത്തിലെത്തിച്ചേരണം. വാഹനങ്ങൾ കൂട്ടിയിടിച്ചേക്കാം. ആഴമേറിയ കൊല്ലിയിലേക്ക് മറിഞ്ഞ് യാത്രക്കാർ ചതഞ്ഞരഞ്ഞേക്കാം. ചരക്കുകളെയും യാത്രക്കാരെയും വഹിച്ചുകൊണ്ട് പുറം കടലിലൂടെ പോകുന്ന കപ്പലുകൾ കാണാതായിട്ട് മാസങ്ങളും വർഷങ്ങളും തെരച്ചിൽ നടത്തിയശേഷം അവസാനം അതിനെ എഴുതിത്തള്ളിയ സംഭവങ്ങളും വിരളമല്ല. കേരള ഗവർമെൻറിൻെറ കാണാതായ 'കൈരളി' അതിനൊരുദാഹരണമാണ്. ഇരുനൂറോളം യാത്രക്കാരെയും വഹിച്ചുകൊണ്ട് 1978ൽ 'അശോക ചക്രവർത്തി' എന്ന വിമാനം ദുബൈക്ക് പറന്നു. പക്ഷെ ചെന്നു വീണത് ഇന്ത്യൻ മഹാസമുദ്രത്തിലാണ്. ഒറ്റ മനുഷ്യൻ പോലും അതിൽ നിന്നും രക്ഷപ്പെട്ടില്ല. ഇത്തരം വാർത്തകൾ നാം പലപ്പോഴും കാണുകയും കേൾക്കു

കയും ചെയ്യുന്നു. ഈ അടുത്ത കാലത്ത് വടക്കെ ഇന്ത്യയിൽ ഒരു പുഴയിലേക്ക് മറിഞ്ഞ തീവണ്ടി എത്ര മനുഷ്യജഢങ്ങളെയാണ് വെള്ളത്തിലൊഴുക്കിയത്. എന്നാൽ ഇത് മനുഷ്യൻ ആഗ്രഹിച്ചിട്ട് വന്നു ചേരുന്നതാണോ? എങ്ങോട്ടെങ്കിലും ലക്ഷ്യം വെച്ച് വാഹനത്തിൽ കാലെടുത്തുവെക്കുന്ന ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ ഏറ്റവും വലിയ ആഗ്രഹം യാതൊരപകടവും സംഭവിക്കാതെ ലക്ഷ്യസ്ഥലത്തെത്തിച്ചേരുകയെന്നതാണ്. അപ്പോൾ ആ ആഗ്രഹ സഫലീകരണത്തിന്ന് വേണ്ടി പ്രാർത്ഥിക്കേണ്ടത് ആരോട് എന്ന് നൂഹ് നബി(അ)ന്റെ പ്രാർത്ഥനയിലൂടെ അല്ലാഹു പഠിപ്പിക്കുന്നു. അല്ലാഹുവിനോട് മാത്രം. അതിൽ യാതൊരു സൃഷ്ടിയേയും പങ്കു ചേർക്കരുത്. അത്തരം സന്ദർഭങ്ങളിൽ പ്രവാചകന്മാർ എന്തു ചെയ്തുവെന്നും പ്രാർത്ഥിച്ചുവെന്നും നോക്കുക. എന്നിട്ട് അ തിൽ നിന്നും മാതൃക ഉൾക്കൊള്ളുക. (വാഹനത്തിൽ കയറുമ്പോൾ മുഹമ്മദ് നബി(സ) നടത്തിയ പ്രാർത്ഥനശേഷം വരുന്നുണ്ട്)

പിന്നീട് നൂഹ്(അ)മിന്റെ മറ്റൊരു പ്രാർത്ഥന ക്വുർആൻ നമ്മെ പഠിപ്പിക്കുന്നു. ആ പ്രാർത്ഥന നടത്താനുള്ള കാരണം തന്റെ മകൻ ആർത്തിരമ്പുന്ന വെള്ളത്തിരകളിൽപെട്ട് മുങ്ങുകയും നിവരുകയും ചെയ്യുന്നു; അവനാണെങ്കിൽ സത്യത്തിൽ വിശ്വസിച്ചിട്ടില്ല. അവിശ്വാസികളെ കപ്പലിൽ കയറ്റാൻ അല്ലാഹു അനുവാദം കൊടുത്തിട്ടുമില്ല. അപ്പോൾ തപ്തമായ ആ പിതൃഹൃദയം വേദനിച്ചുകൊണ്ട് മകനോട് പറഞ്ഞു: " എന്റെ കുഞ്ഞേ! ഞങ്ങളുടെ കൂടെ കയറിക്കൊള്ളുക! അവിശ്വാസികളുടെ കൂട്ടത്തിൽ നീ ആയിപ്പോകരുതേ!" മകന്റെ പ്രതികരണം ഇങ്ങനെയായിരുന്നു: "ജലപ്രളയത്തിൽ നിന്നും എന്നെ രക്ഷിക്കുന്ന ഒരു പർവ്വതത്തെ ഞാൻ അഭയം പ്രാപിക്കും" പക്ഷെ ; അല്ലാഹുവിന്റെ കൽപനക്കെതിരിൽ നീന്തി കരപറ്റാൻ ശ്രമിച്ച മകൻ ഭീകരമായ തിരമാലകളിൽ പെട്ട് കൈകാലുകൾ തളർന്നു വെള്ളം കുടിച്ച് മൃതിയടഞ്ഞു. "എന്റെ നാഥാ! എന്റെ മകൻ എന്റെ കുടുംബത്തിൽ പെട്ടവൻ തന്നെയാണ്. നിന്റെ വാഗ്ദാനം സത്യവുമത്രെ. നീ വിധികർത്താക്കളിൽ നീതിമാനുമാണ്" അപ്പോൾ അല്ലാഹു നൂഹ്(അ)മിന്റെ മകന്റെ കാര്യത്തിൽ താക്കീതും സാന്ത്വനവുമെന്ന രൂപത്തിൽ ഉണർത്തി. അല്ലയോ നൂഹ്! തീർച്ചയായും അവൻ നിന്റെ കുടുംബത്തിൽ പെട്ടവനല്ല. തീർച്ചയായും അവൻ ദുർവൃത്തനാണ്. അതുകൊണ്ട് നിനക്ക് അറിവില്ലാത്തതിനെക്കുറിച്ച് നീ എന്നോട് ചോദിക്കരുത്. മുഢന്മാരിൽ പൊട്ടുപോകരുതെന്ന് ഞാൻ നിന്നെ ഉപദേശിക്കുന്നു" അല്ലാഹുവിന്റെ ഗൗരവം കലർന്ന താക്കീതുണ്ടായപ്പോൾ മകനോടുള്ള തന്റെ സ്നേഹവും ഹൃദയാലുതയും കൂടിപ്പോയെന്ന് അദ്ദേഹത്തിന് മനസ്സിലായി. അല്ലാഹുവിന്റെ കൽപ്പനയെ ധിക്കരിക്കുന്ന ദുഷ്ടന്മാർ മക്കളായാലും പിതാക്കളായാലും അവരെ വെറുക്കണം. എന്നാൽ ഇതിൽ തന്നെ പിടികൂടിയ പുത്രവാത്സല്യം അല്ലാഹുവിന് അനിഷ്ടമായി. അതാണ് അല്ലാഹു ഇത്ര ഗൗരവത്തിൽ താക്കീത് നൽകിയത്. ഉടനെ നൂഹ്(അ)മിന്റെ അക

താരിൽ ഉടലെടുത്ത ആഗ്രഹമായിരുന്നു സർവ്വജ്ഞനായ അല്ലാഹുവിൻെറ മുമ്പിൽ അബദ്ധത്തിൽ പറഞ്ഞുപോയ അജ്ഞതയും മൂഢത്വവും പൊറുത്തു കിട്ടുക എന്നത്. അങ്ങനെ പ്രസ്തുത ആഗ്രഹ സഫലീകരണത്തിന്ന് അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചു:

قَالَ رَبِّ إِنِّي أَعُوذُ بِكَ أَنْ أَسْأَلَكَ مَا لَيْسَ لِي بِهِ عِلْمٌ وَإِلَّا تَغْفِرْ لِي وَتَرْحَمْنِي أَكُنْ مِنَ الْخَاسِرِينَ (هود : ٤٧)

"എൻെറ നാഥാ! എനിക്കറിവില്ലാത്തതിനെക്കുറിച്ച് (ശാഠ്യം പിടിച്ച്) ചോദിക്കാതിരിക്കാൻ ഞാൻ നിന്നോട് ശരണം തേടുന്നു. (അറിവില്ലാതെ പറഞ്ഞുപോയതാണ്, പൊറുത്തു തരണം) എനിക്ക് നീ പൊറുത്തു തരികയും എന്നോടു കരുണ കാട്ടുകയും ചെയ്തില്ലെങ്കിൽ ഞാൻ നഷ്ടപ്പെട്ടവരുടെ ഗണത്തിൽ പെട്ടുപോകും." നൂഹ് (അ)ൻെറ പ്രാർത്ഥനയിലൂടെ അല്ലാഹു നമ്മെ പഠിപ്പിക്കുന്നത് കരുണക്കും പാപമോചനത്തിനും ആഗ്രഹ സഫലീകരണത്തിനും അവനോട് മാത്രം പ്രാർത്ഥിക്കുക എന്നതാണ്.

വിശുദ്ധ ക്വുർആൻ പല സ്ഥലത്തും നൂഹ് നബി(അ)യുടെ ചരിത്രം പരാമർശിച്ചിട്ടുണ്ട്. "സൂറത്തുശ്ശുഅറാഇ"ലുള്ളത് അതേ രൂപത്തിൽ ഇവിടെ പകർത്താം: "നൂഹിൻെറ ജനത പ്രവാചകന്മാരെ കളവാക്കി. അവരുടെ സഹോദരൻ നൂഹ് 'നിങ്ങൾ (അല്ലാഹുവിനെ) സൂക്ഷിക്കുന്നില്ലേ' എന്ന് അവരോട് ചോദിച്ച സന്ദർഭം (ഓർക്കുക): ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു ദൂതനാകുന്നു. അതുകൊണ്ട് അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുക. നിങ്ങളോട് ഞാനതിന് യാതൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. എൻെറ പ്രതിഫലം ലോകരക്ഷിതാവിൻെറ അടുക്കൽ മാത്രമാണ്. അതിനാൽ അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവീൻ. (അപ്പോൾ ഇതിന് മറുപടിയായി) അവർ പറഞ്ഞു. (സമൂഹത്തിലെ) നിസ്സാരന്മാർ നിന്നെ പിൻപറ്റിയിരിക്കെ (മാന്യന്മാരായ) ഞങ്ങൾ നിന്നിൽ വിശ്വസിക്കുകയോ? (അപ്പോൾ) അദ്ദേഹം പറഞ്ഞു: (നിസ്സാരന്മാർ എന്ന് നിങ്ങൾ പറഞ്ഞ സാധാരണക്കാരായ) അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി എനിക്കെന്തറിയാം.? അവരെ വിചാരണ നടത്താനുള്ള അധികാരം (എനിക്കല്ല) എൻെറ നാഥന് മാത്രമാണ്. (ഇതെല്ലാം) നിങ്ങൾ മനസ്സിലാക്കിയിരുന്നുവെങ്കിൽ (എത്ര നന്നായിരുന്നു). ഞാനൊരിക്കലും വിശ്വാസികളെ (അവർ താഴെക്കിടയിലുള്ളവരാണെന്ന് പറഞ്ഞ്) ആട്ടി ഓടിക്കുന്നവനല്ല. ഞാൻ വ്യക്തമായ ഒരു താക്കീതുകാരൻ മാത്രമാണ്. (ഇങ്ങനെ നൂഹ്(അ)ൻെറ സത്യസന്ധമായ ഉപദേശം കേട്ടപ്പോൾ കലിതുള്ളിയ (ജനത) പറഞ്ഞു: 'സത്യമായും നൂഹേ! നീ (നിൻെറ സന്മാർഗ്ഗോപദേശങ്ങളിൽ നിന്ന്) വിരമിച്ചില്ലെങ്കിൽ എറിഞ്ഞുകൊല്ലപ്പെടുന്നവരുടെ കൂട്ടത്തിൽ പെടും (വി.

ഖു. 26: 106-117).

ഇതുകേട്ട നൂഹ്(അ)മിന്ന് തൻെറ ജീവൻ അപായപ്പെടുമെന്ന് മനസ്സിലായി. ഉടനെ അദ്ദേഹത്തിൻെറ ഹൃദയാന്തരാളത്തിൽ ഉടലെടുത്ത ആഗ്രഹം എന്തായിരിക്കാനാണ് സാദ്ധ്യത? നാം ആലോചിച്ചു നോക്കൂ. നാട്ടിലെ പ്രമാണികളും പോക്കിരികളും കൂടി ഒരു മനുഷ്യൻെറ പിന്നാലെ കൂടുക. എന്നിട്ട് കരിങ്കൽ ചീളുകളും ഉരുളൻ കല്ലുകളും വാരി എറിയുക. പ്രാണരക്ഷാർത്ഥം ഓടുക. ഓടി ഓടി ജീവജലത്തിന് വേണ്ടി ദാഹാർത്തനായി നാവുനീട്ടുക. അപ്പോൾ തലയിൽ ഉരുളൻ കല്ലുകൾ വന്നടിക്കുക. രക്തം ധാരധാരയായി ഒഴുകി മരിക്കുക. ഇന്ന് നമ്മുടെ നാട്ടിൽ ചില രാഷ്ട്രീയക്കാർ തങ്ങളുടെ പ്രതിയോഗികളിൽ ഇത് നടപ്പാക്കുന്നത് നാം കാണുന്നുണ്ടല്ലോ. ഈ ശിക്ഷയാണ് നൂഹ് നബിക്ക് ആ കാട്ടാളന്മാർ കൊടുക്കുമെന്ന് പറഞ്ഞത്. ഇത്തരത്തിലുള്ള ഒരപകടം ബഹുദൈവാരാധകരെയാണ് വലയം ചെയ്യുന്നതെങ്കിൽ ഏതെല്ലാം കുലദൈവങ്ങളെയും കുട്ടിദൈവങ്ങളെയും അവർ വിളിച്ചു പ്രാർത്ഥിക്കും! കരിമുട്ടികളെയും കാളസർപ്പങ്ങളെയും വിളിച്ച് ശരണമരുളും! ഒരു ഏകദൈവവിശ്വാസിയാണെങ്കിൽ ആരെയായിരിക്കും വിളിച്ചു പ്രാർഥിക്കുന്നത്. കൊലവിളിയുമായി നടക്കുന്ന ശത്രുക്കൾ പലർക്കും പലപ്പോഴുമുണ്ടാവാറുണ്ട്. അത്തരം ശത്രുക്കളിൽ നിന്ന് രക്ഷപ്രാപിക്കുകയെന്നതാണ് അത്തരക്കാരെ സംബന്ധിച്ച് ഏറ്റവും വലിയ ആഗ്രഹം. ഈ പ്രതിസന്ധിയിൽ ആഗ്രഹ സഫലീകരണത്തിനും ആത്മരക്ഷക്കും നൂഹ് (നൂഹ്) അല്ലാഹുവിനോട് മാത്രം പ്രാർത്ഥിച്ചു മാതൃക കാണിച്ചു.

رَبِّ إِنَّ قَوْمِي كَذَّبُونِ ۝ فَافْتَحْ بَيْنِي وَبَيْنَهُمْ فَتْحًا وَنَجِّنِي وَمَن مَّعِيَ مِنَ الْمُؤْمِنِينَ

(الشعراء : ١١٨)

"എൻെറ നാഥാ! എൻെറ ജനങ്ങൾ തീർച്ചയായും എന്നെ കളവാക്കിയിരിക്കുന്നു. അതിനാൽ എൻെറയും അവരുടെയും ഇടയിൽ നീ ഒരു തുറന്ന വിധി നടപ്പാക്കേണമേ! എന്നെയും എൻെറ കൂടെയുള്ള വിശ്വാസികളെയും നീ രക്ഷിക്കുകയും ചെയ്യേണമേ!!" ഇങ്ങനെ നൂഹ്(അ) അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിച്ചപ്പോൾ അവൻ അതിനുത്തരം ചെയ്തു. അല്ലാഹു തുടർന്നു പറയുന്നു: "അപ്പോൾ അദ്ദേഹത്തെയും അദ്ദേഹത്തിൻെറ കൂടെയുള്ളവരെയും നിറക്കപ്പെട്ട ആ കപ്പലിൽ നാം രക്ഷപ്പെടുത്തി" (26: 119). 'ആഗ്രഹ സഫലീകർണത്തിന്നും ആത്മരക്ഷക്കും അല്ലാഹുവിനെ വിളിച്ച് ശരണം തേടിയാൽ രക്ഷ കിട്ടുകയില്ല, മറ്റാരെയെങ്കിലും വിളിച്ചു ശരണം തേടണമെന്ന മുശ്രിക്കുകളുടെ ധാരണ തിരുത്തുകയാണ് 'നാം രക്ഷപ്പെടുത്തി' എന്ന് അല്ലാഹു പറയുന്നതിൻെറ ഉദ്ദേശ്യം. അതിനാൽ ഒരു സത്യവിശ്വാസിയും അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിക്കുന്നതിൽ നിരാശനാകാനോ, അവൻെറ കൂടെ മറ്റാരെയും വിളിച്ച് പ്രാർത്ഥിക്കുവാനോ പാടി

ല്ല. ഇത് നൂഹ് നബി(അ) കാട്ടിത്തന്ന മാതൃകയാണ്.

ഇനിയും നമുക്ക് അദ്ദേഹം നടത്തിയ പ്രാർത്ഥനകളിലേക്ക് മടങ്ങാം. സ്വജന ത തങ്ങളുടെആഗ്രഹസഫലീകരണങ്ങൾക്കായിവദ്ദ്, സുവാഅ്, യഗൂസ്, യഊഖ്, നസ്റ് തുടങ്ങിയ സജ്ജനങ്ങളെ* വിളിച്ച് പ്രാർത്ഥിക്കുകയും അവരെ ആരാധി ക്കുകയും അവർക്ക് നേർച്ച നേരുകയും ചെയ്തപ്പോൾ അത് മഹാപാതകമായ ശിർക്കാണെന്ന് അദ്ദേഹം ഉപദേശിച്ചു. പക്ഷേ, ഈ നല്ല കാര്യം ഉപദേശിച്ചതിന് അവർ അദ്ദേഹത്തിനെതിരിൽ അഴിച്ചുവിട്ട മർദ്ദനങ്ങളും വധഭീഷണിയും നാം മുൻപേജുകളിൽ വായിക്കുകയുണ്ടായി. അവസാനം അവരുടെ എല്ലാ ഗൂഢത ന്ത്രങ്ങളിൽ നിന്നും അദ്ദേഹത്തെ അല്ലാഹു രക്ഷിച്ചു. തൊള്ളായിരത്തി അമ്പത് വർഷം തൗഹീദിന്റെ സന്ദേശം അദ്ദേഹം ജനങ്ങളെ കേൾപ്പിച്ചു. പക്ഷേ, ഏതാ നും പാവപ്പെട്ടവർ മാത്രമേ വിശ്വസിച്ചുള്ളു. പൗരപ്രധാനികളും പോക്കിരികളു മടങ്ങുന്ന ബഹുഭൂരിപക്ഷം ധിക്കരിക്കുകയും അദ്ദേഹത്തെ പരിഹസിച്ച് അവഗ ണിക്കുകയും ചെയ്തു. ഇതിനകം വിശ്വസിച്ചു കഴിഞ്ഞവരല്ലാതെ പുതുതായി ആരും വിശ്വസിക്കാൻ പോകുന്നില്ലെന്ന് അദ്ദേഹത്തിന് ദൈവദൗത്യം ലഭിച്ചു. അപ്പോൾ പിന്നെ വിശ്വസിച്ച പാവങ്ങളെ എന്തിന് ഈ കിങ്കരന്മാരുടെ മർദ്ദനത്തിന് വിധേയരാക്കണം? സത്യത്തിന്റെ സുരക്ഷിതത്വത്തിന് ഈ കൊലകൊമ്പന്മാർ നശിച്ചേപറ്റൂ. ശത്രുനിഗ്രഹത്തിന് വേണ്ടി പ്രാർത്ഥനയുമായി അദ്ദേഹം സമീപി ച്ചത് മൺമറഞ്ഞ മഹാത്മാക്കളെയല്ല; അല്ലാഹുവിനെ മാത്രമായിരുന്നു:

رَبِّ لَا تَذَرْ عَلَى ٱلْأَرْضِ مِنَ ٱلْكَافِرِينَ دَيَّارًا إِنَّكَ إِنْ تَذَرْهُمْ يُضِلُّوا عِبَادَكَ وَلَا يَلِدُوا

---

أسماء رجال صالحين من قوم نوح فلما هلكوا أوحى الشيطان الى قومهم أن انصبوا إلى مجالسهم التى كانوا يجلسون أنصابا وسموها بأسمائهم ففعلوا فلم تعبد حتى إذهلك أولئك وتنسخ العلم عبدت (البخارى، كتاب التفسير باب وَدًّاولَا سُوَاعًا وَلَا يَغُوثَ وَيَعُوقَ)

"നൂഹ് നബി(അ)മിന്റെ ജനതയിൽ നിന്നുള്ള സജ്ജനങ്ങളായ ആളുകളു ടെ നാമങ്ങളായിരുന്നു ഇത്. അങ്ങനെ അവർ ഇഹലോകവാസം വെടിഞ്ഞ പ്പോൾ ആ മഹാന്മാർ ഇരുന്ന സ്ഥലങ്ങളിൽ അവരുടെ പ്രതിമകൾ സ്ഥാപി ക്കാൻ പി ശാച് അവർക്ക് ബോധനം കൊടുത്തു. നിങ്ങൾ അവരുടെ നാമങ്ങൾ തന്നെ ഈ പ്രതിമകൾക്കും കൊടുക്കുക (എന്നും പിശാച് തോന്നിച്ചു) അവർ അത് ചെയ്യുകയും ചെയ്തു. ക്രമേണ ഈ പ്രതിമ നാട്ടിയവർ കാലഗതി പ്രാപി ക്കുകയും എന്തിന് നാട്ടി എന്ന അറിവ് തേഞ്ഞുമാഞ്ഞു പോവുകയും ചെയ്ത ശേഷമാണ് അവ ആരാധിക്കപ്പെടാൻ തുടങ്ങിയത്" (ഇബ്നു അബ്ബാസ് (റ) പറ ഞ്ഞതായി ഇമാം ബുഖാരി രേഖപ്പെടുത്തിയത്)

إِلَّا فَاجِرًا كَفَّارًا رَبِّ اغْفِرْلِي وَلِوَالِدَيَّ وَلِمَنْ دَخَلَ بَيْتِيَ مُؤْمِنًا وَلِلْمُؤْمِنِينَ وَالْمُؤْمِنَاتِ
وَلَا تَزِدِ الظَّالِمِينَ إِلَّا تَبَارًا (نوح ٢٨)

"എന്റെ നാഥാ! അവിശ്വാസികളിൽ ഒരുത്തനെയും നീ ഭൂമിയിൽ വിട്ടുകളയരുതേ. നിശ്ചയമായും നീ അവരെ (നശിപ്പിക്കാതെ) വിട്ടുകളയുന്ന പക്ഷം നിന്റെ അടിമകളെ അവർ വഴിപിഴപ്പിക്കും, മഹാനിഷേധികളായ ദുഷ്ടന്മാർക്കല്ലാതെ അവർ ജന്മം നൽകുകയില്ല. എന്റെ നാഥാ! എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസിയായി എന്റെ വീട്ടിൽ പ്രവേശിച്ചവർക്കും, (മറ്റെല്ലാ) സത്യവിശ്വാസിനികൾക്കും നീ പൊറുക്കേണമേ! അക്രമികൾക്ക് നീ നാശത്തെയല്ലാതെ ഏറ്റിക്കൊടുക്കരുതേ!!" (71: 26-28)

# ഇബ്രാഹീം (അ)

ഒരു സത്യവിശ്വാസി തന്റെ ജീവിതവിജയത്തിന് മഹത്തായ മാതൃക കണ്ടെത്തേണ്ട മഹാനായ പ്രവാചകനാണ് ഇബ്രാഹീം (അ). അല്ലാഹുവിന്റെ കൽപനകളെ അക്ഷരംപ്രതി അനുധാവനം ചെയ്ത പ്രവാചക തേജഃപുഞ്ജങ്ങളിൽ നിസ്തുല്യനാണ് ആ മഹാനുഭാവൻ. അദ്ദേഹത്തിന്റെ പ്രബോധന ദശയുടെ ആദ്യനിമിഷം മുതൽ അന്ത്യശ്വാസം വരെ അടരാടിയത് അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നതിനെതിരായിട്ടാണ്. ആ മാർഗ്ഗത്തിൽ നാടും വീടും ഉപേക്ഷിക്കേണ്ടിവന്നു. കാടും മേടും താണ്ടിക്കടന്ന്, 'ശിർക്കി'ൽ മുച്ചൂടും മുരടിച്ച് കരിങ്കൽ മനസ്കരായ ജനതയോട് ഒറ്റക്കുനിന്ന് പടപൊരുതി.

തന്റെ കാലശേഷവും തൗഹീദിന്റെ ദീപശിഖ ഉയർത്തിപ്പിടിക്കുന്ന, സന്മാർഗ്ഗികളായ പിൻതലമുറയുണ്ടാവണമെന്നത് ആ പ്രവാചക നേതാവിന്റെ അടങ്ങാത്ത അഭിലാഷമായിരുന്നു. പക്ഷേ, വാർദ്ധക്യത്തിന്റെ ജരാനരകൾ ബാധിച്ചിട്ടും സന്താനസൗഭാഗ്യം അദ്ദേഹത്തിനുണ്ടായില്ല. അല്ലാഹുവിന്നായി തീർത്തും ത്യാഗത്തിന്റെ തീച്ചൂളയിൽ സ്വന്തം ജീവിതമർപ്പിച്ച ആ പ്രവാചകന് എന്നിട്ടും തന്റെ നാഥനെപ്പറ്റി മനസ്സിൽ പരാതിയോആശാഭംഗമോ ഉദിച്ചില്ല. മറ്റാരോടും അദ്ദേഹം സങ്കടം പറഞ്ഞില്ല. ഭക്തിപുരസ്സരം അദ്ദേഹം പ്രാർത്ഥിച്ചു:

رَبِّ هَبْ لِي مِنَ الصَّالِحِينَ (الصافات) "എന്റെ നാഥാ എനിക്ക് സദ്വൃത്തരിൽ പെട്ട സന്താനത്തെ നൽകേണമേ" സന്താലബ്ധിക്കായി വിഗ്രഹങ്ങളുടെയും ജാറങ്ങളുടെയും മുമ്പിൽ നേർച്ചകളും വഴിപാടുകളും കഴിക്കുന്നവർക്ക് വ്യദ്ധനായ ഇബ്രാഹീം നബിയുടെ മാതൃക അല്ലാഹു പറഞ്ഞുതരുന്നു.

അങ്ങനെ ഹാജറയിൽ ഇസ്മാഈലും, സാറയിൽ ഇസ്ഹാഖും അദ്ദേഹത്തിന് ജനിച്ചു. അല്ലാഹുവിനെ ആരാധിക്കാനായി ഭൂലോകത്ത് ഇദംപ്രഥമമായി നിർമ്മിതമായ കഅ്ബാശരീഫിന്റെ പുനർനിർമ്മാണത്തിനും, പരിപാലനത്തി

നും മൂത്തപുത്രൻ ഇസ്മാഈലിനെയും മാതാവിനെയും അവിടെ കൊണ്ടുപോയി പാർപ്പിക്കുവാൻ അദ്ദേഹത്തിന് കൽപന ലഭിച്ചു. താമസംവിനാ അദ്ദേഹമത് നടപ്പിൽ വരുത്തി. ജനശൂന്യമായ മണലാരണ്യത്തിൽ, മുലപ്പാലിൻെറ മണം മാറാത്ത പിഞ്ചുപൈതലിനെയും പ്രിയപ്പെട്ട സഹധർമ്മിണിയെയും ഉപേക്ഷിച്ചു. അല്ലാഹുവിൻെറ ആജ്ഞപ്രകാരം നാടുവിടുന്ന അദ്ദേഹത്തിൻെറ ഹൃദയത്തിൽ അവരെ സംബന്ധിച്ച് ഭയമുണ്ട്. എങ്കിലും അല്ലാഹുവിലുള്ള അദ്ദേഹത്തിൻെറ അവലംബബോധവും വിശ്വാസവും അചഞ്ചലമായിരുന്നു. വിജനമായ മരുഭൂമിയിൽ ഫലഭൂയിഷ്ഠമല്ലാത്ത താഴ്വരയിൽ ഒരു മനുഷ്യൻ തൻെറ പ്രിയപത്നിയെയും പിഞ്ചോമനയെയും താമസിപ്പിച്ചുകൊണ്ട് യാത്ര പറയുമ്പോൾ ഉണ്ടാകുന്ന വിരഹദുഃഖം എത്രയെന്ന് നമുക്ക് ഊഹിക്കാവുന്നതിനപ്പുറമാണ്. ആ കുടുംബനാഥൻെറ ഹൃദയാന്തരാളത്തിൽ അന്നേരം ഉദയം ചെയ്യുന്ന ആഗ്രഹങ്ങളെന്തല്ലാമായിരിക്കും. പ്രസ്തുത ആഗ്രഹങ്ങളുടെ സഫലീകരണത്തിന്ന് അദ്ദേഹം എവിടെയാണ് ശരണം പ്രാപിച്ചത്? നോക്കൂ അദ്ദേഹം അല്ലാഹുവിനോട്, അല്ലാഹുവിനോട് മാത്രം പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയിൽ അദ്ദേഹം സന്താനങ്ങളുടെ ക്ഷേമം, നാട്ടിൻെറ സമാധാനം, വരുന്ന തലമുറയുടെ കാര്യം, തൻെറ പ്രാർത്ഥനാഫലമായി വയസ്സ് കാലത്ത് സന്താനം ലഭിച്ചതിലുള്ള സന്തോഷം, മാതാപിതാക്കളുടെ പാപമോചനം എല്ലാം സൂചിപ്പിക്കുന്നുണ്ട്. ഖുർആൻ പറയുന്നത് കാണുക:

رَبِّ اجْعَلْ هٰذَا الْبَلَدَ آمِنًا وَاجْنُبْنِي وَبَنِيَّ أَنْ نَعْبُدَ الْأَصْنَامَ. رَبِّ إِنَّهُنَّ أَضْلَلْنَ كَثِيرًا مِنَ النَّاسِ فَمَنْ تَبِعَنِي فَإِنَّهُ مِنِّي وَمَنْ عَصَانِي فَإِنَّكَ غَفُورٌ رَحِيمٌ. رَبَّنَا إِنِّي أَسْكَنْتُ مِنْ ذُرِّيَّتِي بِوَادٍ غَيْرِ ذِي زَرْعٍ عِنْدَ بَيْتِكَ الْمُحَرَّمِ رَبَّنَا لِيُقِيمُوا الصَّلَاةَ فَاجْعَلْ أَفْئِدَةً مِنَ النَّاسِ تَهْوِي إِلَيْهِمْ وَارْزُقْهُمْ مِنَ الثَّمَرَاتِ لَعَلَّهُمْ يَشْكُرُونَ. رَبَّنَا إِنَّكَ تَعْلَمُ مَا نُخْفِي وَمَا نُعْلِنُ وَمَا يَخْفَى عَلَى اللّٰهِ مِنْ شَيْءٍ فِي الْأَرْضِ وَلَا فِي السَّمَاءِ. اَلْحَمْدُ لِلّٰهِ الَّذِي وَهَبَ لِي عَلَى الْكِبَرِ إِسْمٰعِيلَ وَإِسْحٰقَ إِنَّ رَبِّي لَسَمِيعُ الدُّعَاءِ. رَبِّ اجْعَلْنِي مُقِيمَ الصَّلٰوةِ وَمِنْ ذُرِّيَّتِي رَبَّنَا وَتَقَبَّلْ دُعَاءِ. رَبَّنَا اغْفِرْلِي وَلِوَالِدَيَّ وَلِلْمُؤْمِنِينَ يَوْمَ يَقُومُ الْحِسَابُ (ابراهيم ٣٥ - ٤١)

"എൻെറ നാഥാ! ഈ നാടിനെ നീ സമാധാന പൂർണ്ണമാക്കേണമേ! വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽ നിന്ന് എന്നെയും എൻെറ സന്താനങ്ങളെയും നീ അകറ്റി നിർത്തേണമേ! എൻെറ നാഥാ അവ മനുഷ്യരിൽ വളരെപേരെ വഴിതെറ്റിച്ചുകളഞ്ഞിരിക്കുന്നു. എന്നാൽ എന്നെ ആർ പിന്തുടരുന്നുവോ അവൻ നിശ്ചയമായും എന്നിൽ പെട്ടവനാണ്. ആരെങ്കിലും എന്നെ അനുസരിക്കാതിരുന്നാൽ തീർ

ച്ചയായും നീ പൊറുത്തു കൊടുക്കുന്നവനാണ്. കരുണാനിധിയുമാണ്. ഞങ്ങളുടെ നാഥാ! എൻെറ സന്താനങ്ങളിൽ പെട്ടവരെ കൃഷിയില്ലാത്ത ഒരു താഴ്‌വരയിൽ പാവനമായ നിൻെറ മന്ദിരത്തിൻെറ അടുത്ത് ഞാൻ പാർപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ! അവർ നമസ്കാരം നിലനിറുത്തുന്നതിനുവേണ്ടി. അതുകൊണ്ട് മനുഷ്യരിൽ(ചിലരുടെ) ഹൃദയങ്ങളെ അവരുടെ നേരെ സ്നേഹമുള്ളതാക്കേണമേ. കായ്കനികളിൽ നിന്ന് അവർക്ക് ഭക്ഷണം നൽകുകയും ചെയ്യേണമേ! അവർ നന്ദി കാട്ടുന്നതിന് വേണ്ടി. ഞങ്ങളുടെ നാഥാ! ഞങ്ങൾ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും എല്ലാം തീർച്ചയായും നീ അറിയുന്നു. ഭൂമിയിലോ ആകാശത്തിലോ ഒരു വസ്തുതവും അല്ലാഹുവിന് മറഞ്ഞിരിക്കുന്നില്ല. വാർദ്ധക്യദശയിൽ ഇസ്മാഈലിനെയും ഇസ്ഹാഖിനെയും എനിക്കു കനിഞ്ഞു നൽകിയ അല്ലാഹുവിന് സർവ്വ സ്തുതിയും. തീർച്ചയായും എൻെറ രക്ഷിതാവ് പ്രാർത്ഥന കേൾക്കുന്നവൻ തന്നെയാകുന്നു. എൻെറ നാഥാ! നമസ്കാരം (മുറപ്രകാരം) നിലനിർത്തുന്ന ഒരുവനായി എന്നെ നീ ആക്കേണമേ! എൻെറ സന്തതിയിൽ പെട്ടവരെയും (നമസ്കാരത്തിൽ നിഷ്ഠയുള്ളവരാക്കേണമേ)! ഞങ്ങളുടെ നാഥാ, എൻെറ പ്രാർത്ഥന നീ കൈക്കൊള്ളേണമേ!" (ഇബ്രാഹീം : 35 - 41)

മക്കാപ്രദേശത്തിനും അവിടുത്തെ നിവാസികൾക്കുമായി അദ്ദേഹം നടത്തിയ മറ്റൊരു പ്രാർത്ഥന ഇതാ:

رَبِّ اجْعَلْ هٰذَا بَلَدًا آمِناً وَارْزُقْ أَهْلَهُ مِنَ الثَّمَرَاتِ مَنْ آمَنَ مِنْهُمْ بِاللّٰهِ وَالْيَوْمِ الآخِرِ

(البقرة ١٢٦)

"എൻെറ നാഥാ! ഇതിനെ ഒരു നിർഭയ രാജ്യമാക്കേണമേ! ഇതിലെ നിവാസികൾക്ക് - അവരിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചവർക്ക് - ഫലവർഗ്ഗങ്ങൾ ആഹാരമായി നൽകേണമേ!" രണ്ട് ആഗ്രഹമാണ് അദ്ദേഹം ഈ പ്രാർത്ഥനയിലൂടെ അല്ലാഹുവിൻെറ മുമ്പിൽ സമർപ്പിക്കുന്നത്. ഒന്ന് മക്കാ രാജ്യം എന്നും ശാന്തിയും സമാധാനവും കളിയാടുന്ന ഒരു സുരക്ഷിത രാജ്യമാക്കുക, രണ്ട് അതിൽ നിവസിക്കുന്ന സത്യവിശ്വാസികളായ ആളുകൾക്ക് ആഹാരം നൽകുക. ചുരുക്കത്തിൽ നാട്ടിൻെറ ശാന്തിയും അതിലെ നല്ലവരായ ജനതയുടെ ആഹാര പ്രശ്നവുമാണ് ഇവിടെ പരിഹരിക്കേണ്ട കാര്യം. എല്ലാ നാടിനെയും നാട്ടുകാരെയും ഈ പ്രശ്നം ബാധിക്കും. അപ്പോൾ അതിൻെറ സഫലീകരണത്തിന് വേണ്ടി നാം ആരോട് പ്രാർത്ഥിക്കണം എന്നാണ് പ്രവാചക പ്രവരനായ ഇബ്രാഹീം (അ) നമ്മെ പഠിപ്പിച്ചു തരുന്നത്; അല്ലാഹുവിനോട് മാത്രം.

അല്ലാഹുവിൻെറ ആജ്ഞപ്രകാരം ഇബ്രാഹീം(അ) സ്വന്തം പുത്രനോടൊത്ത് വിശുദ്ധ ദേവാലയമായ കഅ്ബയുടെ അസ്തിവാരം പടുത്തുയർത്തി. അല്ലാഹുവിൻെറ കൽപന അനുസരിച്ചാണ് അവർ അത് നിർവ്വഹിക്കുന്നതെങ്കിൽ തന്നെയും അവരുടെ ഹൃദയം സദാപിടച്ചുകൊണ്ടിരുന്നു. തങ്ങളുടെ കർമ്മങ്ങൾ

അന്ത്യനാളിൽ പ്രതിഫലാർഹമായിരിക്കുമോ എന്ന ഉൽക്കണ്ഠയായിരുന്നു ആ വ്യാകുലതക്ക് കാരണം. ജീവിതവും മരണവും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ബലിയർപ്പിച്ച ഒരു മനുഷ്യന്റെ ഹൃത്തടത്തിൽ നിന്ന് ഏതൊരു സൽകർമ്മം ചെയ്യുമ്പോഴും ആദ്യമായി ഉടലെടുക്കുന്ന ആഗ്രഹം അതു ദൈവത്തിങ്കൽ സ്വീകാര്യയോഗ്യമായ കർമ്മമായിരിക്കണമെന്നതാണ്. കഠിനാദ്ധ്വാനം ചെയ്തിട്ട് അവസാനം കമഴ്ത്തിവെച്ച കുടത്തിന്റെ പുറത്ത് വെള്ളമൊഴിച്ചത് പോലെയായാൽ അതിനെക്കാൾ വലിയ വൃഥാവേലയെന്താണുള്ളത്! ഒരാൾ ഒരു ജോലിയെടുത്തു. മുതലാളി അതിനെ അംഗീകരിക്കുകയോ അഭിനന്ദിക്കുകയോ ചെയ്തില്ലെങ്കിൽ ആ തൊഴിലാളിക്കുണ്ടാകുന്ന വേദന എത്രമാത്രമായിരിക്കും! ഇതിനെക്കാൾ വലിയ ഖേദമായിരിക്കും അല്ലാഹു കൽപിച്ച ഒരു ജോലി ഒരാൾ നിർവ്വഹിച്ചിട്ട് ആത്മാർത്ഥതയുടെ അഭാവം മൂലം അത് അല്ലാഹുവിങ്കൽ അസ്വീകാര്യമായിത്തീരുമ്പോൾ ഉണ്ടാവുക. അതിനാൽ തങ്ങളുടെ കർമ്മ സ്വീകാര്യതയെ സംബന്ധിച്ച ചിന്ത ആ ഭക്ത മനസ്സുകളെ അലട്ടിക്കൊണ്ടിരുന്നു; അതുപോലെത്തന്നെ ഭാവിയെപ്പറ്റിയുള്ള പലവിധ ചിന്തകളും സമ്പൂർണ്ണമായും അല്ലാഹുവിന് വിധേയരായി ജീവിക്കുന്നതിൽ നിന്നു തങ്ങൾ എപ്പോഴെങ്കിലും വ്യതിചലിച്ചു പോകുമോ? ഈ ദേവാലയം കെട്ടിപ്പണിതിട്ട് അവിടെ നടത്തേണ്ട ആരാധനകളെന്തൊക്കെയാണ്? അതിൽ പാകപ്പിഴവുകൾ സംഭവിക്കുമോ? ഭാവി തലമുറകൾ വഴിതെറ്റിപ്പോകുമോ? അവർക്ക് മാർഗ്ഗദർശനത്തിന് എന്തുമാർഗ്ഗം? കഅ്ബാലയം പടുത്തുയർത്തുമ്പോൾ മനസ്സിൽ പൊങ്ങിവന്ന ചിന്താപ്രശ്നങ്ങൾ. എല്ലാറ്റിന്റെയും പരിഹാരത്തിനായി പിതാവും തനയനും അല്ലാഹുവിനെത്തന്നെ അവലംബിക്കുന്നു.

وَإِذْ يَرْفَعُ إِبْرَاهِيمُ الْقَوَاعِدَ مِنَ الْبَيْتِ وَإِسْمَاعِيلُ رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنْتَ السَّمِيعُ الْعَلِيمُ رَبَّنَا وَاجْعَلْنَا مُسْلِمَيْنِ لَكَ وَمِنْ ذُرِّيَّتِنَا أُمَّةً مُسْلِمَةً لَكَ وَأَرِنَا مَنَاسِكَنَا وَتُبْ عَلَيْنَا إِنَّكَ أَنْتَ التَّوَّابُ الرَّحِيمُ رَبَّنَا وَابْعَثْ فِيهِمْ رَسُولًا مِنْهُمْ يَتْلُو عَلَيْهِمْ آيَاتِكَ وَيُعَلِّمُهُمُ الْكِتَابَ وَالْحِكْمَةَ وَيُزَكِّيهِمْ إِنَّكَ أَنْتَ الْعَزِيزُ الْحَكِيمُ (البقرة ١٢٧ -١٢٩)

"ഇബ്രാഹീമും ഇസ്മാഈലും ആ മന്ദിരത്തിന്റെ അസ്തിവാരം കെട്ടി ഉയർത്തുന്ന സന്ദർഭം (അവർ പ്രാർത്ഥിച്ചു) ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്നു (ഈ കർമ്മം) സ്വീകരിക്കേണമേ! നീ മാത്രമാണ് എല്ലാം കേൾക്കുന്നവനും അറിയുന്നവനും, ഞങ്ങളുടെനാഥാ, നീ ഞങ്ങളെ നിന്നോടു അനുസരണമുള്ളവരാക്കേണമേ! ഞങ്ങളുടെ സന്തതികളിൽ നിന്നും നിന്നെ അനുസരിക്കുന്ന ഒരു ജനതയെയും ഉണ്ടാക്കേണമേ! ഞങ്ങളുടെ ആരാധനാ കർമ്മങ്ങളെ ഞങ്ങൾക്ക് നീ കാണിച്ചു തരേണമേ! ഞങ്ങളുടെ പശ്ചാത്താപം നീ സ്വീകരിക്കേണമേ! നി

ശ്ചയം നീ തന്നെയാണ് പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയും. ഞങ്ങളുടെ നാഥാ, നിന്റെ ആയത്തുകൾ അവർക്ക് ഓതിക്കൊടുക്കുകയും ഗ്രന്ഥവും തത്വവും അവരെ പഠിപ്പിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു പ്രവാചകനെ അവരിൽ നിന്ന് നീ അവർക്ക് അയച്ചു കൊടുക്കുകയും ചെയ്യേണമേ! നീയത്രെ പ്രതാപശാലിയും അഗാധജ്ഞനും" (2: 127 - 129)

ഇബ്രാഹീം (അ) ഒരു മനുഷ്യനിൽ ഉണ്ടാകാവുന്ന മറ്റ് ചില ആഗ്രഹങ്ങളെ സഫലീകരിച്ചു തരാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നത് മറ്റൊരു സ്ഥലത്ത് പഠിപ്പിക്കുന്നത് കാണുക:

رَبِّ هَبْ لِي حُكْماً وَأَلْحِقْنِي بِالصَّالِحِينْ. وَاجْعَلْ لِي لِسَانَ صِدْقٍ فِي الْآخِرِينْ. وَاجْعَلْنِي مِنْ وَرَثَةِ جَنَّةِ النَّعِيمْ. وَاغْفِرْ لِأَبِي إِنَّهُ كَانَ مِنَ الضَّالِّينْ. وَلَا تُخْزِنِي يَوْمَ يُبْعَثُونَ. يَوْمَ لَا يَنْفَعُ مَالٌ وَلَا بَنُونَ. إِلَّا مَنْ أَتَى اللهَ بِقَلْبٍ سَلِيمٍ (الشعراء ٨٢ - ٨٩)

"എന്റെ നാഥാ! നീ എനിക്ക് വിജ്ഞാനം നൽകേണമേ! സജ്ജനങ്ങളോടൊപ്പം എന്നെ നീ ചേർക്കുകയും ചെയ്യേണമേ! പിൻതലമുറയിൽ എന്നെ സംബന്ധിച്ച് സൽപേര് നിലനിർത്തിത്തരികയും ചെയ്യേണമേ! എന്നെ സുഖസമ്പൂർണ്ണമായ സ്വർഗ്ഗത്തിന്റെ അവകാശികളിൽ പെട്ടവനാക്കേണമേ! എന്റെ പിതാവിന് നീ പൊറുത്തുകൊടുക്കേണമേ! അദ്ദേഹം വഴിപിഴച്ചവരിൽ പെട്ടിരിക്കുന്നു. മുതലും മക്കളും യാതൊരു ഉപകാരവും ചെയ്യാത്ത ദിവസം, പുനർജന്മനാളിൽ നീ എന്നെ മാനം കെട്ടവനാക്കരുതേ! നിർദോഷമായ ഹൃദയത്തോടെ അല്ലാഹുവിന്റെ അടുക്കൽ ചെന്നവൻ ഒഴികെ (അന്ന് രക്ഷപ്പെടില്ല) (അശ്ശുഅറാഅ് : 83 - 89)

വിജ്ഞാനം, സൽപേര്, സജ്ജന സഹവാസം, സ്വർഗ്ഗീയ ജീവിതം പിതാവിന്റെ പാപമോചനം തുടങ്ങിയ കാര്യങ്ങൾ ലഭ്യമാകാൻ ആരോട് പ്രാർത്ഥിക്കണം? ഇക്കാര്യങ്ങളിലെല്ലാം മഹാനായ ഇബ്രാഹീം (അ)ന് ആഗ്രഹമുണ്ടായപ്പോൾ അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ച വചനങ്ങളാണ് നാം മുകളിൽ കണ്ടത്. അക്രമികളുടെ മർദ്ദനങ്ങളിൽ നിന്നുള്ള മോചനത്തിന് അദ്ദേഹം നടത്തിയ പ്രാർത്ഥന ക്വുർആൻ പഠിപ്പിക്കുന്നത് നോക്കുക:

رَبَّنَا لَا تَجْعَلْنَا فِتْنَةً لِلَّذِينَ كَفَرُوا وَاغْفِرْ لَنَا رَبَّنَا إِنَّكَ أَنْتَ الْعَزِيزُ الْحَكِيمْ (الممتحنة ٥)

"ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ സത്യനിഷേധികൾക്ക് പരീക്ഷണമാക്കരുതേ! ഞങ്ങൾക്ക് നീ പൊറുത്തു തരേണമേ! നിശ്ചയം, നീ തന്നെയാണ് യുക്തി പൂർവ്വം പ്രവർത്തിക്കുന്ന പ്രതാപശാലി" (അൽമുംതഹിന: 5)

# ലൂത്(അ)

വ്യത്യസ്ത കാലഘട്ടങ്ങളിൽ ഓരോ സമുദായത്തിലും പ്രവാചകന്മാർ ചെന്നു. അപ്പോഴെല്ലാം ആ സമുദായങ്ങൾ ഏതെങ്കിലും ചില മഹാപാപങ്ങളിൽ ആപാദാഗ്രം മുങ്ങിക്കിടക്കുകയായിരിക്കും. അത്തരത്തിലുള്ള ഒരു പാപ കർമ്മത്തിലായിരുന്നു ലൂത്(അ)മിന്റെ ജനതയും. എക്കാലത്തുമുള്ള എല്ലാ നല്ലവരായ മനുഷ്യരും വെറുക്കുകയും ദുഷിക്കുകയും ചെയ്തുപോന്ന ഒരു പാപമാണല്ലോ സ്വവർഗ്ഗസംഭോഗം. എന്നാൽ ലൂത്(അ)മിന്റെ ജനത ആ പാപത്തിന്റെ ദുഷിച്ചുനാറിയ അന്തരീക്ഷത്തിൽ അവർണ്ണനീയമാംവിധം ഇഴുകിച്ചേർന്നു. അദ്ദേഹം സ്വജനതയോട് ഉപദേശിച്ചു: "മനുഷ്യരിൽ നിന്ന് ആണുങ്ങളുടെ അടുക്കൽ നിങ്ങൾ ചെല്ലുകയും നിങ്ങൾക്കുവേണ്ടി നിങ്ങളുടെ നാഥൻ സൃഷ്ടിച്ചുതന്നിട്ടുള്ള നിങ്ങളുടെ ഭാര്യമാരെ നിങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നുവോ? എന്നാൽ നിങ്ങൾ അതിർലംഘകർ തന്നെയാണ്" (വി.ക്വു. 26: 167). ദുർവൃത്തികളിൽ ആനന്ദം കണ്ടെത്തിയ ദുഷ്ടജനങ്ങൾ എന്നും ശിഷ്ടജനങ്ങളെ വെറുക്കുകയും പുച്ഛരിക്കുകയും ചെയ്യുന്നു. അവരുടെ ഉപദേശങ്ങൾ തങ്ങളുടെ കുത്തഴിഞ്ഞ ജീവിതത്തിന് വിഘാതം സൃഷ്ടിക്കുമെന്ന് കാണുമ്പോൾ ആക്രമണങ്ങൾ അഴിച്ചുവിടുന്നു. അക്രമങ്ങളും പീഡനങ്ങളും നിരന്തരമായി നടത്തിയിട്ടും പതറാത്ത പാദമാണ് സജ്ജനങ്ങളുടെതെങ്കിൽ പിന്നെ അവരെ വകവരുത്തുവാനുള്ള ഗൂഢശ്രമമായിരിക്കും നടക്കുക. മഹാനായ ലൂത് (അ)മിന്റെയും അനുഭവം ഇതായിരുന്നു. അവർ പറഞ്ഞു: "ലൂത്വേ, നീ (ഉപദേശത്തിൽ നിന്ന്) വിരമിക്കാത്ത പക്ഷം നിശ്ചയമായും നീ (ആട്ടി) പുറത്താക്കപ്പെടുന്നവരിൽ പെടും. നിശ്ചയം, ഞാൻ നിങ്ങളുടെ പ്രവർത്തിയെ കഠിനമായി വെറുക്കുന്നവനാണെന്ന് അദ്ദേഹം പറഞ്ഞു". (വി.ക്വു. 26: 168,169). തുടർന്ന് ശത്രുക്കളുടെ മർദ്ദനം കഠിനമായി. അപ്പോൾ അദ്ദേഹത്തിൽ ഉടലെടുത്ത ആഗ്രഹം ആത്മാക്ഷയായിരുന്നു. ഉടനെ പടച്ചവനോട് അദ്ദേഹം പ്രാർത്ഥിച്ചത് ക്വുർആൻ നമുക്ക് പറഞ്ഞുതരുന്നു.

رَبِّ نَجِّنِي وَأَهْلِي مِمَّا يَعْمَلُونَ (الشعراء ١٨)

"എന്റെ നാഥാ! അവരുടെ പ്രവർത്തനത്തിൽ നിന്ന് എന്നെയും എന്റെ കുടുംബത്തെയും നീ രക്ഷിക്കേണമേ!"

മറ്റൊരു സ്ഥലത്ത്, അവർ ലൂത്(അ)നോട് വെല്ലുവിളിച്ചതായി രേഖപ്പെടുത്തുന്നു. "അപ്പോൾ അദ്ദേഹത്തിന്റെ ജനതയുടെ മറുപടി ഇത് മാത്രമായിരുന്നു: "നീ സത്യവാദികളിൽ പെട്ടവനാണെങ്കിൽ ദൈവശിക്ഷ നീ ഞങ്ങൾക്ക് കൊണ്ടുവരൂ" എന്നവർ പറഞ്ഞു. (29:30). അപ്പോൾ ശത്രുക്കളുടെ ക്രൂരമായ പീഢനത്തിൽ നിന്നും പരിഹാസത്തിൽ നിന്നുമുള്ള മോചനമായിരുന്നു ലൂത്(അ)മിന്റെ ആഗ്രഹം. ഉടനെ അദ്ദേഹം അല്ലാഹുവിനോട് പ്രാർത്ഥിച്ചു:

رَبِّ انْصُرْنِي عَلَى الْقَوْمِ الْمُفْسِدِينَ (العنكبوت ٢١)

"എൻെറ നാഥാ! നാശകാരികളായ ഈ ജനതക്കെതിരിൽ എന്നെ നീ സഹായിക്കേണമേ!" ഇവിടെ ലൂത്വ്(അ)മിൻെറ അഭിമാന സംരക്ഷണത്തിന്നും, ആത്മരക്ഷക്കും ആഗ്രഹസഫലീകരണത്തിന്നും എല്ലാം ഏതെങ്കിലും മുൻ കഴിഞ്ഞ പ്രവാചകന്മാരോടോ സജ്ജനങ്ങളോടോ അല്ല അദ്ദേഹം പ്രാർത്ഥിച്ചത്. അല്ലാഹുവിനോട് മാത്രമായിരുന്നു.

## യഅ്ക്വൂബ് (അ)

യഅ്ക്വൂബ്(അ)മിന് പന്ത്രണ്ടു മക്കളായിരുന്നു. അതിൽ യൂസുഫ് (അ)ഉം, ബിൻയാമീനും ഇളയവരായിരുന്നു. അതിനാൽ അദ്ദേഹം അവരോട് കൂടുതൽ സ്നേഹവാത്സല്യം കാണിച്ചിരുന്നു. അസൂയയും വെറുപ്പും പൂണ്ട സഹോദരന്മാർ വഞ്ചനാത്മകമായ പല വാക്കുകളും പിതാവിനോട് പറഞ്ഞ് യൂസുഫിനെ തട്ടിയെടുത്തു. അനന്തരം അവർദ്ദേഹത്തെ ആഴമേറിയ കിണറ്റിൽ വലിച്ചെറിഞ്ഞു. പിതാവിൻെറ മുമ്പിൽ തിരിച്ചുചെന്നു യൂസുഫിനെ ചെന്നായ തിന്നതായി നുണ പറഞ്ഞു. തെളിവിനായി ആട്ടിൻചോര പുരട്ടിയ യൂസുഫിൻെറ കുപ്പായം അദ്ദേഹത്തിൻെറ മുമ്പിൽ ഹാജരാക്കി. നിസ്സഹായനായ യഅ്ക്വൂബ്(അ) പറഞ്ഞു: "ഭംഗിയായി ക്ഷമിക്കുക തന്നെ. നിങ്ങൾ പറയുന്നതിനെപ്പറ്റി സഹായം അപേക്ഷിക്കപ്പെടുന്നവർ അല്ലാഹുവാകുന്നു" (12: 18)

അങ്ങനെ പുത്രവിരഹത്താൽ ആ വയോവൃദ്ധൻ നാൾക്കുനാൾ ക്ഷീണിച്ചു വന്നു. കരഞ്ഞു കരഞ്ഞു കണ്ണുകൾ കലങ്ങിമറിഞ്ഞു. അപ്പോഴും തനിക്കു നഷ്ടപ്പെട്ട കുട്ടിയെ തിരിച്ചുകിട്ടാൻ കഴിഞ്ഞുപോയ ഏതെങ്കിലും പ്രവാചകനെയോ സജ്ജനങ്ങളെയോ വിളിച്ചു പ്രാർത്ഥിച്ചില്ല.

ദു:ഖത്തിനുമേൽ ദു:ഖം അദ്ദേഹത്തെ വീണ്ടും വലയം ചെയ്യുന്നു. തൻെറ കണ്ണിലുണ്ണിയായിരുന്ന യൂസുഫ് നഷ്ടപ്പെട്ടതിലുള്ള തീരാത്ത വേദന കടിച്ചമർത്തി കഴിഞ്ഞു കൂടുമ്പോഴാണ് അത് സംഭവിച്ചത്. നാട്ടിൽ മുഴുവനും ഭക്ഷ്യക്ഷാമം നേരിട്ടു. അപ്പോഴാണ് കേൾക്കാൻ കഴിഞ്ഞത് ഈജിപ്തിൽ ഭക്ഷണസാധനങ്ങൾ റേഷനായി വിതരണം നടത്തുന്നുണ്ട് എന്ന്. അങ്ങനെ അദ്ദേഹത്തിൻെറ ബിൻയാമീനല്ലാത്ത എല്ലാ മക്കളും ഭക്ഷ്യസാധനങ്ങൾ വാങ്ങാൻ മന്ത്രി സന്നിധിയിലെത്തി. പക്ഷേ, അവിടെ നേരിട്ട് ഹാജരാകുന്നവർക്കു മാത്രമേ ഭക്ഷണം കൊടുക്കുകയുള്ളൂ. അതിനാൽ വീട്ടിലുള്ള ബിൻയാമീനെയും ഹാജരാക്കണമെന്ന് മന്ത്രി കൽപിച്ചു.

സംഭവങ്ങളെല്ലാം മക്കൾ മടങ്ങിവന്ന് വാപ്പയോടു പറഞ്ഞു. വീണ്ടും ഭക്ഷ്യസാധനങ്ങൾ കിട്ടണമെങ്കിൽ ബിൻയാമീൻ അവിടെ ഹാജരായേ തീരൂ. ഇതുകേ

ട്ടപാടെ യഅ്ക്വൂബ്(അ) ഞെട്ടിത്തരിച്ചു. തന്നെ കൂടുതൽ സ്നേഹിച്ചിരുന്ന ഏറ്റവും പ്രിയപ്പെട്ട മകനായിരുന്നു യൂസുഫ്. പണ്ടൊരുനാളിൽ ഇത്തരത്തിൽ ഒരുകാരണം പറഞ്ഞാണ് ഇവർ അവനെ കൊണ്ടുപോയത്. അതിനുശേഷം ആ കുഞ്ഞിൻെറ ഓമനമുഖം കാണാൻ കഴിഞ്ഞില്ല. അവന് ശേഷം സ്നേഹം മുഴുവനും പിടിച്ചുപറ്റിയ കുഞ്ഞുമകനാണ് ബിൻയാമീൻ. ഇന്നിതാ അവനെയും വിട്ടുകിട്ടണമെന്നാണിവരുടെ ഉദ്ദേശ്യം. എന്തു ചെയ്യും? ഇവർ പറയുന്നത് സത്യമോ അസത്യമോയെന്ന് അറിയുന്നവൻ അല്ലാഹു മാത്രം. അവസാനം സാഹചര്യങ്ങളുടെയും മക്കളുടെയും സമ്മർദ്ദത്തിന് വഴങ്ങി അദ്ദേഹം ബിൻയാമീനെയും അവരുടെ കൂടെ അയച്ചുകൊടുത്തു. അവിടെ യഅ്ക്വൂബ് (അ) ഭയപ്പെട്ടത് സംഭവിക്കുകയും ചെയ്തു. ബിൻയാമീനിൻെറ ചാക്കിൽ രാജാവിൻെറ അളവുപാത്രം കണ്ടെത്തിയതിനെ തുടർന്ന് അയാളെ മന്ത്രി പിടിച്ചുവെച്ചു. മക്കൾ മടങ്ങിവന്ന് സംഭവം വാപ്പയോട് പറയുന്നു. ഇവിടെ ആ സംഭവ കഥകൾ ദീർഘമായി വിശദീകരിക്കലല്ല ലക്ഷ്യം. രണ്ടു കുട്ടികളും നഷ്ടപ്പെട്ട ഒരു പിതാവ് . അതും കുട്ടികളുടെ കൂട്ടത്തിൽ തന്നെ ഇങ്ങോട്ടും താൻ അങ്ങോട്ടും കൂടുതലായി സ്നേഹിക്കുന്ന മക്കൾ. ഇത്തരം സന്ദർഭത്തിൽ ഒരു പിതാവിനുണ്ടാകുന്ന ഹൃദയവ്യഥയും മനോവേദനയും എത്രയായിരിക്കുമെന്ന് ബുദ്ധിയുള്ള ആർക്കും ഊഹിക്കാം. ആ പൽഘട്ടങ്ങളിൽ സൃഷ്ടികളെ വിളിച്ചു പ്രാർത്ഥിക്കാമെങ്കിൽ രണ്ടു പുത്രന്മാർ നഷ്ടപ്പെട്ട യഅ്ക്വൂബ് (അ) അതു ചെയ്യുമായിരുന്നു. പക്ഷേ, ആ സന്ദർഭത്തിലും അദ്ദേഹം തൻെറ കദനഭാരം അല്ലാഹുവിൻെറ മുമ്പിൽ മാത്രം ഇറക്കിവെക്കുന്നതായിട്ടാണ് ക്വുർആൻ നമുക്ക് പഠിപ്പിക്കുന്നത്.

قَالَ إِنَّمَا أَشْكُوا بَثِّي وَحُزْنِي إِلَى اللهِ وَأَعْلَمُ مِنَ اللهِ مَالَا تَعْلَمُونَ (يوسف ٨٦)

“അദ്ദേഹം പറഞ്ഞു: എൻെറ കഷ്ടപ്പാടും വേദനയും ഞാൻ അല്ലാഹുവിനോട് മാത്രമാണ് ബോധിപ്പിക്കുന്നത്. അല്ലാഹുവിങ്കൽ നിന്ന് നിങ്ങളറിയാത്തത് ഞാനറിയുന്നു.”

ഇങ്ങനെയാണ് പുത്രനഷ്ടം സംഭവിച്ച ആളുകൾ ചെയ്യേണ്ടത്. അല്ലാതെ കല്ലിനെയും ഖബറിനെയും തങ്ങളെയും ജോത്സ്യനെയും ശരണം തേടുകയും വിളിച്ചു പ്രാർത്ഥിക്കുകയുമല്ല. യഅ്ക്വൂബ് നബി(അ)ൻെറ മാതൃക അതാണ്.

## യൂസുഫ്(അ)

സൂറത്ത് യൂസുഫിൽ അല്ലാഹു പ്രവാചകനായ യൂസുഫ് (അ)ൻെറ സംഭവബഹുലമായ ജീവിതകഥ നമുക്ക് പറഞ്ഞുതരുന്നു. ആ ദൈവദൂതൻെറ അന്യാദൃശമായ ശരീര സൗന്ദര്യത്തിൽ ആകൃഷ്ടയായ ഈജിപ്തിലെ പ്രഭുവിൻെറ ഭാര്യ അദ്ദേഹത്തെ കടന്നാക്രമിച്ചു. തൻെറ ഇംഗിതത്തിന് യുസൂഫ് വഴങ്ങുന്നി

ല്ലെന്ന് കണ്ടപ്പോൾ അധികാരമുപയോഗിച്ച് ദുർവൃത്തിക്ക് വശംവദനാക്കാൻ ശ്രമിച്ചു. "അവൾ പറഞ്ഞു.... അവനോട് ഞാൻ കൽപ്പിക്കുന്നത് അവൻ പ്രവർത്തിക്കുന്നില്ലെങ്കിൽ തീർച്ചയായും അവൻ തുറുങ്കിലടക്കപ്പെടും. ഏറ്റവും നികൃഷ്ടന്മാരുടെ കൂട്ടത്തിൽ അവൻ ആയിരിക്കുകയും ചെയ്യും" (12: 33). ഒരു മനുഷ്യൻ കൽതുറുങ്കിലടക്കപ്പെടുക; അതും ചെയ്യാത്ത കുറ്റത്തിന്. പ്രഭ്വിയുടെ കാമപൂർത്തീകരണത്തിന് വഴങ്ങിയില്ലായെന്നതായിരുന്നു ആ കുറ്റം ചുമത്താനുള്ള കാരണം. താങ്ങാനാവാത്ത ആ ജയിൽ ശിക്ഷയിൽ നിന്ന് അദ്ദേഹം ആരോട് ശരണമർത്ഥിക്കും? ഇത്തരത്തിലുള്ള ഒരു സാഹചര്യത്തിൽ യൂസുഫ് (അ) ആഗ്രഹസഫലീകരണത്തിന് വേണ്ടി നടത്തിയ പ്രാർത്ഥന ക്വുർആൻ പഠിപ്പിക്കുന്നത് കാണുക. അദ്ദേഹം പറഞ്ഞു:

رَبِّ السِّجْنُ أَحَبُّ إِلَيَّ مِمَّا يَدْعُونَنِي إِلَيْهِ وَإِلَّا تَصْرِفْ عَنِّي كَيْدَهُنَّ أَصْبُ إِلَيْهِنَّ وَأَكُنْ مِنَ الْجَاهِلِينَ (يوسف ٣٣)

"എന്റെ രക്ഷിതാവേ! യാതൊന്നിലേക്ക് എന്നെ അവർ ക്ഷണിക്കുന്നുവോ അതിനേക്കാൾ എനിക്ക് പ്രിയങ്കരം കൽതുറങ്കാണ്. അവരുടെ കെണിയിൽ നിന്ന് എന്നെ നീ തിരിച്ചു വിട്ടില്ലെങ്കിൽ അവരിലേക്ക് ഞാൻ (മനസ്സ്) ചായുകയും മൂഢന്മാരിൽ ഞാൻ ആയിപ്പോവുകയും ചെയ്യും" (12: 33)

അങ്ങനെ വികാരോജ്ജ്വലമായ ആ സംഭവകഥയുടെ അവസാനഭാഗം ക്വുർആൻ പറഞ്ഞുതരുന്നു. സഹോദരന്മാരുടെ കിരാതമായ പ്രവർത്തനത്തിന്റെ കയ്പുനീര് വേണ്ടത്ര കുടിക്കേണ്ടി വന്ന യൂസുഫ് (അ) അവസാനം ഈജിപ്തിലെ ഭരണസാരഥിയായി. തന്നെ കൊല്ലാൻ കിണറ്റിലേക്ക് വലിച്ചെറിഞ്ഞ അതേ കൈകൾ തന്നെ ഒരു നേരത്തെ ആഹാരത്തിനായി അദ്ദേഹത്തിന്റെ മുമ്പിൽ 'കൈക്കുമ്പിളു'മായി ചെന്നുനിന്നു. അപ്പോൾ പ്രതികാര വാഞ്ഛ തൊട്ടുതീണ്ടാതെ അദ്ദേഹം പ്രശ്നങ്ങൾ കൈകാര്യം ചെയ്തു. അവസാനം തന്റെ മാതാപിതാക്കളെയും സഹോദരന്മാരെ മുഴുവനും ഈജിപ്തിലേക്ക് കൊണ്ടുവരികയും കൊട്ടാരത്തിൽ അവർക്ക് ഊഷ്മളമായ സ്വീകരണം നൽകുകയും ചെയ്തു. തന്നെ കൊല്ലാൻ മൃഗീയവും ക്രൂരവുമായ കൃത്യങ്ങൾ ചെയ്ത സഹോദരന്മാർക്ക്, ശിക്ഷിക്കാൻ അധികാരമുണ്ടായിട്ടും മാപ്പുചെയ്യാനും ഒരു സഹോദരൻ മറ്റൊരു സഹോദരനോട് വർത്തിക്കേണ്ടതെങ്ങിനെയെന്ന് കാട്ടിക്കൊടുക്കാനും അവസരം നൽകിയ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുകയാണ് ഇവിടെ യൂസുഫ് (അ) ചെയ്യുന്നത്. അതോടൊപ്പം തന്നെ മുസ്ലിമായി മരിക്കണമെന്നും മരണാനന്തരം സജ്ജനങ്ങളുടെ കൂടെ കഴിയണമെന്നുമുള്ള സഫലീകൃതമാകേണ്ട ആഗ്രഹവും ആ പ്രാർത്ഥനയിൽ അന്തർലീനമായിട്ടുണ്ട്. ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് നിർഗ്ഗളിക്കുന്ന ആ പ്രാർത്ഥന അല്ലാഹുവിനെ മാത്രം വിളിച്ചുകൊണ്ടാണ്

അദ്ദേഹം നിർവ്വഹിക്കുന്നത്

رَبِّ قَدْ آتَيْتَنِي مِنَ الْمُلْكِ وَعَلَّمْتَنِي مِنْ تَأْوِيلِ الْأَحَادِيثِ فَاطِرَ السَّمَاوَاتِ وَالْأَرْضِ أَنْتَ وَلِيِّي فِي الدُّنْيَا وَالْآخِرَةِ تَوَفَّنِي مُسْلِمًا وَأَلْحِقْنِي بِالصَّالِحِينَ (يوسف ١٠١)

"എന്റെ രക്ഷിതാവേ! നീ എനിക്ക് തീർച്ചയായും ആധിപത്യം നൽകിയിരിക്കുന്നു. സ്വപ്നങ്ങളുടെ ആന്തരാർത്ഥത്തെക്കുറിച്ച് എന്നെ നീ പഠിപ്പിക്കുകയും ചെയ്തു. ആകാശ ഭൂമികളുടെ സ്രഷ്ടാവേ! ഇഹത്തിലും പരത്തിലും നീയാണ് എന്റെ രക്ഷകൻ. മുസ്ലിമായി നീ എന്നെ മരിപ്പിക്കുകയും സജ്ജനങ്ങളിൽ എന്നെ ചേർക്കുകയും ചെയ്യേണമേ" (12: 101)

# അയ്യൂബ്(അ)

തീരാരോഗങ്ങൾക്കും മഹാവ്യാധികൾക്കും അല്ലാഹു അല്ലാത്തവരെ ശരണം പ്രാപിക്കുകയും വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നവർ മഹാനായ അയ്യൂബ് (അ)ന്റെ ചരിത്രം പഠിക്കേണ്ടതാണ്. തീഷ്ണമായ പരീക്ഷണങ്ങളെ നേരിട്ട ആ പ്രവാചകൻ അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസമാണ് മാനവരാശിയുടെ മുമ്പിൽ കാഴ്ചവെക്കുന്നത്. ആദ്യമായി അദ്ദേഹത്തിന്റെ സമ്പത്ത് മുഴുവനും നശിച്ചു. ഒരു നാട്ടിൽ അത്യാവശ്യം എല്ലാ ജീവിത സൗകര്യവുമുണ്ടായിരുന്ന ഒരാൾ എല്ലാം നശിച്ച് പരമ ദരിദ്രനായി മാറുന്നു. ക്രമേണ എന്തിനും ത്രാണിയുള്ള സന്താനങ്ങൾ ഓരോരുത്തരായി മരിക്കുന്നത് പിതാവ് നോക്കിക്കാണുന്നു. ഏതൊരു മനുഷ്യപുത്രന്റെയും ചിത്തം പതറുന്ന രംഗമാണിത്. എന്നാൽ അവിടെ അയ്യൂബ്(അ) ക്ഷമ കൈക്കൊണ്ടു. പരീക്ഷണത്തിന്റെ സീമകൾ അവിടെയും നിന്നില്ല. അരോഗദൃഢഗാത്രനായ അദ്ദേഹം ഒരുദിനം രോഗിയായി മാറുന്നു. തന്റെ സമ്പത്ത് മുഴുവൻ നശിച്ചു. സന്താനങ്ങൾ ഒന്നില്ലാതെ മരിച്ചു. അവസാനം ഒരു മഹാരോഗത്തിന്റെ കരാളഹസ്തത്തിൽ അദ്ദേഹം ഞെരിഞ്ഞമർന്നു.

ഇത്തരത്തിലുള്ള സാഹചര്യത്തിൽ കല്ലിന്റെയും ഖബറിന്റെയും മുമ്പിൽ ഖൽബ് പതറാതെ അല്ലാഹുവിൽ മാത്രം ആശ്രയവും അവലംബവും കണ്ടെത്തുന്ന എത്രപേരുണ്ട് മനുഷ്യരിൽ? അവിടെ പ്രവാചക പ്രവരന്മാർ പഠിപ്പിക്കുകയും കാട്ടിത്തരികയും ചെയ്ത മാതൃക ജീവിതത്തിൽ പകർത്തുന്ന എത്ര മനുഷ്യരുണ്ട് ഈ ജനകോടികളിൽ? മനുഷ്യ ജീവിതത്തിലെ സുഖത്തിന്റെ മറുവശമാണ് ദു:ഖം. സന്തോഷ സന്താപ സമ്മിശ്രമാണ് ഈ ദുനിയാവ്. ആതുരനും ആരോഗ്യവാനും കൂടിയതാണ് മാനവരാശി. എന്നാൽ സന്തോഷങ്ങളുണ്ടാകുമ്പോൾ അതിൽ നന്ദിരേഖപ്പെടുത്തേണ്ടത് അല്ലാഹുവിനോട്; സന്താപങ്ങൾ ഉണ്ടാകുമ്പോൾ അതിൽ നിന്ന് മോചനത്തിന് വേണ്ടി പ്രാർത്ഥിക്കേണ്ടത് അല്ലാഹുവിനോട്. ജന

ങ്ങളെ ഈ ആശയം പഠിപ്പിക്കാൻ ലക്ഷത്തിൽപരം പ്രവാചകന്മാർ ഇവിടെ വന്നു. പക്ഷേ, ഫലം എന്തായിട്ടാണ് ഇന്നും നാം കാണുന്നത്! മഹാവ്യാധി ശമിക്കുന്നതിനും ആഗ്രഹ സഫലീകരണത്തിനും വേണ്ടി കല്ലുകളും, ഖബറുകളും, പാമ്പുകളും, പശുക്കളും എന്നുവേണ്ട അല്ലാഹുവിന്റെ ആയിരക്കണക്കിനു സൃഷ്ടികളെ അഭയം പ്രാപിക്കുകയും അവയോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഓരോ മനുഷ്യന്നും 'മുറാദുകൾ' ആയിരങ്ങളാണ്. അതെല്ലാം അറിയുന്നവനും സാധിപ്പിച്ചു തരുവാൻ കഴിവുള്ളവനും അല്ലാഹു മാത്രമാണ്. അതുകൊണ്ടാണ് സ്രഷ്ടാവിന്റെ ദൂതന്മാരായ പ്രവാചകന്മാർക്ക് പല തരത്തിലുള്ള കഷ്ടതകൾ ഉണ്ടാക്കിയത്. കഷ്ട നഷ്ടങ്ങളുടെ നീർച്ചുഴിയിൽ കിടന്ന് നട്ടംതിരിഞ്ഞപ്പോഴും അവർ അല്ലാഹുവിനെയല്ലാതെ വിളിച്ചു പ്രാർത്ഥിച്ചിട്ടില്ല. ഇപ്പോൾ നാം വായിച്ചു വരുന്നത് പ്രവാചകനായ അയ്യൂബ്(അ)മിനെ കുറിച്ചാണല്ലോ. അദ്ദേഹത്തിന് മഹാവ്യാധി വന്നപ്പോൾ അല്ലാഹുവിനോട് പ്രാർത്ഥിച്ചത് ക്വുർആൻ പഠിപ്പിക്കുന്നു:

وَأَيُّوبَ إِذْ نَادَىٰ رَبَّهُ أَنِّي مَسَّنِيَ الضُّرُّ وَأَنتَ أَرْحَمُ الرَّاحِمِينَ (الأنبياء ٨٣)

"അയ്യൂബ് തന്റെ നാഥനെ വിളിച്ചു പ്രാർത്ഥിച്ചത് (നീ സ്മരിക്കുക). എന്നെ ദുരിതം ബാധിച്ചിരിക്കുന്നു (നാഥാ!). നീയാണെങ്കിൽ കരുണാവാരിധികളിൽ കരുണാവാരിധിയാകുന്നു" എന്നാൽ അയ്യൂബ്(അ)മിന്റെ പ്രാർത്ഥനയെ അല്ലാഹു എങ്ങനെ പരിഗണിച്ചു? ക്വുർആൻ തുടർന്ന് അക്കാര്യം പറയുന്നുണ്ട്:

"അപ്പോൾ അദ്ദേഹത്തിന്ന് നാം ഉത്തരം ചെയ്തു. അങ്ങനെ അദ്ദേഹത്തിന് ബാധിച്ച ദുരിതം നാം നീക്കി. അദ്ദേഹത്തിന്റെ കുടുംബത്തെയും അവരുടെ കൂടെ അവർക്ക് സമമായിട്ടുള്ളതും അദ്ദേഹത്തിന് നാം കൊടുത്തു. നമ്മളിൽ നിന്നുള്ള കാരുണ്യവും അല്ലാഹുവിനെ ആരാധിക്കുന്നവർക്കുള്ള ഒരു ഉപദേശവുമാണിത്" (21: 84,85)

രോഗം അദ്ദേഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുമ്പോൾ, സഹിക്കവയ്യാത്ത വേദനയിൽ അദ്ദേഹം ദിനരാത്രങ്ങൾ തള്ളിനീക്കിയപ്പോൾ എല്ലാം തന്നെ "നിന്റെ ദാസനാവാൻ കഴിഞ്ഞ ഞാനെത്ര സൗഭാഗ്യവാൻ' എന്നായിരുന്നു അദ്ദേഹം പ്രാർത്ഥിച്ചിരുന്നത്. രോഗം മൂർച്ഛിക്കുന്തോറും അല്ലാഹുവിലുള്ള അദ്ദേഹത്തിന്റെ വിശ്വാസവും അവനോട് മാത്രമുള്ള പ്രാർത്ഥനയും ഏറിഏറിവന്നു. അതിനാൽ മാറാവ്യാധികളിലാകട്ടെ, മാറുന്ന വ്യാധികളിലാകട്ടെ ഒരു സത്യവിശ്വാസി മരുന്നു കഴിക്കുകയും രോഗശമനത്തിനുള്ള പ്രാർത്ഥന അല്ലാഹുവിനോട് മാത്രം നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്. അവരാണ് പ്രവാചകന്മാരുടെ അനുയായികൾ.

## ശുഅയ്ബ്(അ)

ശുഅയ്ബ്(അ) മദ്‌യൻ പ്രദേശത്തേക്ക് നിയോഗിതനായ ഒരു പ്രവാചകനായിരുന്നു. അല്ലാഹു അല്ലാത്തവരെ ആരാധിക്കുകയും അധർമ്മജീവിതം നയിക്കുകയും കച്ചവടത്തിൽ പ്രകടമായ തെറ്റുകൾ നടത്തുകയും ചെയ്ത ഒരു ജനതയെയായിരുന്നു ആ മഹാനായ പ്രവാചകന് നേരിടേണ്ടിവന്നത്. അളവിലും തൂക്കത്തിലും കളവും വഞ്ചനയും കൃത്രിമവും നടത്തിയതിനെ അദ്ദേഹം അതിരൂക്ഷമായി എതിർത്തു. ശുഅയ്ബ്(അ) അവരുടെ തെറ്റായ പ്രവർത്തനങ്ങളെ നിരന്തരമായി എതിർത്തിട്ടും ധിക്കാരവും അഹന്തയും കൈക്കൊണ്ട ജനത പറഞ്ഞു: "ശുഅയ്ബേ, നിന്നെയും നിന്നോടൊപ്പം വിശ്വസിച്ചവരെയും ഒന്നുകിൽ ഞങ്ങളുടെ നാട്ടിൽ നിന്ന് ഞങ്ങൾ പുറത്താക്കുക; അല്ലെങ്കിൽ നിങ്ങളെല്ലാവരും ഞങ്ങളുടെ മതത്തിലേക്ക് മടങ്ങുക. (ഇത് രണ്ടിലൊന്ന് തീർച്ചയായും ഉണ്ടാവണം"). അദ്ദേഹം - ശുഅയ്ബ് - ചോദിച്ചു. ഞങ്ങൾ അതിഷ്ടപ്പെടാത്തവരാണെങ്കിൽപോലും (അങ്ങനെ ചെയ്യണമോ?) നിങ്ങളുടെ മതത്തിൽ നിന്ന് അല്ലാഹു ഞങ്ങളെ രക്ഷിച്ചശേഷം വീണ്ടും അതിലേക്ക് ഞങ്ങൾ മടങ്ങിയാൽ ഞങ്ങൾ അല്ലാഹുവിൻെറ പേരിൽ കളവ് കെട്ടിപ്പറഞ്ഞതു തന്നെ. ഞങ്ങളുടെ രക്ഷിതാവായ അല്ലാഹു ഉദ്ദേശിച്ചെങ്കിലല്ലാതെ (അതുണ്ടാവില്ലതാനും) അതിലേക്ക് മടങ്ങുകയെന്നത് ഞങ്ങൾക്ക് ഒരിക്കലും പാടുള്ളതല്ല; ഞങ്ങളുടെ രക്ഷിതാവിൻെറ അറിവ് സകല വസ്തുക്കളെയും ഉൾക്കൊണ്ടിട്ടുള്ളതാണ്" (7: 88,89) ശത്രുക്കളോടുള്ള നീണ്ട വാഗ്വാദത്തിന് ശേഷം അദ്ദേഹം തൻെറ രക്ഷക്കായി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നത് കാണുക:

عَلَى اللهِ تَوَكَّلْنَا رَبَّنَا افْتَحْ بَيْنَنَا وَبَيْنَ قَوْمِنَا بِالْحَقِّ وَأَنْتَ خَيْرُ الْفَاتِحِينَ (الأعراف ٨٩)

"ഞങ്ങൾ എല്ലാകാര്യങ്ങളും അല്ലാഹുവിനെ ഭരമേൽപ്പിച്ചിരിക്കുന്നു; ഞങ്ങളുടെ നാഥാ! ഞങ്ങളുടെയും ഞങ്ങളുടെ ജനങ്ങളുടെയും മദ്ധ്യേ സത്യമനുസരിച്ച് നീ വിധി കൽപ്പിക്കേണമേ! നീ തന്നെയാണ് വിധികർത്താക്കളിൽ ഏറ്റവും അത്യുത്തമൻ" (7: 89)

## മൂസാ(അ)

ജീവിതയാത്രയിൽ ഒരു മനുഷ്യൻ നേരിടുന്ന പല സുഖദു:ഖങ്ങളും മൂസാ നബി(അ)മിൻെറ കഥയിലൂടെ ക്വുർആൻ വിവരിച്ചുതരുന്നത് നമുക്ക് കണ്ടെത്താം."ഞാനാകുന്നു നിങ്ങളുടെ പരമോന്നതനായ രക്ഷിതാവ്" എന്ന് വാദിച്ച ചരിത്രത്തിലെ ഏറ്റവും വലിയ ധിക്കാരിയും സ്വേച്ഛാധിപതിയുമായ ഫറോവയോട് അദ്ദേഹം വാഗ്വാദം നടത്തിയ വികാരോജ്ജ്വലമായ ഏടുകൾ ക്വുർആൻ

നമ്മുടെ മുമ്പിൽ നിരത്തുന്നു. ഓരോ ഘട്ടത്തിലും അദ്ദേഹം പ്രപഞ്ചനാഥനായ അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കുന്നതും അതോടൊപ്പം ഖുർആൻ നമുക്ക് പഠിപ്പിച്ചുതരുന്നു. അതിൽ ആദ്യമായി മൂസാ നബി(അ)ൻെറ പ്രാർത്ഥന ഖുർ ആൻ പഠിപ്പിച്ചുതരുന്നു. "അദ്ദേഹം തൻെറ സഹോദരനായ ഹാറൂൻ നബി(അ) ൻെറ കൈയിൽ ഇസ്രാഈല്യരുടെ നേതൃത്വം ഏൽപ്പിച്ചശേഷം അല്ലാഹുവുമാ യുള്ള 'മുനാജാത്തി'ന് പോയി; അങ്ങനെ തിരിച്ചുവന്നപ്പോൾ അവർ തൻെറ അ സാന്നിദ്ധ്യത്തിൽ ആഭരണങ്ങൾ കൊണ്ട് പശുക്കിടാവിൻെറ പ്രതിമയുണ്ടാക്കി അതിനെ പൂജിക്കുകയും ആരാധിക്കുകയും ചെയ്തു. അങ്ങനെ മൂസാനബി(അ) തിരിച്ചുവന്നപ്പോൾ കണ്ടകാഴ്ച അദ്ദേഹത്തെ വേദനിപ്പിക്കുന്നതും അതേയവസ രത്തിൽ കോപിപ്പിക്കുന്നതുമായിരുന്നു. ഞാൻ പോയതിന്ശേഷം നിങ്ങൾ പ്രവർ ത്തിച്ചത് എത്ര ചീത്തയാണ്! നിങ്ങളുടെ നാഥൻെറ കൽപ്പനയെ കാത്തിരിക്കാ തെ നിങ്ങൾ ധൃതികാണിച്ചുവല്ലോ എന്ന് അദ്ദേഹം പറയുകയും ചെയ്തു. (കൈയിലിരുന്ന) പലകകൾ ഇട്ടുകളയുകയും സഹോദരൻെറ തലപിടിച്ച് തൻെറ അടുത്തേക്ക് വലിക്കുകയും ചെയ്തു: അപ്പോൾ അദ്ദേഹം (ഹാറൂൻ) പറഞ്ഞു: "എൻെറ സഹോദരാ, നിശ്ചയം ആളുകളെന്നെ ബലഹീനനാക്കിക്കളഞ്ഞു; അ വർ എന്നെ കൊല്ലാനൊരുങ്ങുകയും ചെയ്തു. അതുകൊണ്ട് ശത്രുക്കൾ എന്നെ പ്പറ്റി സന്തോഷിക്കുന്ന പ്രവൃത്തി നീ ചെയ്യരുതേ! അക്രമികളായ ആളുകളുടെ കൂട്ടത്തിൽ എന്നെ നീ ആക്കുകയും ചെയ്യരുതേ!" (7: 150). തുടർന്ന് ആ പശു പൂ ജയിൽ ആനന്ദം കണ്ടെത്തിയ ജനതയെ നയിക്കുന്ന കാര്യത്തിൽ തങ്ങളിൽ അറിയാതെ വന്ന വീഴ്ചയും കോപിഷ്ടനായി തൻെറ സഹോദരൻെറ താടിയും തലമുടിയും വലിച്ചിഴക്കുകയും മറ്റും ചെയ്തതും പൊറുത്തുതരുവാൻ അദ്ദേഹം കേണപേക്ഷിക്കുന്നത് ആരോട്?

قَالَ رَبِّ اغْفِرْلِي وَلِأَخِي وَأَدْخِلْنَافِي رَحْمَتِكَ وَأَنْتَ أَرْحَمُ الرَّاحِمِينَ (الأعراف: ١٥١)

"മൂസ പറഞ്ഞു: എൻെറ നാഥാ എനിക്കും എൻെറ സഹോദരന്നും നീ മാപ്പു തരേണമേ! നിൻെറ കാരുണ്യത്തിൽ നീ ഞങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്യേണ മേ! നീ കാരുണ്യവാന്മാരിൽ പരമകാരുണികനാകുന്നു" (7: 151)

അങ്ങനെ അദ്ദേഹത്തിൻെറ കോപം കെട്ടടങ്ങി. താഴെ ഇട്ട പലകകൾ കയ്യി ലെടുത്തു. അദ്ദേഹത്തിൻെറ ജനതയിൽ നിന്ന് എഴുപത് പുരുഷന്മാരെ തിര ഞ്ഞെടുത്ത് സീനാ മലയിലേക്ക് പോയി; ഒരു ഭയങ്കര ഭൂചലനം അവരെ പിടികൂടി; അപ്പോൾ മൂസാ (അ) ഇപ്രകാരം റബ്ബിനെ വിളിച്ചു പ്രാർത്ഥിച്ചു:

رَبِّ لَوْشِئْتَ أَهْلَكْتَهُمْ مِنْ قَبْلُ وَإِيَّاىَ أَتُهْلِكُنَا بِمَا فَعَلَ السُّفَهَاءُ مِنَّا إِنْ هِىَ إِلَّا فِتْنَتُكَ تُضِلُّ بِهَا مَنْ تَشَاءُ وَتَهْدِى مَنْ تَشَاءُ أَنْتَ وَلِيُّنَا فَاغْفِرْلَنَا وَارْحَمْنَا وَأَنْتَ خَيْرُ

الْغَافِرِينَ وَاكْتُبْ لَنَا فِي هَٰذِهِ الدُّنْيَا حَسَنَةً وَفِي الْآخِرَةِ إِنَّا هُدْنَا إِلَيْكَ (الآعراف ١٥٥، ١٥٦)

"ഞങ്ങളിൽ നിന്ന് ഭോഷന്മാരായ ആളുകൾ ചെയ്യുന്ന (കുറ്റത്തിന്) നാഥാ! നീ ഞങ്ങളെ ശിക്ഷിക്കുന്നുവോ? അത് നിന്റെ പരീക്ഷണം മാത്രമാകുന്നു. അതുമൂലം നീ ഉദ്ദേശിക്കുകന്നവരെ നീ നേർവഴിയിലാക്കുകയും ചെയ്യുന്നു. നീയാകുന്നു ഞങ്ങളുടെ രക്ഷകൻ. അതുകൊണ്ട് നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ! ഞങ്ങൾക്ക് നീ കരുണ ചെയ്യേണമേ! പൊറുക്കുന്നവരിൽ ഏറ്റവും നല്ലവൻ നീയാകുന്നു. ഈ ലോകത്തും പരലോകത്തും ഞങ്ങൾക്ക് നല്ല ജീവിതം വിധിക്കേണമേ! നിശ്ചയം ഞങ്ങളെല്ലാം നിന്റെ അടുക്കലേക്ക് മടങ്ങിയിരിക്കുന്നു" (7: 155,156). ഭൂചലനമുണ്ടായപ്പോൾ മൂസാ(അ) കഴിഞ്ഞുപോയ മഹാത്മാക്കളെയോ പ്രവാചകന്മാരെയോ വിളിച്ചു പ്രാർത്ഥിക്കാതെ അല്ലാഹുവിനെ വിളിച്ചു സഹായമർത്ഥിച്ചു. ആപൽഘട്ടങ്ങളിൽ ഏതൊരു സത്യവിശ്വാസിയും ഇങ്ങനെ ചെയ്യണമെന്ന് ഈ പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നു.

മൂസാ (അ) നടത്തിയ മറ്റൊരു പ്രാർത്ഥന അതിപ്രധാനമായ പല കാര്യങ്ങളും നമ്മെ പഠിപ്പിക്കുന്നുണ്ട്. കിരാതനും ധിക്കാരിയുമായ ഹറോവ ചക്രവർത്തിയുടെ സന്നിധിയിൽ ചെന്ന് പ്രബോധനം ചെയ്യുക എന്ന അല്ലാഹുവിന്റെ കൽപ്പന വന്നു. അപ്പോൾ അദ്ദേഹം ചിന്തിച്ചു: ഭൗതികമായ എല്ലാ ശക്തിയും അണകെട്ടി നിൽക്കുന്ന ഒരു കൊട്ടാരത്തിൽ, നാനാവിധ കഴിവുകളുള്ള പരിവാരങ്ങളെയും അനുയായികളെയും കൊണ്ട് രാജസദസ്സ് തിങ്ങി നിൽക്കുമ്പോൾ അതിന്റെ മദ്ധ്യത്തിൽ പോയി താൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽലേക്ക് അവരെ ക്ഷണിക്കണം. ഹാവൂ!തൊണ്ട ഇടറാതെ കാലുകൾ കൂട്ടിയടിക്കാതെ ഹൃദയമിടിപ്പ് സമനിലതെറ്റാതെ ഈ കർത്തവ്യം എങ്ങനെ നിർവ്വഹിക്കും! അവിടെ ബുദ്ധിയെ തട്ടിയുണർത്തുന്ന ശക്തമായ വാക്ധോരണി വേണം; എതിരാളിയെ മുട്ടുകുത്തിക്കുന്ന വാചാലത വേണം; കേട്ടുനിൽക്കുന്നവരെ ആകർഷിക്കുന്ന വശ്യശക്തി വേണം. അതായിരുന്നു അപ്പോൾ അദ്ദേഹത്തിന്റെ ആഗ്രഹം. ഇതെല്ലാം നൽകുവാൻ ലോകത്തു ആർക്കെങ്കിലും സാധിക്കുമോ? ഇത്തരം കാര്യങ്ങൾക്ക് സൃഷ്ടികളിൽ ആരോടെങ്കിലും പ്രാർത്ഥിക്കാമോ? എന്നാൽ മൂസാ(അ)നെ നാം മാതൃകയായി സ്വീകരിക്കുക.അദ്ദേഹം തന്റെ ആഗ്രഹ സഫലീകരണത്തിന് അല്ലാഹുവിനോട് മാത്രമാണ് പ്രാർത്ഥിച്ചത്. ക്വുർആൻ പറയുന്നു: "(അല്ലാഹു മൂസാനബിയോട് പറഞ്ഞു: നീ ഫിർഔന്റെ അടുക്കൽ പോവുക. നിശ്ചയം അവൻ അക്രമകാരിയായിരിക്കുന്നു. (അപ്പോൾ) അദ്ദേഹം പ്രാർത്ഥിച്ചു.:

رَبِّ اشْرَحْ لِي صَدْرِي وَيَسِّرْ لِي أَمْرِي، وَاحْلُلْ عُقْدَةً مِنْ لِسَانِي يَفْقَهُوا قَوْلِي، وَاجْعَلْ لِي وَزِيرًا مِنْ أَهْلِي، هَارُونَ أَخِي، اشْدُدْ بِهِ أَزْرِي وَأَشْرِكْهُ فِي أَمْرِي، كَيْ

نُسَبِّحَكَ كَثِيرًا وَنَذْكُرَكَ كَثِيرًا إِنَّكَ كُنتَ بِنَا بَصِيرًا (طـه ٢٣ - ٢٥)

"എന്റെ നാഥാ! എന്റെ ഹൃദയം നീ വിശാലമാക്കിത്തരേണമേ! എന്റെ കാര്യം എനിക്ക് നീ എളുപ്പമാക്കിത്തരേണമേ! ഞാൻ പറയുന്നത് ആളുകൾ (ശരിക്ക്) ഗ്രഹിത്തക്കവണ്ണം എന്റെ നാവിൽ നിന്ന് തടസ്സം നീക്കി (സംസാരത്തിന്ന് ഒഴുക്ക്) തരേണമേ! (കൂടാതെ) എന്റെ സഹോദരൻ ഹാറൂനിനെ എന്റെ കുടുംബത്തിൽ നിന്നുള്ള ഒരു സഹായിയായി എനിക്ക് നീ നിശ്ചയിച്ചു തരേണമേ! അവൻ മുഖേന എന്റെ ശക്തി നീ കൂട്ടിത്തരേണമേ! ഞങ്ങൾ ധാരാളമായി നിന്നെ പരിശുദ്ധപ്പെടുത്തുകയും നിന്നെ സ്മരിക്കുകയും ചെയ്യാൻ. നിശ്ചയം നീ ഞങ്ങളെ സംബന്ധിച്ച് ശരിക്കും അറിയുന്നവൻ തന്നെയാണ്" (20: 25 - 33). അങ്ങനെ മൂസാ(അ)മിന് അല്ലാഹു അറിവും കഴിവും നൽകി.

ആദ്യകാലത്ത് ഒരു ദിവസം അദ്ദേഹം പട്ടണത്തിലൂടെ നടന്നു നീങ്ങുകയായിരുന്നു. അവിടെ വഴിയരികിൽ രണ്ടുപേർ കലഹം കൂടുന്നത് മൂസാ(അ) കണ്ടു. അതിലൊരുവൻ തന്റെ കക്ഷിയായ ബനൂ ഇസ്രാഈൽകാരനും അപരൻ തന്റെ ശത്രുക്കളായ ഖിബ്തിയിൽ പെട്ടവനുമാണ്. അപ്പോൾ മൂസാ(അ)ന്റെ കക്ഷിയിൽ പെട്ടവൻ ശത്രുവിനെതിരെ അദ്ദേഹത്തോട് സഹായം തേടി. അങ്ങനെ മൂസാ(അ) കൈ മടക്കി, ഖിബ്ത്തിയെ ഒന്ന് കുത്തി. അതോടെ അപ്രതീക്ഷിതമായി അയാൾ മരിക്കാനിടവന്നു.

ഇത് മൂസാനബി(അ) പ്രതീക്ഷിക്കാത്തതായിരുന്നു. തനിക്ക് സംഭവിച്ച കൈപ്പിഴയിൽ അദ്ദേഹം വളരെയധികം വേദനിച്ചു. അദ്ദേഹത്തിന്റെ കുടുംബത്തിൽ ജനിക്കുന്ന ആൺകുട്ടികളെ നിർദ്ദയം കൊലപ്പെടുത്തുന്ന ശത്രുവിഭാഗത്തിൽപെട്ടവനെയാണ് കൊന്നതെങ്കിലും അദ്ദേഹത്തിന് വ്യസനം സഹിക്കവയ്യാതായി. പിശാച് അവന്റെ ദുർബോധനം മുഖേന വരുത്തുന്ന ഇത്തരം വിനകളെക്കുറിച്ച് അദ്ദേഹത്തിന് താങ്ങാനാവാത്ത ഖേദമുണ്ടായി. തന്റെ കൈകൊണ്ട് ഒ രാൾ മരിക്കാൻ ഇടയായല്ലോ. അതിന്റെ പ്രത്യാഘാതങ്ങൾ എന്തൊക്കെയായിരിക്കും! ഇവിടെ മൂസാ(അ)ന്റെ ഹൃത്തടത്തിൽ ജന്മം കൊള്ളുന്ന ഭീതികളും അ തിൽ നിന്നും രക്ഷപ്പെടാനുള്ള ആഗ്രഹങ്ങളും എന്തൊക്കെയാണെന്ന് നാം ഊഹിച്ചു നോക്കുക. എന്നിട്ട് അതിന് വേണ്ടി അദ്ദേഹം എന്തു ചെയ്തുവെന്നു ഗ്രഹിക്കുക.ക്വുർആൻ അത് നമുക്ക് വ്യക്തമായി വിവരിച്ചു തരുന്നു. മൂസാ(അ) പറഞ്ഞു:

رَبِّ إِنِّي ظَلَمْتُ نَفْسِي فَاغْفِرْلِي إِنَّهُ هُوَ الْغَفُورُ الرَّحِيمْ قَالَ رَبِّ بِمَا أَنعَمْتَ عَلَيَّ
فَلَنْ أَكُونَ ظَهِيرًا لِلْمُجْرِمِينَ (القصص ١٦ ، ١٧)

"എന്റെ നാഥാ! ഞാൻ എന്നെത്തന്നെ ദ്രോഹിച്ചു പോയി. അതുകൊണ്ട്

എനിക്ക് നീ പൊറുത്തു തരേണമേ! അപ്പോൾ അദ്ദേഹത്തിന് അവൻ പൊറുത്തു കൊടുത്തു. നിശ്ചയം അവൻ തന്നെയാണ് വളരെ പൊറുക്കുന്നവനും കരുണാവാരിധിയും. അദ്ദേഹം പറഞ്ഞു: എന്റെ നാഥാ! നീ ചെയ്ത അനുഗ്രഹത്തെ തന്നെ സത്യം, ഞാനൊരിക്കലും പാപികൾക്ക് സഹായി ആകുകയില്ല" (28: 16,17). അങ്ങനെ മൂസാ(അ) ആ വിഷമഘട്ടത്തിൽ അല്ലാഹുവിനെ വിളിച്ച് ആവലാതി പറയുകയും അല്ലാഹു അത് അംഗീകരിച്ച് മാപ്പു കൊടുക്കുകയും ചെയ്തു. അതുപോലെ നമ്മളും നമ്മുടെ പ്രതിസന്ധികളിൽ നടത്തുന്ന പ്രാർത്ഥനകൾ അല്ലാഹുവിനോട് മാത്രമായിരിക്കട്ടെ.

മൂസാ(അ)ന്റെ പാപം അല്ലാഹു പൊറുത്തു കൊടുത്തു. എന്നാൽ അദ്ദേഹത്തിന്റെ എതിരാളികൾ അദ്ദേഹത്തെ വധിക്കുവാൻ പ്ലാനിട്ടു. അവർ ഗൂഢമായ തന്ത്രങ്ങൾ ആസൂത്രണം ചെയ്തു. ഈ വിവരം ഒരു മനുഷ്യൻ ഓടിവന്ന് മൂസാ(അ)നോട് പറഞ്ഞു. അങ്ങനെ കൊല്ലാൻ വരുന്ന ശത്രുക്കളെ ഭയന്നുകൊണ്ട് അദ്ദേഹം ആ സ്ഥലം വിട്ടോടി. ആ ഓട്ടത്തിൽ അദ്ദേഹം അല്ലാഹുവിനോട് മാത്രം പ്രാർത്ഥിച്ചതായി ക്വുർആൻ പറയുന്നു: ആരെങ്കിലും തന്നെ പിടികൂടുമോയെന്ന ഭയവും അദ്ദേഹത്തിനുണ്ടായിരുന്നു.

رَبِّ نَجِّنِي مِنَ الْقَوْمِ الظَّالِمِينَ (القصص ٢١)

"എന്റെ നാഥാ! അക്രമികളായ ജനങ്ങളിൽ നിന്ന് എന്നെ നീ രക്ഷിക്കേണമേ!" (28: 21). പിന്നിൽ ശത്രു ഊരിപ്പിടിച്ച വാളുമായി വരുമ്പോൾ മരണം മുന്നിൽ കാണുന്ന നിമിഷമാണ്. അപ്പോൾ ഏതൊരാളുടെയും ആഗ്രഹം തന്റെ ശത്രുവിൽ നിന്നു രക്ഷപ്പെടുക എന്നതാണ്. എന്നാൽ പ്രസ്തുത ആഗ്രഹസഫലീകരണത്തിന് പ്രാർത്ഥിക്കേണ്ടതാരോട് എന്നാണ് ഇവിടെ മൂസാ(അ)മിന്റെ പ്രാർത്ഥനയിൽ നിന്ന് നാം മനസ്സിലാക്കേണ്ടത്.

അങ്ങനെ ശത്രുക്കളിൽ നിന്ന് ഓടി രക്ഷപ്പെട്ട അദ്ദേഹം 'മദ്‌യനി'ലെത്തി. അവിടെ ഒരു ജലാശയത്തിൽ നിന്ന് ആളുകൾ മൃഗങ്ങളെ കുടിപ്പിക്കുന്നുണ്ടായിരുന്നു. സമീപത്ത് രണ്ട് സ്ത്രീകൾ മാറി നിൽക്കുന്നു. പുരുഷന്മാരുടെ തിക്കും തിരക്കും കഴിഞ്ഞിട്ടുവേണം ആ സ്ത്രീകൾക്ക് തങ്ങളുടെ മൃഗങ്ങളെ കുടിപ്പിക്കാൻ. അപ്പോൾ ആ പാവപ്പെട്ട സ്ത്രീകളെ മൂസാ(അ) സഹായിച്ചു. അനന്തരം ഒരു വൃക്ഷത്തണലിൽ ചെന്നിരുന്നു. നാടുവിട്ട പേടിയും ആഹാരം കഴിക്കാത്തതിനാലുള്ള പരവശതയും അലക്ഷ്യമായ ഭാവിയെപ്പറ്റിയുള്ള ചിന്തയും എല്ലാം കൂടി അദ്ദേഹത്തെ വീർപ്പുമുട്ടിച്ചു. ഒരു ഏകദൈവവിശ്വാസിയല്ലാത്ത മനുഷ്യനാണെങ്കിൽ എല്ലാ പരദേവതകളെയും, കുലദൈവങ്ങളെയും വിളിച്ച് പ്രാർത്ഥിക്കുകയും നേർച്ചകൾ നേരുകയും ചെയ്യുന്ന സന്ദർഭമാണത്. ഇവിടെയാണ് മനുഷ്യന്റെ വിശ്വാസം പരീക്ഷിക്കപ്പെടുന്ന രംഗം. അതുകൊണ്ട് അത്തരം രംഗങ്ങൾ പ്രവാചകന്മാരുടെ തന്നെ ജീവിതത്തിൽ അല്ലാഹു ഇട്ടുകൊടുത്ത് അതിന്റെ പരിഹാരം പഠി

പ്പിച്ചു. പ്രാവാചകന്മാരെ മലക്കുകളിൽ നിന്നോ ജിന്നുകളിൽ നിന്നോ തിരഞ്ഞെടുക്കാതെ മനുഷ്യരിൽ നിന്നുതന്നെ തിരഞ്ഞെടുത്തയച്ചതും ഇത്തരം കാര്യങ്ങൾക്കാണ്. അവരുടെ വാക്കും പ്രവൃത്തിയും നമുക്ക് മാതൃകയാക്കി. ഈ സന്ദർഭത്തിൽ പ്രസ്തുത വൃക്ഷത്തിന്റെ ശീതളഛായയിലിരുന്നുകൊണ്ട് മൂസാ (അ) അല്ലാഹുവിനോട് ഇപ്രകാരം പ്രാർത്ഥിച്ചു:

رَبِّ إِنِّي لِمَا أَنزَلْتَ إِلَيَّ مِنْ خَيْرٍ فَقِيرٌ (القصص : ٢٥)

"എന്റെ നാഥാ! നീ എനിക്കിറക്കിത്തരുന്ന ഗുണകരമായ ഏതൊന്നിനും (ഇപ്പോൾ) ഞാൻ ആവശ്യക്കാരനാകുന്നു" (28:25). ഇതുപോലെ മൂസാ(അ) തന്റെ ആഗ്രഹ പൂർത്തീകരണത്തിന് അല്ലാഹുവിനോട് പ്രാർത്ഥിച്ച പ്രാർത്ഥനകൾ ക്വുർആനിൽ വേറെയുമുണ്ട്. പക്ഷേ, ഇത്രകൊണ്ട് നമുക്കിവിടെ നിർത്താം.

## ദാവൂദ് (അ)

മൂസാ(അ)ന്റെ കാലശേഷം ഇസ്രാഈല്യർക്ക് അല്ലാഹു ഒരു പ്രവാചകനെ നിശ്ചയിച്ചു. അന്ന് അവർ നാട്ടിൽനിന്നും പുറത്താക്കപ്പെട്ടിരുന്നു. അതിനാൽ ബനൂ ഇസ്രാഈല്യർ അവരുടെ പ്രവാചകനോട് പറഞ്ഞു: "അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഞങ്ങൾക്ക് യുദ്ധം ചെയ്യാൻ (നേതൃത്വം വഹിക്കുന്ന) ഒരു രാജാവിനെ അയച്ചുതരണം" (2: 248). പ്രസ്തുത പ്രവാചകൻ ആരായിരുന്നു എന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. യൂശഅ്(അ) ആണെന്ന് പല ക്വുർആൻ വ്യാഖ്യാതാക്കളും പറയുന്നു. ഇതനുസരിച്ച് അദ്ദേഹം അവർ താലൂത്ത് എന്ന രാജാവിനെ യുദ്ധനായകനായി നിയമിച്ചു കൊടുത്തു. താലൂത്തിനെ രാജാവായി നിയമിച്ചു കൊടുത്തതിൽ അവർക്ക് പ്രതിഷേധമുണ്ടായിരുന്നു. എങ്കിലും യുദ്ധത്തിനാവശ്യമായ അദ്ദേഹത്തിന്റെ പാണ്ഡിത്യവും കായികബലവും മറ്റും യൂശഅ്(അ) അവരെ പറഞ്ഞു ബോധ്യപ്പെടുത്തി. താലൂത്ത് നിങ്ങളുടെ രാജാവാണെന്നതിലേക്ക് തെളിവായി "നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സമാധാനത്തോടും മൂസയുടെ കുടുംബവും ഹാറൂന്റെ കുടുംബവും വിട്ടുപോയ കുറെ സാധനങ്ങളോടും കൂടി(യുള്ള) ആ പെട്ടി നിങ്ങളിലേക്ക് മലക്കുകൾ ചുമന്ന് കൊണ്ടുവരും" (2: 249). അതനുസരിച്ച് അവരിൽ നിന്ന് ഒരു വിഭാഗമൊഴിച്ച് ബാക്കിയുള്ളവർ താലൂത്തിന്റെ പിന്നിൽ അണിനിരന്നു. സമർത്ഥനായ ആ രാജാവ് തന്റെ കൂടെയുള്ള എല്ലാവരെയും കൊണ്ട് യുദ്ധത്തിന് തിരിച്ചു. വഴിയിൽ വെച്ച് അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം സൈന്യത്തെ മുഴുവൻ ഒന്ന് പരീക്ഷിക്കുവാൻ തീരുമാനിച്ചു. തന്റെ ആജ്ഞയെ അക്ഷരം പ്രതി അനുസരിക്കുന്നവർ എത്രപേരുണ്ട് എന്ന് മനസ്സിലാക്കലായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനാൽ അദ്ദേഹം സൈന്യത്തോട് കൽപ്പിച്ചു: 'നിശ്ചയമായും അല്ലാഹു ഒരു നദി

മൂലം നിങ്ങളെ പരീക്ഷിക്കും. ആരെങ്കിലും അതിൽനിന്ന (യഥേഷ്ടം) കുടിച്ചാൽ അവൻ എന്നിൽ പെട്ടവനല്ല. ആര് കുടിക്കാതിരിക്കുന്നുവോ അവൻ എന്നിൽ പെട്ടവനുമാണ്. (ഇനി ദാഹം സഹിക്ക വയ്യാതായാൽ) കൈകൊണ്ട് ഒരു കോരൽ മാത്രം കുടിക്കാം" (2: 249). എന്നെല്ലാം അദ്ദേഹം അവരോട് പറഞ്ഞു. പക്ഷേ, അവരിൽ നിന്ന് കുറച്ചുപേരൊഴിച്ച് മറ്റെല്ലാവരും കുടിച്ചു. അപ്പോൾ അതിൽ തൻെറ കൽപനയെ അക്ഷരം പ്രതി അനുസരിക്കുന്ന യഥാർത്ഥ വിശ്വാസികൾ കുറച്ചു മാത്രമേയുള്ളു, മറ്റുള്ളവർ കപടന്മരാണെന്ന് അദ്ദേഹം മനസ്സിലാക്കി. അങ്ങനെ നദി വിട്ടു കടന്നപ്പോൾ 'മറുപക്ഷത്തുള്ള ജാലൂത്തിൻെറ സൈന്യം വലിയതാണ്; നാം അവരോട് പൊരുതാൻ മാത്രം ശക്തിയുള്ളവരല്ല' എന്നെല്ലാം പറഞ്ഞുകൊണ്ട് കപടന്മാർ മുഴുവനും പിന്മാറി. എന്നാൽ എണ്ണത്തിലും ആയുധ സജ്ജീകരണത്തിലും കുറഞ്ഞ താലൂത്തും വിശ്വാസികളായ ചെറുസൈന്യവും ജാലൂത്തിനെ പടക്കളത്തിൽ വെച്ച് നേരിടാൻ തന്നെ തീരുമാനിച്ചു. "അല്ലാഹുവുമായി കണ്ടുമുട്ടേണ്ടിവരുമെന്ന് ധാരണയുള്ളവർ പറഞ്ഞു: അല്ലാഹുവിൻെറ അനുഗ്രഹത്തോടെ എത്രയോ ചെറുസംഘം വലിയ സംഘത്തെ തോൽപിച്ചിട്ടുണ്ട്. അല്ലാഹു സഹനശീലരുടെ കൂടെയാണ്" (2: 249). അങ്ങനെ അവരെല്ലാം പോർക്കളത്തിൽ അണിനിരന്നു. ആ കൂട്ടത്തിൽ ദാവൂദ് നബി(അ)മും ഉണ്ടായിരുന്നു. ഈ നിർണ്ണായക ഘട്ടത്തിൽ അദ്ദേഹവും രാജാവ് താലൂത്തും അവരുടെ കൂടെയുള്ള സൈന്യവും കൂടി അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിച്ചു:

رَبَّنَا أَفْرِغْ عَلَيْنَا صَبْرًا وَثَبِّتْ أَقْدَامَنَا وَانصُرْنَا عَلَى الْقَوْمِ الْكَافِرِينَ (البقرة : ٢٥)

"ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഹൃദയങ്ങളിൽ ക്ഷമ ചൊരിയുകയും, പാദങ്ങളെ പതറാത്ത രൂപത്തിൽ ഉറപ്പിച്ചു നിർത്തുകയും അവിശ്വാസികളായ ജനതക്കെതിരിൽ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ"! (2: 25)

അവർ അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിച്ചപ്പോൾ അല്ലാഹു അതിനുത്തരം ചെയ്തു. അല്ലാഹുവിൻെറ അനുഗ്രഹത്തോടെ അവർ ശത്രുക്കളെ പരാജയപ്പെടുത്തി. ജാലൂത്തിനെ ദാവൂദ് കൊന്നു. അദ്ദേഹത്തിന് അല്ലാഹു രാജത്വവും വിജ്ഞാനവും കൊടുത്തു. അവനുദ്ദേശിച്ച പലതും അദ്ദേഹത്തെ പഠിപ്പിക്കുകയും ചെയ്തു (2: 251). രണ്ടു വിഭാഗവു പടക്കളത്തിൽ ഏറ്റുമുട്ടുമ്പോൾ അവിടെയുണ്ടാകുന്ന ഏറ്റവും വലിയ ആഗ്രഹം ഓരോരുത്തർക്കും ജയിക്കണം എന്നതാണ്. എന്നാൽ അതിന് ആരോട് സഹായം തേടണം? സത്യവിശ്വാസികൾ അല്ലാഹുവിനോട് പ്രാർത്ഥിക്കും. മറ്റുള്ളവർ സൃഷ്ടികളോട് പ്രാർത്ഥിക്കുമെന്നും ഈ സൂക്തം നമ്മെ പഠിപ്പിക്കുന്നു.

## സുലൈമാൻ (അ)

സുലൈമാൻ നബി(അ)ന് അല്ലാഹു ധാരാളം അനുഗ്രഹങ്ങൾ നൽകിയിരു

ന്നു. പക്ഷികളുടെയും ഇഴജന്തുക്കളുടെയും ഭാഷ അദ്ദേഹത്തിന് പഠിപ്പിക്ക പ്പെട്ടത് അവയിൽ ചിലതാണ്. ഒരിക്കൽ അദ്ദേഹം തന്റെ സൈന്യത്തോടൊപ്പം ഉറുമ്പു കൾ ചാലിട്ടൊഴുകുന്ന ഒരു താഴ്വരയിൽ എത്തി. അപ്പോൾ ഒരു ഉറുമ്പ് പറഞ്ഞു: "ഉറുമ്പുകളെ നിങ്ങൾ സ്വഭവനങ്ങളിൽ കടന്നുകൊള്ളുവീൻ, സുലൈമാനും അദ്ദേഹത്തിന്റെ സൈന്യങ്ങളും അറിയാതെ നിങ്ങളെ ചതച്ചു കളയാതിരിക്കട്ടെ" (27: 18). ആ ഉറുമ്പിന്റെ വാക്കുകേട്ട് അദ്ദേഹം പുഞ്ചിരിച്ചു. തുടർന്നുകൊണ്ട് ഇ ത്തരത്തിൽ ഉറുമ്പുകളുടെ സംസാരം ഗ്രഹിക്കാൻ അല്ലാഹു അദ്ദേഹത്തിന് ക ഴിവ് കൊടുത്തതിൽ ആനന്ദതുന്ദിലനായി പ്രാർത്ഥിച്ച വാക്ക് ഖുർആൻ പറഞ്ഞു തരുന്നത് കാണുക. അദ്ദേഹം പറഞ്ഞു:

رَبِّ أَوْزِعْنِي أَنْ أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ وَعَلَى وَالِدَيَّ وَأَنْ أَعْمَلَ صَالِحًا تَرْضَيهُ وَأَدْخِلْنِي بِرَحْمَتِكَ فِي عِبَادِكَ الصَّالِحِينَ (النمل : ١٩)

"എന്റെ നാഥാ! എന്നോടും എന്റെ മാതാപിതാക്കളോടും നീ ചെയ്ത അ നുഗ്രഹത്തിന് ഞാൻ നന്ദിയുള്ളവനാകാനും, നീ തൃപ്തിപ്പെടുന്ന സൽകർമ്മം ഞാൻ പ്രവർത്തിക്കാനും എന്നെ നീ പ്രോത്സാഹിപ്പിക്കേണമേ! നിന്റെ കൃപ യാൽ നിന്റെ നല്ല അടിമകളുടെ കൂട്ടത്തിൽ എന്നെ ഉൾപ്പെടുത്തുകയും ചെയ്യേ ണമേ!". (27: 19). സൽകർമ്മം ചെയ്യാനും അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാനു മുള്ള സന്മനസ്സും സൗകര്യവും കൂടി പ്രദാനം ചെയ്യാൻ ആ പ്രവാചക പ്രവരൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നതാണ് നാം ഇവിടെ കണ്ടത്.

സുലൈമാൻ നബി(അ) നടത്തിയ മറ്റൊരു പ്രാർത്ഥന കൂടി നോക്കുക. അ ദ്ദേഹം പറഞ്ഞു:

رَبِّ اغْفِرْلِي وَهَبْ لِي مُلْكًا لَا يَنْبَغِي لِأَحَدٍ مِنْ بَعْدِي إِنَّكَ أَنْتَ الْوَهَّابُ (ص ٣٥)

"എന്റെ നാഥാ! എനിക്ക് നീ പൊറുത്തു തരേണമേ! എന്റെ ശേഷം ഒ രാൾക്കും നൽകപ്പെടാത്ത വിധത്തിലുള്ള ഒരു രാജവാഴ്ച എനിക്ക് നീ ദാനം ചെ യ്യേണമേ! നിശ്ചയം നീ തന്നെയാണ് ഏറ്റവും കൂടുതൽ ദാനം ചെയ്യുന്നവൻ" (38: 35). ഇവിടെ തന്റെ പാപങ്ങൾ പൊറുത്തുകിട്ടാനും നിസ്തുല്യമായ അധി കാരം ലഭിക്കാനും ഏതൊരു മനുഷ്യനും പ്രാർത്ഥിക്കേണ്ടത് ആരോടെന്ന് സുലൈ മാൻ(അ) തന്റെ പ്രാർത്ഥനയിലൂടെ മറ്റുള്ളവർക്ക് പഠിപ്പിക്കുന്നു.

## യൂനുസ് (അ)

പ്രവാചകനായ യൂനുസ്(അ) അശ്ശൂറിന്റെ തലസ്ഥാനമായ നീനുവാ എ ന്ന പ്രദേശത്ത് റസൂലായി നിയമിക്കപ്പെട്ടു. തന്റെ മുഴുവൻ കഴിവുകളും വിനി

യോഗിച്ച് അദ്ദേഹം അല്ലാഹുവിൻെറ മാർഗ്ഗത്തിലേക്ക് ജനങ്ങളെ ക്ഷണിച്ചു. പക്ഷേ, വക്രബുദ്ധിയും ധിക്കാരമനസ്ഥിതിയും കൊണ്ട് അവരദ്ദേഹത്തെ നേരിട്ടു. എത്രയോ കഷ്ടപ്പാടുകൾ സഹിച്ചുകൊണ്ടാണ് താൻ ഈ ദൈവിക സന്ദേശം ഇവർക്കെത്തിച്ചു കൊടുക്കുന്നത്. എത്രയോ കാലമായി താൻ ഈ ജനങ്ങളെ ഉപദേശിക്കുന്നു. എന്നിട്ടും ഇവരിൽ ധിക്കാരം ഏറിഏറിവരുന്നു എന്നല്ലാതെ യാതൊരു ഫലവും കാണുന്നില്ലല്ലോ. എന്നാൽ തൻെറ ഉപദേശം ചെവിക്കൊള്ളാൻ പറ്റുന്ന മറ്റേതെങ്കിലും ജനതയിൽ പോയി പ്രബോധനം നടത്താമെന്ന ഉദ്ദേശ്യത്തോടെ കോപിഷ്ടനായ അദ്ദേഹം നാടുവിട്ടു. ഒരു പ്രവാചകനെ സംബ ന്ധിച്ചിടത്തോളം തൻെറ ഉപദേശം ആളുകൾ അംഗീകരിച്ചാലും ഇല്ലെങ്കിലും പ്ര ബോധനം എത്തിക്കുക എന്നതാണ് അദ്ദേഹത്തിൻെറ കടമ. ഏതൊരു പ്രബോധകൻെറയും സ്ഥിതി ഇതുതന്നെ. എന്നാൽ പ്രവാചകരിൽ വരുന്ന ഇത്തരം മാ നുഷികമായ വീഴ്ചകളെ അല്ലാഹു ഉടനെ തിരുത്തിക്കൊടുക്കുന്നു. അങ്ങനെ യൂനുസ് (അ) നീനവയിൽ നിന്ന് പുറപ്പെട്ട് ഒരു കപ്പലിൽ കയറി രക്ഷപ്പെട്ടു. കപ്പലിൽ ഭാരം വർദ്ധിച്ചത് കാരണമായി അത് മുങ്ങുമെന്ന മട്ടായി. ഉടനെ അതിൽ നിന്ന് ഒരാൾ പുറത്തെറിയപ്പെടണം. ഇല്ലെങ്കിൽ എല്ലാവരും മരണമടയും. ഈ സാഹചര്യത്തിൽ സ്വയം മരിക്കാൻ ആര് സന്നദ്ധമാകും? എല്ലാവരും കൂടി ഒരു തീരുമാനമെടുത്തു. നമുക്ക് നറുക്കിടാം. അങ്ങനെ നറുക്കുവീണ യൂനുസ് (അ) സമുദ്രത്തിൽ എറിയപ്പെട്ടു. ഒരു ഭീകരമത്സ്യം അദ്ദേഹത്തെ വിഴുങ്ങി. അല്ലാഹുവിൻെറ ശക്തമായ പരീക്ഷണമായിരുന്നു അത്. ഇതിനേക്കാൾ വലിയ ഒരാപൽഘട്ടം ആരുടെയെങ്കിലും ജീവിതത്തിൽ വരാനുണ്ടോ? ഒരു കാലത്തും ഒരു രൂപത്തിലും താൻ രക്ഷപ്പെടുകയില്ലെന്ന് പൂർണ്ണ ബോധ്യം വരുന്ന സമയമാണിത്. രക്ഷ കിട്ടാൻ ഏതു മാർഗങ്ങളുണ്ടെങ്കിലും സ്വീകരിക്കുന്ന രംഗം. എന്നാൽ അല്ലാഹുവിൽ അചഞ്ചല വിശ്വാസമർപ്പിച്ച് യൂനുസ്(അ) ആഴമേറിയ ആഴിയുടെ അടിത്തട്ടിൽ, ഭീമാകാരനായ മത്സ്യത്തിൻെറ അടിവയറ്റിൽ അകപ്പെട്ടപ്പോൾ അല്ലാഹുവിൽ മാത്രമാണ് അഭയം കണ്ടെത്തിയത്. അല്ലാഹു പറയുന്നു: മത്സ്യക്കാരൻെറ (വൃത്താന്തം നീ ഓർക്കുക). അദ്ദേഹം കോപിഷ്ഠനായി പുറപ്പെട്ടു. അപ്പോൾ അദ്ദേഹത്തെ നാം ഞെരുക്കുകയില്ലെന്ന് അദ്ദേഹം വിചാരിച്ചു. അങ്ങനെ അദ്ദേഹം അന്ധകാരത്തി(ൻെറ ഉള്ളറകളിൽ)ൽ വെച്ച് പ്രാർത്ഥിച്ചു.

لَا إِلَٰهَ إِلَّا أَنْتَ سُبْحَانَكَ إِنِّي كُنْتُ مِنَ الظَّالِمِينَ (الأنبياء : ٨٧)

“നീയല്ലാതെ ഒരാരാദ്ധ്യനില്ല, നീ പരിശുദ്ധനത്രെ. നിശ്ചയം ഞാൻ അക്രമികളിൽ പെട്ടവനായിരിക്കുന്നു”. ഈ പ്രാർത്ഥനക്ക് അല്ലാഹു ഉടനെ ഉത്തരം ചെയ്തതായി തുടർന്നറിയിക്കുന്നു: “അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം ചെയ്തു. ദു:ഖത്തിൽ നിന്ന് അദ്ദേഹത്തെ രക്ഷിക്കുകയും ചെയ്തു. വിശ്വാസികളെ ഇപ്രകാരം നാം രക്ഷിക്കും” (21: 87)

# സക്കരിയ്യാ (അ)

വിവാഹിതരായിട്ട് കൊല്ലങ്ങൾ പിന്നിട്ടിട്ടും സന്താനസൗഭാഗ്യം ഉണ്ടാകാതിരിക്കുമ്പോൾ ദമ്പതികൾ നിരാശരാവുക സ്വാഭാവികമാണ്. അല്ലാഹുവിൻെറ പ്രവാചകൻ സക്കരിയ്യാ(അ)മിന്ന് വാർദ്ധക്യത്തിൻെറ ജരാനരകൾ ബാധിച്ചു. തൻെറ പ്രിയപത്നിക്ക് പ്രസവിക്കാനുള്ള ശേഷിയുമില്ല. അവർ വന്ധ്യയാണ്. എന്നാൽ ഒരു കുട്ടിക്കുവേണ്ടിയുള്ള മോഹം ആ ദമ്പതികളെ സദാ അലട്ടിക്കൊണ്ടിരുന്നു. സന്താന ലബ്ധിക്ക് എന്തു ചെയ്യണമെന്ന് ഇവിടെയാണ് നാം മാതൃക കണ്ടെത്തേണ്ടത്. സന്താനങ്ങൾ ലഭിക്കാൻ ഗുരുവായൂരിൽ തുലാഭാരവും നാഗൂർ, അജ്മീർ എന്നിവിടങ്ങളിലേക്ക് തീർത്ഥയാത്രയും ശബരിമയിൽ പതിനെട്ടാംപടി ചവിട്ടലും എല്ലാം നടത്തിയ വാർത്തകൾ മുമ്പിൽ വെച്ചുകൊണ്ടാണിത് കുറിക്കുന്നത്. പ്രാദേശികവും അന്തർദേശീയവുമായ ബിംബ-വിഗ്രഹ-ജാറ-സതി മന്ദിരങ്ങളിലേക്കെല്ലാമുള്ള പ്രവാഹങ്ങളിൽ ഗണ്യമായ ശതമാനം സന്താന ലബ്ധി പോലുള്ള ആഗ്രഹസഫലീകരണത്തിനാണ്. എന്നാൽ മനുഷ്യർക്ക് മാതൃകയായി അയക്കപ്പെട്ട പ്രവാചകന്മാർ ഇത്തരം സാഹചര്യത്തിൽ എന്തു ചെയ്തു? ഖുർആൻ പറയുന്നത് കാണുക: "നിൻെറ നാഥൻ അവൻെറ അടിമ സക്കരിയ്യക്ക് കരുണ ചെയ്തത് വിവരിക്കുകയാണ്. അദ്ദേഹം രഹസ്യമായി തൻെറ നാഥനെ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ട് പറഞ്ഞു:

رَبِّ إِنِّي وَهَنَ الْعَظْمُ مِنِّي وَاشْتَعَلَ الرَّأْسُ شَيْباً وَلَمْ أَكُنْ بِدُعَائِكَ رَبِّ شَقِيّاً. وَإِنِّي خِفْتُ الْمَوَالِيَ مِنْ وَرَائِي وَكَانَتِ امْرَأَتِي عَاقِراً فَهَبْ لِي مِنْ لَدُنْكَ وَلِيّاً. يَرِثُنِي وَيَرِثُ مِنْ آلِ يَعْقُوبَ وَاجْعَلْهُ رَبِّ رَضِيّاً (مريم ٤، ٥)

"എൻെറ നാഥാ! എൻെറ ശരീരത്തിലുള്ള എല്ലുകൾ തളർന്നു കഴിഞ്ഞു. തലയിൽ നര ശോഭിക്കുകയും ചെയ്തു. എൻെറ നാഥാ നിന്നോട് പ്രാർത്ഥിച്ചിട്ട് ഞാൻ ഇച്ഛാഭംഗപ്പെട്ടവനായിട്ടില്ല. എൻെറ (കാല)ശേഷം ബന്ധുമിത്രങ്ങളെ ഞാൻ ഭയപ്പെട്ടിരിക്കുന്നു. എൻെറ ഭാര്യയാണെങ്കിൽ വന്ധ്യയുമായിത്തീർന്നിരിക്കുന്നു. അതിനാൽ നിൻെറ പക്കൽ നിന്ന് എനിക്കും യഅ്ക്വൂബ് കുടുംബത്തിനും അവകാശിയായി വരുന്ന ഒരു സന്താനത്തെ ദാനമായി നൽകേണമേ! എൻെറ നാഥാ അവനെ നീ സംപ്രീതനാക്കുകയും ചെയ്യേണമേ!" (19: 4,5)

സന്താനലബ്ധിക്കായി അദ്ദേഹം നടത്തിയ പ്രാർത്ഥനകൾ ക്വുർആനിൽ മറ്റു സ്ഥലങ്ങളിലും വിവരിച്ചിട്ടുണ്ട്.

رَبِّ هَبْ لِي مِنْ لَدُنْكَ ذُرِّيَّةً طَيِّبَةً إِنَّكَ سَمِيعُ الدُّعَاءِ (آل عمران ٣٨)

“എന്റെ നാഥാ! നല്ലതായ ഒരു സന്താനത്തെ എനിക്ക് നീ ദാനമായി നൽകേണമേ! നിശ്ചയം നീ പ്രാർത്ഥന കേൾക്കുന്നവൻ തന്നെയാകുന്നു” (3: 38)

സക്കരിയ്യാ നബി(അ)മിന്റെ ഈ പ്രാർത്ഥനകളെല്ലാം തനിക്കൊരു സന്താനം ജനിക്കുമെന്ന എല്ലാ പ്രാപഞ്ചിക നിയമങ്ങളിലും കാര്യകാരണ ബന്ധങ്ങളിലും ഉള്ള പ്രതീക്ഷ പോലും നഷ്ടപ്പെട്ട സമയത്തായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ അലൗകിക മാർഗ്ഗത്തിലൂടെയുള്ള സഹായങ്ങൾ ചോദിക്കേണ്ടത് അല്ലാഹുവിനോട് മാത്രമാണ്. മറ്റാരോടും പ്രാർത്ഥിച്ചിട്ടും കാര്യമില്ല. കാര്യമുണ്ടാകും എന്ന് വിശ്വസിച്ചാൽ ആ വിശ്വാസം അല്ലാഹുവിങ്കൽ പങ്ക് ചേർക്കലാണ്. ഏതെങ്കിലും ഒരു പ്രവാചകൻ ആഗ്രഹസഫലീകരണത്തിന് ഒരിക്കലും അല്ലാഹുവിനെയല്ലാതെ വിളിച്ചു പ്രാർത്ഥിച്ചിട്ടില്ല. സക്കരിയ്യാ നബി(അ) ഇതേ ആവശ്യാർത്ഥം നടത്തിയ മറ്റൊരു പ്രാർത്ഥന കൂടി ക്വുർആൻ നമുക്ക് പറഞ്ഞു തരുന്നു:

وَزَكَرِيَّا إِذْ نَادَىٰ رَبَّهُ رَبِّ لَا تَذَرْنِي فَرْدًا وَأَنتَ خَيْرُ الْوَارِثِينَ (الأنبياء : ٨٩)

“സക്കരിയ്യായുടെ വൃത്താന്തം (നീ ഓർമ്മിക്കുക!) അദ്ദേഹം തന്റെ നാഥനോട് പ്രാർത്ഥിച്ച സന്ദർഭം. എന്റെ നാഥാ!എന്നെ (അനന്തരാവകാശികളില്ലാതെ) ഏകനായി വിടരുതേ! അവകാശമെടുക്കുന്നവരിൽ ഏറ്റവും ഉത്തമനാണ് നീ” (21: 89). നിഷ്കളങ്ക വിചാരത്തോടെ നിർമ്മല ഹൃദയത്തോടെ ആര് അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നുവോ ഉടനെ അവൻ ഉത്തരം ചെയ്യും. അതിനാൽ തുടർന്നുകൊണ്ട് അല്ലാഹു പറയുന്നു. “അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം ചെയ്തു. (അങ്ങനെ) യഹ്‌യയെ അദ്ദേഹത്തിന് നാം ദാനമായി നൽകുകയും (അതിനുവേണ്ടി വന്ധ്യതമാറ്റി) അദ്ദേഹത്തിന്റെ ഭാര്യയെ നാം നന്നാക്കി കൊടുക്കുകയും ചെയ്തു. മേൽ പറഞ്ഞവരെല്ലാം ലൂത്, ദാവൂദ്, സുലൈമാൻ, അയ്യൂബ്, ഇസ്മാഈൽ, ഇദ്‌രീസ്, യൂനുസ് തുടങ്ങിയ പ്രവാചകർ പ്രത്യാശയോടും ഭീതിയോടും കൂടി നമ്മെ വിളിച്ച് പ്രാർത്ഥിക്കുന്നവരായിരുന്നു. അവരെല്ലാം നമ്മളോട് വിനയമുള്ളവരുമായിരുന്നു” (21: 90). ഈ സൂക്തത്തിന്റെ അവസാന വാചകം നാം പ്രത്യേകം ശ്രദ്ധിക്കുക. ആപൽഘട്ടങ്ങളിലും ആഗ്രഹ നിവാരണത്തിനും മേൽപറഞ്ഞ പ്രവാചകന്മാരെല്ലാം “പ്രത്യാശയോടും ഭീതിയോടും കൂടി നമ്മെ വിളിച്ച് പ്രാർത്ഥിക്കുന്നവരായിരുന്നു” എന്നതാണത്. അതിൽ അല്ലാഹു അവന്റെ സന്തുഷ്ടി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

## ഈസാ (അ)

ഒരിക്കൽ ഈസാ നബി(അ)മിനോട് അപ്പോസ്തലന്മാർ പറഞ്ഞു: ഓ ... മർയമിന്റെ പുത്രൻ ഈസാ! വാനലോകത്ത് നിന്ന് ഞങ്ങൾക്കൊരു തീൻമേശ ഇറക്കി ത്തരാൻ നിന്റെ രക്ഷിതാവിന് കഴിയുമോ? അദ്ദേഹം പറഞ്ഞു: “നിങ്ങൾ

വിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ സൂക്ഷിക്കണം. (എന്ന്. അപ്പോൾ) അവർ അദ്ദേഹത്തോട്) പറഞ്ഞു: അതിൽ നിന്ന് ഞങ്ങൾക്ക് ഭക്ഷിക്കുവാനും ഞങ്ങളുടെ ഹൃദയങ്ങൾശാന്തമാകുവാനും അവിടുന്ന് ഞങ്ങളോട് സത്യമാണ് പറഞ്ഞിട്ടുള്ളതെന്ന് ഞങ്ങൾക്ക് ബോധ്യപ്പെടാനും, ഞങ്ങൾ അതിന് സാക്ഷികളായിത്തീരാനും ഞങ്ങൾ ആഗ്രഹിക്കുന്നു." (5: 113). ഈസാ(അ) ഒരു ദൂതനാണെന്ന് വിശ്വസിക്കാനുള്ള തെളിവെന്ന രൂപത്തിലാണ് അവർ 'തീൻമേശ' ഇറക്കിത്തരുവാൻ ആവശ്യപ്പെട്ടത്. അപ്പോൾ ഈസബ്നുമർയം' പ്രാർത്ഥിച്ചു:

اَللّٰهُمَّ رَبَّنَا أَنْزِلْ عَلَيْنَا مَائِدَةً مِنَ السَّمَاءِ تَكُونُ لَنَا عِيدًا لِأَوَّلِنَا وَآخِرِنَا وَآيَةً مِنْكَ وَارْزُقْنَا وَأَنْتَ خَيْرُ الرَّازِقِينَ (المائدة: ١١٤)

"അല്ലാഹുവേ! ഞങ്ങളുടെ നാഥാ! ഞങ്ങളിൽ ആദ്യം മുതൽ അന്ത്യംവരെയുള്ള എല്ലാവർക്കും ഒരാഘോഷദിനവും നിന്റെ പക്കൽ നിന്നുള്ള ഒരുദൃഷ്ടാന്തവും ആകത്തക്കവണ്ണം മാനത്ത് നിന്ന് ഒരു തീൻമേശ ഞങ്ങൾക്ക് ഇറക്കിത്തരണമേ! നീ ഞങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്യേണമേ! ഉപജീവനം നൽകുന്നവരിൽ അത്യുത്തമൻ നീയാകുന്നു. (നാഥാ)". (5: 114). താൻ അല്ലാഹുവിന്റെ ദൂതനാണെന്ന് അദ്ദേഹം അറിയിച്ചപ്പോൾ അപ്പോസ്തലന്മാർ ദൃഷ്ടാന്തം ആവശ്യപ്പെട്ടു. പ്രസ്തുത ആവശ്യം സാധിപ്പിച്ചു കൊടുക്കാൻ ഈസാനബിക്ക് കഴിയുകയില്ല. അപ്പോൾ അദ്ദേഹം നേരിട്ട് അല്ലാഹുവിനോട് പ്രാർത്ഥിച്ചതാണ് നാം ഇവിടെ കണ്ടത്.

## മുഹമ്മദ് (സ)

ഇമാം മുസ്‌ലിം തന്റെ സഹീഹിൽ:

باب فضل الدعاء «اَللّٰهُمَّ آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ»

എന്ന അദ്ധ്യായത്തിൽ നബി(സ)യുടെ പ്രാർത്ഥനകളുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ പ്രാർത്ഥിക്കാറുണ്ടായിരുന്നതായി അനസ്(റ)വിൽ നിന്നുദ്ധരിക്കുന്ന ഈ പ്രാർത്ഥന ഖുർആനിലെ ഒരായത്ത് കൂടിയാണ്. പ്രസ്തുത പ്രാർത്ഥന അല്ലാഹു ജനങ്ങളെ പഠിപ്പിക്കുന്നത് കാണുക.

"അങ്ങനെ നിങ്ങൾ നിങ്ങളുടെ ഹജ്ജ് കർമ്മങ്ങൾ പൂർത്തിയാക്കിയാൽ സ്വന്തം പിതാക്കളെ സ്മരിക്കുന്നത് പോലെയോ അതിൽ കൂടുതലായോ അല്ലാഹുവിനെ നിങ്ങൾ സ്മരിക്കുവിൻ. അപ്പോൾ ചില ആളുകൾ "ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് നീ ഇഹലോകത്ത് നന്മതരേണമേ!" എന്ന് പ്രാർത്ഥിക്കുന്നവരാകുന്നു.

പരലോകത്ത് അവർക്ക് യാതൊരു ഓഹരിയും ഉണ്ടായിരിക്കുന്നതല്ല" (2: 200). (എന്നാൽ) "അവരിൽ നിന്ന് ചിലർ

رَبَّنَا آتِنَا فِى الدُّنْيَا حَسَنَةً وَفِى الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ (البقرة : ٢٠١)

"ഞങ്ങളുടെ നാഥാ! ഇഹലോകത്ത് ഞങ്ങൾക്ക് നീ നല്ലത് തരേണമേ, പരലോകത്തും നല്ലത് തരേണമേ, നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാക്കേണമേ!, എന്ന് പ്രാർത്ഥിക്കുന്നവരുണ്ട് (2: 201)

വിശുദ്ധ ക്വുർആൻ മറ്റൊരിടത്ത് അല്ലാഹുവിനെ വിളിച്ച് ഇപ്രകാരം പ്രാർത്ഥിക്കാൻ പ്രവാചകനോട് കൽപ്പിക്കുന്നു:

اَللّٰهُمَّ مَالِكَ الْمُلْكِ تُؤْتِى الْمُلْكَ مَنْ تَشَاءُ وَتَنْزِعُ الْمُلْكَ مِمَّنْ تَشَاءُ وَتُعِزُّ مَنْ تَشَاءُ وَتُذِلُّ مَنْ تَشَاءُ بِيَدِكَ الْخَيْرُ إِنَّكَ عَلَى كُلِّ شَيْءٍ قَدِيرٌ. تُولِجُ اللَّيْلَ فِى النَّهَارِ وَتُولِجُ النَّهَارَ فِى اللَّيْلِ وَتُخْرِجُ الْحَيَّ مِنَ الْمَيِّتِ وَتُخْرِجُ الْمَيِّتَ مِنَ الْحَيِّ وَتَرْزُقُ مَنْ تَشَاءُ بِغَيْرِ حِسَابٌ (آل عمران: ٢٦، ٢٧)

"രാജത്വത്തിന്റെ അധിപനായ അല്ലാഹുവേ! നീ ഉദ്ദേശിക്കുന്നവർക്ക് രാജത്വം നീ കൊടുക്കുകയും നീ ഉദ്ദേശിക്കുന്നവരിൽ നിന്ന് രാജത്വം എടുത്തുകളയുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവരെ നീ പ്രതാപശാലികളാക്കുകയും നീ ഉദ്ദേശിക്കുന്നവരെ നീ അധമരാക്കുകയും ചെയ്യുന്നു. നിന്റെ കയ്യിൽ തന്നെയാണ് നന്മ. നിശ്ചയം നീ എല്ലാ കാര്യത്തിനും ശക്തിയുള്ളവനാകുന്നു. രാത്രിയെ പകലിലും പകലിനെ രാത്രിയിലും നീ ഉൾപ്പെടുത്തുന്നു. നിർജ്ജീവിയിൽ നിന്നും ജീവിയെ നീ പുറത്തുകൊണ്ടുവരുന്നു. ജീവിയിൽ നിന്ന് നിർജ്ജീവിയെയും നീ പുറത്തുകൊണ്ടുവരുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നീ കൊടുക്കുകയും ചെയ്യുന്നു"(3: 26,27)

അധികാരം കൊടുക്കുന്നതും അതെടുത്തു കളയുന്നതും, പ്രതാപം കൊടുക്കാനും അധമത്വം നൽകാനും അല്ലാഹുവിനല്ലാതെ മറ്റാർക്കും സാധിക്കുകയില്ല. അല്ലാഹു അവന്റെ സൃഷ്ടികളിൽ അത്യുത്തമനായി പ്രഖ്യാപിച്ച മുഹമ്മദ് നബി(സ)മിന് പോലും സാദ്ധ്യമല്ല; എന്നിരിക്കെ മറ്റാർക്കെങ്കിലും അതിന് സാധിക്കുമോ? ഇല്ലതന്നെ. എന്നിരിക്കെ ഒരാൾ തന്നെ പ്രതാപവാനാക്കാൻ അല്ലാഹുവിനോടല്ലാതെ ആരോട് പ്രാർത്ഥിച്ചിട്ടും കാര്യമില്ല. ഈ ലോകത്ത് എന്തെന്ത് ബഹുമതികളും പ്രതാപങ്ങളും ആർക്കെല്ലാം കിട്ടിയിട്ടുണ്ടോ, അതെല്ലാം അല്ലാഹു കൊടുത്തതാണ്. അതവൻ കൊടുത്തത് മറ്റാരുടെയും കൽപ്പനകൊണ്ടോ നിർദ്ദേശം കൊണ്ടോ അല്ല. ഇനി കൊടുക്കുന്നതും അങ്ങനെയല്ല. അതിനാൽ എല്ലാ കാര്യങ്ങളും അതിന്റെ ഉടമസ്ഥനോട് ചോദിക്കുക. ഭൗതിക കാര്യമായാലും

പാരത്രിക മോക്ഷമായാലും അല്ലാഹുവിനോട് മാത്രം ചോദിക്കുക. മറ്റുള്ളവരോട് ചോദിക്കുന്നതിനെ അല്ലാഹു വെറുക്കുന്നു. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള പ്രധാന വ്യത്യാസം ഇവിടെയാണ്. ഉദാഹരണമായി നമ്മുടെ വളരെ അടുത്ത ഒരു സുഹൃത്തിനോട് അവൻെറ അധീനതയിൽപ്പെട്ട എന്തെങ്കിലും ഒരു കാര്യം നാം ചോദിച്ചാൽ അവർ ആദ്യം നമുക്ക് തരും; രണ്ടാമതും മൂന്നാമതും നമുക്ക് തരും; നാലാമതാകുമ്പോൾ അൽപം വെറുപ്പോടുകൂടി തരുന്നു; ചിലപ്പോൾ തന്നില്ലെന്നും വരും. എന്നാൽ അല്ലാഹുവിനോട് ചോദിച്ചാൽ സ്ഥിതി മറിച്ചാണ്. അവനോട് ഒരു പ്രാവശ്യം ചോദിക്കുമ്പോൾ അവൻ നമ്മെ ഇഷ്ടപ്പെടുകയും അടുക്കുകയും ചെയ്യുന്നു. രണ്ടാമത് ചോദിക്കുമ്പോൾ അതിൽക്കൂടുതൽ അടുക്കുന്നു. കൂടുതൽ സ്നേഹിക്കുന്നു. അങ്ങനെ എത്ര കൂടുതൽ നാം അവനോട് ചോദിക്കുന്നുവോ അത്രയും അവൻ നമ്മിലേക്ക് അടുക്കുകയും അവൻ നമ്മെ അവൻെറ സൃഷ്ടികളിൽ ഉത്തമന്മാരായി ഗണിക്കുകയും ചെയ്യുന്നു. അതായത് സൃഷ്ടികളോട് നാം ചോദിക്കുമ്പോൾ അവർ നമ്മെ വെറുക്കുന്നു; അല്ലാഹുവിനോട് നാം ചോദിക്കുമ്പോൾ അവൻ നമ്മെ ഇഷ്ടപ്പെടുന്നു. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ സൃഷ്ടികളോട് നാം ചോദിക്കാതിരുന്നാലാണ് അവർ നമ്മെ ഇഷ്ടപ്പെടുന്നത്. അല്ലാഹുവിനോട് നാം ചോദിക്കാതിരുന്നാലാണ് അവൻ നമ്മെ വെറുക്കുന്നത്. ഇവിടെ ഒരു കവിവചനം ഉദ്ധരിക്കുന്നത് ഉചിതമായി തോന്നുന്നു.

لا تسئلن بُنَيَّ آدم حاجة ٧ وسل الذى أبوابه لا تحجب
الله يغضب إن تركت سؤاله ٧ وبُنَيُّ آدم حين يسأل يغضب

മനുഷ്യനോട് നീ ഒന്നും ആവശ്യപ്പെടാതിരിക്കൂ. ഏതൊരുവൻെറ കവാടമാണോ സൃഷ്ടികൾക്കായി മലർക്കെ തുറന്നിട്ടിരിക്കുന്നത് അവനോട് നീ ചോദിക്കുക. അല്ലാഹുവിനോട് ചോദിക്കാതിരുന്നാൽ അവൻ കോപിക്കുകയും, മനുഷ്യനോട് ചോദിക്കുമ്പോൾ അവൻ കോപിക്കുകയും ചെയ്യുന്നു.

ഇനിയും മുഹമ്മദ് നിബ(സ)യോട് അല്ലാഹു പ്രാർത്ഥിക്കാൻ കൽപ്പിക്കുന്നു. അല്ലാഹുവിനെ മാത്രം വിളിച്ചു പ്രാർത്ഥിക്കാനാണ് ഈ പ്രാർത്ഥനകളെല്ലാം അവൻ നമുക്ക് ഖുർആനിലൂടെ പഠിപ്പിച്ചു തരുന്നത്. "നീ പ്രാർത്ഥിക്കുക"

رَبِّ أَدْخِلْنِى مُدْخَلَ صِدْقٍ وَأَخْرِجْنِى مُخْرَجَ صِدْقٍ وَاجْعَلْ لِى مِنْ لَدُنْكَ سُلْطَانًا نَصِيرًا (الاسراء ٨٠)

"എൻെറ നാഥാ! എൻെറ പ്രവേശനവും പുറപ്പാടും സത്യത്തിൻെറ മാർഗ്ഗത്തിലാക്കേണമേ. നിൻെറ വകയായി എനിക്ക് സഹായകമായ പിൻബലം നീ നൽകുകയും ചെയ്യേണമേ!" (17: 80)

നബി(സ)ക്ക് അല്ലാഹു ദിവ്യസന്ദേശം നൽകിക്കൊണ്ടിരുന്നു. കൂട്ടത്തിൽ

വിജ്ഞാന വികസനത്തിനായി അല്ലാഹുവിനോട് പ്രാർത്ഥിക്കുവാൻ അവൻ ആജ്ഞാപിക്കുന്നു. നീ പ്രാർത്ഥിക്കുക: رَبِّ زِدْنِي عِلْمًا (طـه : ١١٤)

"എന്റെ നാഥാ!എനിക്ക് നീ അറിവ് വർദ്ധിപ്പിച്ചു തരേണമേ!" (20: 114)

മനുഷ്യന്റെ ഐഹികവും പാരത്രികവുമായ എന്തെല്ലാം പ്രശ്നങ്ങളുണ്ടോ അതെല്ലാം അല്ലാഹുവിനോട് ചോദിക്കാൻ കൽപ്പിച്ചുകൊണ്ടാണ് അഖില പ്രവാചകന്മാരും ഇവിടെ വന്നത്. ആ പ്രവാചകന്മാർ നടത്തിയ പ്രാർത്ഥനകൾ മുഴുവനും 'റബ്ബി' (എന്റെ നാഥാ) എന്ന് അല്ലാഹുവിനെ മാത്രം വിളിച്ചുകൊണ്ടാണ് എന്ന് നാം കണ്ടു. ഓരോ പ്രവാചകന്റെയും വരവ് ഈ ആശയം ജനങ്ങളെ വാക്കിലൂടെയും പ്രവർത്തനത്തിലൂടെയും പഠിപ്പിക്കുവാനാണ്. അപ്പോൾ കുറെ ആളുകൾ സ്വീകരിക്കും; മറ്റുള്ളവർ അദ്ദേഹത്തെ എതിർക്കും. എന്നിട്ട് അദ്ദേഹം ചരമമടഞ്ഞാൽ തലമുറകൾ പിന്നിടുമ്പോൾ അതെ പ്രാവചകനെയും ആ പ്രവാചകന്റെ അനുചരന്മാരിൽ കൂടുതൽ പ്രശസ്തരായ സജ്ജനങ്ങളെയും വിവരമില്ലാത്ത ആളുകൾ വിളിച്ചു പ്രാർത്ഥിക്കുവാനും ആരാധിക്കുവാനും തുടങ്ങും. എന്നാൽ വിവരമുണ്ട്; വിശ്വാസമില്ലതാനും. അത്തരത്തിലുള്ള പുരോഹിതന്മാരും നേതാക്കളും സാധാരണക്കാരുടെ ഈ അറിവില്ലായ്മയെ ചൂഷണം ചെയ്ത് ജീവിക്കുവാൻ തുടങ്ങും. ഇങ്ങനെയാണ് ജനങ്ങൾ വീണ്ടും അല്ലാഹു അല്ലാത്തവർക്ക് 'ഇബാദത്ത്' ചെയ്യാനും അവരെ ആപൽഘട്ടങ്ങളിൽ വിളിച്ചു പ്രാർത്ഥിക്കുവാനും തുടങ്ങുന്നത്.

ഇപ്പോൾ നമുക്കൊരു സംശയം ജനിച്ചേക്കാം. അല്ലാഹുവിനെ വിളിച്ചു കൊണ്ടുള്ള ഈ പ്രാർത്ഥനകൾ നടത്തിയവർ പ്രവാചകന്മാരല്ലേ? നാമും അവരും എവിടെ കിടക്കുന്നു! അവരുടെയും നമ്മുടെയും ഇടയിലുള്ള അന്തരം എത്ര വലുതാണ്! അവർ അല്ലാഹുവിന്റെ ഇഷ്ടദാസന്മാരായ പ്രവാചകന്മാർ; നാമാണെങ്കിൽ കേവലം പാപികളായ മനുഷ്യർ മാത്രം. അതിനാൽ അവർ അവരുടെ ആവശ്യങ്ങൾക്ക് അല്ലാഹുവിനോടു പ്രാർത്ഥിക്കട്ടെ. നാമെല്ലാം ആ പ്രവാചകന്മാരോടോ അവരുടെ അനുയായികളോടോ പ്രാർത്ഥിക്കുക. അല്ലാഹു അല്ലാത്ത സൃഷ്ടികളിലേക്ക് ആഗ്രഹ സഫലീകരണത്തിന് തീർത്ഥാടനം ചെയ്യുന്ന എല്ലാവരുടെയും ന്യായീകരണമിതാണ്.

എന്നാൽ അല്ലാഹു അവനെ സംബന്ധിച്ചു മാത്രമാണ് أَرْحَمُ الرَّاحِمِينْ (കരുണ ചെയ്യുന്നവരുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ കരുണ ചെയ്യുന്നവൻ) എന്ന് വിശേഷിപ്പിച്ചത്. ഏത് പാപികളോടും കരുണ ചെയ്യുകയും പാപം പൊറുത്ത് കൊടുക്കുകയും ചെയ്യുന്നത് അവനാണ്. ഏതൊരു മഹാപാപിക്കും അല്ലാഹുവിന്റെ കരുണ ലഭിക്കുന്നു. അല്ലാഹു പറയുന്നത് കാണുക:

وَرَحْمَتِي وَسِعَتْ كُلَّ شَيْءٍ (الاعراف : ١٥٦)

"എന്റെ കരുണ സകല വസ്തുക്കളെയും ഉൾപ്പെടുത്തിയിരിക്കുന്നു" അല്ലാഹുവിന്റെ കരുണ അതിവിശാലമാണ്. അതിന്റെ നൂറിൽ ഒരു ഭാഗം മാത്രമാണ് ഈ ലോകത്തിലേക്കിറക്കിയിരിക്കുന്നത്. ബാക്കി തൊണ്ണൂറ്റിഒമ്പത് ഭാഗവും അവൻ തന്റെ അടുക്കൽ സൂക്ഷിച്ചിരിക്കുന്നു. ആ ഒരു ഭാഗത്തെ അവന്റെ സൃഷ്ടികളിൽ ഓഹരിവെച്ചതിൽ നിന്നാണ് അവർ തന്നെ പരസ്പരം കരുണ കാണിക്കുന്നത്. ഒരു പക്ഷി അതിന്റെ കുഞ്ഞിനെ ചിറകിനടിയിൽ വെച്ച് സംരക്ഷിച്ചുകൊണ്ട് കരുണ ചെയ്യുന്നതും ആ ഒരംശത്തിന്റെ ഒരു ഭാഗം മാത്രമാണ്" ഇത്രയും വിശാലവും വിപുലവുമാണ് പടച്ച തമ്പുരാന്റെ കരുണയെന്ന പ്രവാചകൻ പഠിപ്പിക്കുന്നു.

സാധാരണക്കാരായ ആളുകൾക്ക് ഇത് പഠിപ്പിച്ചുകൊടുക്കാൻ ബാദ്ധ്യസ്ഥരായവർ 'ഉലമാ'ക്കളും 'ഉമറാ'ക്കളുമാണ്. അവരിൽ അല്ലാഹുവിലും പരലോകത്തിലും വിശ്വാസമുള്ളവർ ഇക്കാര്യം സദാ ഉണർത്തിക്കൊടുക്കാറുണ്ട്. അല്ലാത്തവരാകട്ടെ 'മഖ്ബറകളി'ലൂടെ പര്യടനം നടത്തി ഖബറുകളായ ഖബറുകൾ മുഴുവൻ കണ്ടുപിടിക്കുകയും കെട്ടിപ്പൊന്തിച്ച് കൊടിനാട്ടി മൂടിപ്പുതപ്പിച്ച്, വിളക്ക് കൊളുത്തി ആരാധിക്കപ്പെടുന്ന ബിംബങ്ങളാക്കിത്തീർക്കുകയും ചെയ്യുന്നു. എന്നിട്ട് 'നിങ്ങൾക്ക് എന്തു പ്രശ്നങ്ങളുണ്ടെങ്കിലും ഞങ്ങളുടെ കെട്ടിപ്പടുത്ത ഖബറുകളിലേക്ക് പോരുവീൻ' എന്ന് പ്രചരിപ്പിക്കുന്നു.

സത്യം മനസ്സിലാക്കുകയും നരകശിക്ഷയിൽ നിന്ന് മോചനം ആഗ്രഹിക്കുകയും ചെയ്യുന്ന ആർക്കെങ്കിലും മേൽ പറഞ്ഞതിൽ സംശയമുണ്ടെങ്കിൽ അവർക്ക് മറുപടിയായി പറയുന്നു: പ്രവാചകന്മാർ മാനവരാശിയുടെ മാതൃകാ പുരുഷന്മാരാണ്. അവർ നമ്മോട് പറയുകയും പ്രവർത്തിക്കുകയും ചെയ്തത് നാം പൂർണ്ണമായും അംഗീകരിക്കുകയും **പ്രവൃത്തിപഥത്തിൽ**കൊണ്ടുവരികയും ചെയ്യുക."അവർ തന്നെയാണ് അല്ലാഹു സന്മാർഗ്ഗത്തിലാക്കിയവർ. അതുകൊണ്ട് അവരുടെ മാർഗ്ഗ നിർദ്ദേശത്തെ നീ പിൻപറ്റുക" (6: 90). അവർ അല്ലാഹുവിനോട് മാത്രമേ ആഗ്രഹ സഫലീകരണാർത്ഥം പ്രാർത്ഥിച്ചിട്ടുള്ളൂ. അല്ലാഹുവിനോട് മാത്രമേ പ്രാർത്ഥിക്കാൻ നമ്മോട് കൽപ്പിച്ചിട്ടുള്ളു.

## ഔലിയാക്കൾ

ആഗ്രഹ സഫലീകരണത്തിന് പ്രവാചകന്മാർ അവലംബിച്ച മാർഗ്ഗങ്ങളെന്തായിരുന്നുവെന്ന് വിശുദ്ധ ക്വുർആന്റെ വെളിച്ചത്തിൽ നാം വിശകലനം ചെയ്തു കഴിഞ്ഞു. ഇനി പ്രവാചകന്മാരെ പിൻപറ്റി സ്വർഗ്ഗം പ്രാപിച്ചുവെന്ന് വിശുദ്ധ ക്വുർആൻ വെളിപ്പെടുത്തിയിട്ടുള്ള മഹാന്മാർ വിപൽസന്ധികളിലും മറ്റും എന്തു ചെയ്തുവെന്ന് പരിശോധിക്കാം. അതുപോലെത്തന്നെ അല്ലാഹുവിന്റെ ഉത്തമ ദാസന്മാർ അഭിലാഷ സാദ്ധ്യത്തിനായി എന്തു ചെയ്യുമെന്നും ചെയ്യണമെന്നും

ക്വുർആൻ പഠിപ്പിക്കുന്നുണ്ട്. അവയും നമുക്ക് പഠന വിധേയമാക്കാം.

## മർദ്ദിതരായ അസ്ഹാബുൽ കഹ്ഫ്

'അവർ തങ്ങളുടെ നാഥനിൽ വിശ്വസിക്കുകയും സന്മാർഗ്ഗം നാം ഏറ്റിക്കൊടുക്കുകയും ചെയ്ത യുവാക്കളാണ്' എന്ന് സൂറത്തുൽ കഹ്ഫിൽ അല്ലാഹു വാഴ്ത്തിപ്പറഞ്ഞ അസ്ഹാബുൽ കഹ്ഫ് അല്ലാഹുവിൻെറ ഉത്തമ ദാസന്മാരായിരുന്നുവെന്നതിൽ സംശയമില്ലല്ലോ. അവരുടെ കഥ വിശദീകരിക്കുക ഇവിടെ ഉദ്ദേശ്യമല്ല. ആ ചെറുപ്പക്കാർ ഗുഹയിൽ അഭയം പ്രാപിച്ചപ്പോൾ നടത്തിയ പ്രാർത്ഥന മാത്രമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്.

അവർ (അവരുടെ രാജാവിൻെറ) മുമ്പിൽ നിന്ന് പറഞ്ഞു: "ഞങ്ങളുടെ നാഥൻ ആകാശങ്ങളുടെയും ഭൂമിയുടെയും നാഥനാണ്. അവനോടല്ലാതെ മറ്റൊരു ആരാധ്യനോടും ഞങ്ങൾ പ്രാർത്ഥിക്കുകയില്ല, മറ്റാരോടെങ്കിലും പ്രാർത്ഥിക്കുന്ന പക്ഷം ഞങ്ങൾ വളരെ അതിര് കവിഞ്ഞ വാക്ക് പറഞ്ഞവരായിത്തീരും." (18: 14). 'നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്ന ആരാധ്യവസ്തുക്കളോട് ഞങ്ങൾ പ്രാർത്ഥിക്കുകയില്ല. ഞങ്ങൾ ആകാശഭൂമികളുടെ നാഥനായ അല്ലാഹുവിനെ മാത്രമേ വിളിച്ചു രക്ഷതേടുകയുള്ളൂ എന്ന് പറഞ്ഞ കാരണത്താൽ മാത്രമായിരുന്നു അവർ നാട്ടുകാരിൽ നിന്ന് വിട്ട് ഗുഹയിൽ പോയി അഭയം പ്രാപിക്കേണ്ടിവന്നത്. അങ്ങനെ, അവർ ഗുഹയിലെത്തിയപ്പോൾ അവരുടെ കാലത്ത് ജീവിച്ചിരുന്നവരോ, മുമ്പ് കഴിഞ്ഞുപോയവരോ ആയ ആരെയുമല്ല വിളിച്ചു പ്രാർത്ഥിച്ചത്. അവരെയൊന്നും ഇടയാളന്മാരാക്കിയിട്ടുമില്ല. മറിച്ച് മദ്ധ്യവർത്തികളില്ലാതെ അല്ലാഹുവെ നേരിട്ട് പ്രാർത്ഥിച്ചു. ക്വുർആൻ ആ പ്രാർത്ഥന നമുക്ക് പറഞ്ഞുതരുന്നത് കാണുക:

رَبَّنَا آتِنَا مِنْ لَدُنْكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا (الكهف : ١٠)

"ഞങ്ങളുടെ നാഥാ! നിൻെറ പക്കൽ നിന്നുള്ള കാരുണ്യം നീ ഞങ്ങൾക്ക് (ചൊരിഞ്ഞു) തരേണമേ! ഞങ്ങളുടെ കാര്യത്തിൽ സന്മാർഗ്ഗദർശനം നീ ഞങ്ങൾക്ക് ശക്തിപ്പെടുത്തിത്തരേണമേ!" അപ്പോൾ അവരുടെ പ്രാർത്ഥനക്ക് അല്ലാഹു ഉത്തരം ചെയ്തു. ആ സംഭവം തുടർന്നുകൊണ്ട് സൂറത്തുൽ - കഹ്ഫിൽ അല്ലാഹു മാനവസമുദായത്തെ പഠിപ്പിക്കുന്നു.

## പീഡിതരായ മൂസാ നബിയുടെ ജനത

ആകാശം ഇടിഞ്ഞു വീണാലും അലയാഴി ഇരമ്പിക്കയറിയാലും ഒരു സത്യവിശ്വാസിക്ക് അല്ലാഹുവിലുള്ള ഈമാൻ അചഞ്ചലമായിരിക്കും. ഏത് തരത്തിലുള്ള ക്ലേശങ്ങളും കഷ്ടതകളും അവനെ നേരിട്ടാലും അവൻ അല്ലാഹുവിനെയല്ലാതെ മറ്റൊരു പരാശക്തിയിലും അഭയം പ്രാപിക്കുകയില്ല. അതിനു ഉത്തമമാതൃകയാണ് സത്യവിശ്വാസം സ്വീകരിച്ച ഫറോവയുടെ ആഭിചാരകരും ഫറോ

വയുടെ പതിയും മറ്റും.

ക്വുർആനിലെ ഏഴാമത്തെ അദ്ധ്യായമായ അൽ അഅ്റാഫിൽ 103-ാം സൂക്തം മുതൽ ഫിർഔനിൻെറയും ആഭിചാരകന്മാരുടെയും മൂസാ(അ) നടത്തിയ അമാനുഷിക സംഭവങ്ങളുടെയും വിശദമായ കഥ അല്ലാഹു പഠിപ്പിക്കുന്നു. അതിൻെറ ചുരുക്കമിതാണ്. മൂസാ (അ) ഫിർഔനിൻെറ മുമ്പിൽ വെച്ച് ദൈവ ദൗത്യമറിയിച്ചു. താൻ ദൈവദൂതനാണെന്ന് പറഞ്ഞു. അതിനവൻ ദൃഷ്ടാന്തം ആവശ്യപ്പെട്ടു. മൂസാ(അ) തൻെറ കയ്യിലിരുന്ന വടി താഴെയിട്ടു. അപ്പോഴതാ ഒരു ഇഴയുന്ന സർപ്പം! തൻെറ കൈ പുറത്തെടുത്ത് കാട്ടിക്കൊടുത്തു; അപ്പോഴതാ കാഴ്ചക്കാർക്ക് അതു വെളുത്തു സുന്ദരമായി തോന്നുന്നു. ഇതെല്ലാം കണ്ടപ്പോൾ അദ്ദേഹത്തെ ഒരു ആഭിചാരകനായി ചിത്രീകരിച്ചു. മൂസാ(അ)മിനെ പരാജയപ്പെടുത്താൻ പട്ടണത്തിലുള്ള എല്ലാ പ്രശസ്തരായ മാരണക്കാരെയും ഫിർഔൻ ക്ഷണിച്ചു വരുത്തി. അവർക്ക് വലിയ പ്രതിഫലവും ഉന്നതമായ പദവിയും വാഗ്ദാനം ചെയ്തു. ഇരുകൂട്ടരും പൊതുജനമദ്ധ്യേ മത്സരക്കളരിയിൽ പ്രത്യക്ഷപ്പെട്ടു. ആദ്യമായി ഫിർഔൻെറ നിപുണരായ മാരണക്കാർ തങ്ങളുടെ ആഭിചാരവൃത്തിയിലൂടെ കുറെ സർപ്പങ്ങളെ സൃഷ്ടിച്ചു. ഉടനെ മൂസാ(അ)നോട് അല്ലാഹു കൽപ്പിച്ചു: നീ നിൻെറ വടി (നിലത്ത്) ഇടുക. അങ്ങനെ മൂസാ(അ)ൻെറ വടി ഒരു ഭീകര സർപ്പമായി രൂപാന്തരപ്പെടുകയും ഫിർഔൻെറ മാരണക്കാർ സൃഷ്ടിച്ചു വിട്ട എല്ലാ സർപ്പങ്ങളെയും വെട്ടിവിഴുങ്ങുകയും ചെയ്തു. ഉടനെ മാരണക്കാർ മുഴുവനും അല്ലാഹുവിന് സാഷ്ടാംഗം ചെയ്തുകൊണ്ട് വീണു. 'മൂസായുടെയും ഹാറൂനിൻെറയും രക്ഷിതാവായ ലോക നാഥനിൽ ഞങ്ങൾ വിശ്വസിച്ചു' എന്നു പറയുകയും ചെയ്തു. ക്ഷുഭിതനായ ഫിർഔൻ അപമാനഭാരത്താൽ അവരെ മുഴുവനും കൈകാലുകൾ മുറിച്ച് കഴുകിലേറ്റാൻ തീരുമാനിച്ചു. അപ്പോൾ അവർ പറഞ്ഞു: "എന്നാൽ ഞങ്ങൾ ഞങ്ങളുടെ നാഥങ്കലേക്ക് മടങ്ങിപ്പോകും; ഞങ്ങളുടെ നാഥൻെറ ലക്ഷ്യങ്ങൾ ഞങ്ങൾക്ക് വന്നുകിട്ടിയപ്പോൾ അവയിൽ വിശ്വസിച്ചു എന്നത ല്ലാതെ മറ്റൊരു തെറ്റും ഞങ്ങൾ ചെയ്തിട്ടുള്ളതായി നീ കാണുന്നില്ലല്ലോ (7: 103 മുതൽ 126 വരെ നോക്കുക). തുടർന്നുകൊണ്ട് ആ സത്യവിശ്വാസം സ്വീകരിച്ച ആഭിചാരകന്മാർ ഫിർഔൻെറ മർദ്ദനത്തെ ഭയന്ന് വീണ്ടും സത്യനിഷേധത്തിലേക്ക് മടങ്ങാതിരിക്കാൻ അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കുകയും സഹായമർത്ഥിക്കുകയും ചെയ്യുന്നു.

رَبَّنَا أَفْرِغْ عَلَيْنَا صَبْرًا وَتَوَفَّنَا مُسْلِمِينَ (الاعراف ١٢٦)

"ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് നീ ക്ഷമ ചൊരിഞ്ഞു തരേണമേ! നീ ഞങ്ങളെ മുസ്ലിംകളായി മരിപ്പിക്കേണമേ!" (7: 126)

അതുപോലെത്തന്നെ ഫറോവയുടെ മർദ്ദനം സഹിക്കാൻ കഴിയാതെ വന്ന സത്യവിശ്വാസികൾ നടത്തിയ പ്രാർത്ഥന അല്ലാഹു പഠിപ്പിക്കുന്നു. "മൂസാ പറ

ഞ്ഞു: എന്റെ ജനങ്ങളേ! നിങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നുവെങ്കിൽ അവനെത്തന്നെ നിങ്ങൾ ഭരമേൽപിക്കുവീൻ, നിങ്ങൾ മുസ്‌ലിംകളാണെങ്കിൽ. അപ്പോൾ അവർ പറഞ്ഞു:

عَلَى اللهِ تَوَكَّلْنَا رَبَّنَا لَا تَجْعَلْنَا فِتْنَةً لِلْقَوْمِ الظَّالِمِينْ وَنَجِّنَا بِرَحْمَتِكَ مِنَ الْقَوْمِ الْكَافِرِينْ (يونس: ٨٤ - ٨٦)

"ഞങ്ങൾ അല്ലാഹുവിനെ ഭരമേൽപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ നാഥാ നീ ഞങ്ങളെ അധർമ്മകാരികളായ ജനങ്ങൾക്ക് പരീക്ഷണമാക്കരുതേ! നിന്റെ കാരുണ്യത്താൽ അവിശ്വാസികളായ ജനങ്ങളിൽ നിന്ന് നീ ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ!" (10: 84 - 86)

സത്യവിശ്വാസികൾക്ക് ഉത്തമ നിദർശനമായി അല്ലാഹു എടുത്തു പറഞ്ഞ ഒരു മഹിളാമണിയാണ് ഫറോവയുടെ ഭാര്യ. ഭർത്താവ് കിരാതനായിട്ടുപോലും അവർ സത്യവിശ്വാസം കൈകൊണ്ടു. ഫിർഔനും കിങ്കരന്മാരും അവർക്കെതിരിൽ അഴിച്ചുവിട്ട ക്രൂരമർദ്ദനങ്ങൾ വിവരണാതീതമായിരുന്നു. ആ സന്ദർഭത്തിലും ജീവൻ തിരിച്ചുകിട്ടാൻ വേണ്ടി മറ്റാരോടും പ്രാർത്ഥിച്ചില്ല. ക്വുർആൻ ആ പ്രാർത്ഥന നമുക്ക് പഠിപ്പിച്ചു തരുന്നത് കാണുക: "വിശ്വസിച്ചവർക്ക് ഒരു ഉദാഹരണമായി ഫിർഔനിന്റെ ഭാര്യയെ അല്ലാഹു എടുത്തു പറയുന്നു. അവർ പ്രാർത്ഥിച്ച സന്ദർഭം ഓർക്കുക:

رَبِّ ابْنِ لِي عِنْدَكَ بَيْتاً فِي الْجَنَّةِ وَنَجِّنِي مِنْ فِرْعَوْنَ وَعَمَلِهِ وَنَجِّنِي مِنَ الْقَوْمِ الظَّالِمِينْ (التحريم: ١١)

"എന്റെ നാഥാ! നിന്റെ അടുക്കൽ സ്വർഗ്ഗത്തിൽ എനിക്കൊരു വീട് നീ ഉണ്ടാക്കി തരേണമേ! ഫിർഔനിൽ നിന്നും അവന്റെ ചെയ്തികളിൽ നിന്നും എന്നെ നീ രക്ഷപ്പെടുത്തേണമേ! അക്രമികളായ (അവന്റെ) ജനങ്ങളിൽ നിന്നും എന്നെ നീ രക്ഷിക്കേണമേ!" (66: 11)

## അപ്പോസ്തലന്മാരുടെ മാതൃക

നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ദൃഷ്ടാന്തവുമായി ഞാൻ വന്നിരിക്കുന്നു. എന്നെ അനുസരിക്കുകയും അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. നിശ്ചയം അവൻ മാത്രമാണ് എന്റെയും നിങ്ങളുടെയും രക്ഷിതാവ്. അതുകൊണ്ട് അവനെ മാത്രം ആരാധിക്കുക. മഹാനായ ഈസാ(അ) ജനങ്ങൾക്ക് കൊടുത്ത ഉപദേശങ്ങളിൽ ചിലതാണിത്. ജൂതന്മാരിൽ ബഹുഭൂരിഭാഗവും അദ്ദേഹത്തെ തള്ളിക്കളഞ്ഞു: അപ്പോൾ അനുയായികളോടായി അദ്ദേഹം ഇപ്രകാരം ചോദിച്ചു. അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിൽ

എന്നെ സഹായിക്കുവാൻ ആരുണ്ട്? ഉടനെ അപ്പോസ്തലന്മാർ പറഞ്ഞു: "ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാണ്: അല്ലാഹുവിന് കീഴടങ്ങിയവരാണെന്ന് അവിടുന്ന് സാക്ഷ്യം വഹിക്കണം" ഇത്രയും മറുപടി ഈസാ(അ)മിനോട് പറഞ്ഞതിന് ശേഷം അപ്പോസ്തലന്മാർ അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിച്ചു:

رَبَّنَا آمَنَّا بِمَا أَنْزَلْتَ وَاتَّبَعْنَا الرَّسُولَ فَاكْتُبْنَا مَعَ الشَّاهِدِينْ (آل عمران : ٥٣)

"ഞങ്ങളുടെ നാഥാ! നീ ഇറക്കിയതിൽ ഞങ്ങൾ വിശ്വസിച്ചു. റസൂലിനെ ഞങ്ങൾ പിന്തുടരുകയും ചെയ്തു. അതുകൊണ്ട് സാക്ഷികളോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണേ"!

## സഹാബാകിറാം കുറ്റബോധത്തിൽ നിന്ന് മോചനം നേടാൻ പ്രാർത്ഥിച്ചു

"നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് വ്യക്തമാക്കിയാലും രഹസ്യമാക്കിയാലും അല്ലാഹു അതിനെക്കുറിച്ച് നിങ്ങളോട് വിചാരണ ചെയ്യും" (2:285)എന്ന സൂക്തമവതരിച്ചപ്പോൾ ചില സഹാബികൾക്ക് വിഷമമായി തോന്നി. അങ്ങനെ പ്രവാചകരുടെ സാന്നിദ്ധ്യത്തിൽ ചെന്ന് നമസ്കാരം, നോമ്പ്, ജിഹാദ്, ദാനധർമ്മം തുടങ്ങിയ കാര്യങ്ങളിൽ നിന്ന് ഞങ്ങളാൽ കഴിയുന്നത് കൽപിക്കുക നബിയേ എന്നവർ ബോധിപ്പിച്ചു. (ഇപ്പോൾ അവതരിച്ചിരിക്കുന്ന സൂക്തം ഞങ്ങൾക്കു വഹിക്കാൻ കഴിയാത്തതാണെന്ന് സാരം). അപ്പോൾ നബി(സ) അവരോട് ചോദിച്ചു. നിങ്ങളുടെ മുമ്പ് ഗ്രന്ഥം നൽകപ്പെട്ടവർ "ഞങ്ങൾ കേട്ടു; ധിക്കരിക്കുകയും ചെയ്തു" എന്നു പറഞ്ഞപോലെ നിങ്ങൾ പറയാൻ ഉദ്ദേശിക്കുകയാണോ? അതുകൊണ്ട് നിങ്ങൾ പറയുക: "ഞങ്ങൾ കേട്ടു; അനുസരിക്കുകയം ചെയ്തു. ഞങ്ങളുടെ നാഥാ നിന്നോട് മാപ്പപേക്ഷിക്കുന്നു. നിന്നിലേക്കാണ് പര്യവസാനം". നബി(സ)യുടെ ചോദ്യവും നിർദ്ദേശവുമെല്ലാം ആ സഹാബികളിൽ ഒരു വലിയ കുറ്റബോധം സൃഷ്ടിച്ചു. തങ്ങളിൽ നിന്ന് അല്ലാഹുവിനും റസൂലിനും ഇഷ്ടമില്ലാത്തത് വന്നുപോയതിൽ വലിയ വേദനയുണ്ടായി. അപ്പോൾ അല്ലാഹു അവരുടെ കഠിനമായ ആ വേദനക്ക് പ്രതിവിധിയായി പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചത് കാണുക.

സത്യവിശ്വാസികളെല്ലാവരും അല്ലാഹുവിലും അവന്റെ മലക്കുകളിലും, വേദഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിച്ചു. അവർ പറയുകയും ചെയ്തു:

سَمِعْنَا وَأَطَعْنَا غُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيرْ، لَا يُكَلِّفُ اللهُ نَفْسًا إِلَّا وُسْعَهَا لَهَا مَا كَسَبَتْ وَعَلَيْهَا مَا اكْتَسَبَتْ رَبَّنَا لَا تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا رَبَّنَا وَلَا تَحْمِلْ عَلَيْنَا إِصْرًا كَمَا حَمَلْتَهُ عَلَى الَّذِينَ مِنْ قَبْلِنَا رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِ وَاعْفُ عَنَّا

وَاغْفِرْلَنَا وَارْحَمْنَا أَنْتَ مَوْلاَنَا فَانصُرْنَا عَلَى الْقَوْمِ الْكَافِرِينَ (البقرة: ٢٧٦)

“ഞങ്ങളുടെ നാഥാ (ഞങ്ങൾ നിൻെറ വചനം) കേട്ടു മനസ്സിലാക്കിയിരിക്കുന്നു. ഞങ്ങൾ (നിന്നെ) അനുസരിച്ചിരിക്കുന്നു. നിന്നോട് ഞങ്ങൾ പൊറുക്കലിനെ തേടുന്നു. ഞങ്ങളുടെ പരിണതി നിന്നിലേക്കാകുന്നു. ഏതൊരാളോടുംഅവനവന് കഴിയുന്നതല്ലാതെ അല്ലാഹു നിർബന്ധമാക്കുകയില്ല. ഓരോരുത്തരും പ്രവർത്തിച്ചതിൻെറ ഗുണം അവനവന് തന്നെ. അവർ പ്രവർത്തിച്ചതിൻെറ ദോഷവും അവർക്ക് തന്നെ. ഞങ്ങളുടെ നാഥാ ഞങ്ങൾ മറന്ന് പോവുകയോ അബദ്ധം പ്രവർത്തിക്കുകയോ ചെയ്താൽ ഞങ്ങളെ നീ കുറ്റപ്പെടുത്തരുതേ നാഥാ! ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയതുപോലെ യാതൊരു ഭാരവും ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങൾക്ക് യാതൊരു കഴിവുമില്ലാത്ത സംഗതി ഞങ്ങളെക്കൊണ്ട് നീ വഹിപ്പിക്കരുതേ! ഞങ്ങൾക്ക് നീ മാപ്പുതരേണമേ! ഞങ്ങൾക്ക് നീ പൊറുത്തു തരേണമേ! ഞങ്ങൾക്ക് നീ കരുണ ചെയ്യേണമേ! നീ തന്നെയാണ് ഞങ്ങളുടെ യജമാനൻ. അതിനാൽ അവിശ്വാസികളായ ജനതക്കെതിരിൽ നീ ഞങ്ങളെ സഹായിക്കേണമേ!” (2: 376)

## ക്വുർആൻ ആദ്യം മുതൽ അവസാനം വരെ

വിശുദ്ധ ക്വുർആനിലെ ഒന്നാമത്തെ അദ്ധ്യായം ‘ഫാത്തിഹ’യും അവസാനത്തേത് ‘അന്നാസു’മാണല്ലോ. ഇവയിലും ഇവക്കിടയിലുള്ള മറ്റു അദ്ധ്യായങ്ങളിലും പ്രാർത്ഥിക്കാൻ അല്ലാഹു നമ്മെ പഠിപ്പിച്ചതും മറ്റുള്ളവരുടേതായി എടുത്തുദ്ധരിച്ചതുമായ മുഴുവൻ പ്രാർത്ഥനകളും അല്ലാഹുവിനെ മാത്രം വിളിച്ചുകൊണ്ടാണ്. മുഴുവൻ പ്രശ്നങ്ങൾക്കായി പ്രാർത്ഥിക്കേണ്ടതും അവനോട് തന്നെ. ഫാത്തിഹയിൽ നാം ആദ്യമായി മനുഷ്യൻെറ ആജന്മശത്രുവായ പിശാചിൽ നിന്ന് അല്ലാഹുവിനോട് ശരണം തേടുന്നു. പിന്നീട് അല്ലാഹുവിനെ സ്തുതിച്ചും പുകഴ്ത്തിയും കൊണ്ട് ‘നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു എന്ന് പറഞ്ഞ് സന്മാർഗ്ഗദർശനത്തിന്നായി അല്ലാഹുവോട് മാത്രം നേരിട്ട് പ്രാർത്ഥിക്കുന്നു:

اِهْدِنَا الصِرَاطَ الْمُسْتَقِيمَ، صِرَاطَ الَذِينَ أَنْعَمْتَ عَلَيْهِمْ، غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَالِّينْ (الفاتحة: ٦، ٧)

“(പടച്ചവനേ!) ഞങ്ങളെ നീ ചൊവ്വായ മാർഗ്ഗത്തിൽ നയിക്കേണമേ! നീ അനുഗ്രഹം നൽകിയവരുടെ മാർഗ്ഗത്തിൽ - കോപത്തിന് വിധേയരായവരുടെയോ വഴിതെറ്റിയവരുടെയോ മാർഗ്ഗമല്ല”

'അന്നാസ്' എന്ന അദ്ധ്യായത്തിലും അതിൻെറ തൊട്ടുമുമ്പുള്ള 'അൽഫല ഖി'ലും അല്ലാഹുവിൻെറ അഖില സൃഷ്ടിജാലങ്ങളിൽ നിന്നുമുള്ള ഉപദ്രവത്തിൽ നിന്നും അവനോട് മാത്രം നേരിട്ട് ശരണം തേടുവാൻ പഠിപ്പിക്കപ്പെടുന്നു:

قُلْ أَعُوذُ بِرَبِّ الْفَلَقِ، مِنْ شَرِّ مَا خَلَقَ، وَمِنْ شَرِّ غَاسِقٍ إِذَا وَقَبَ، وَمِنْ شَرِّ النَّفَّاثَاتِ فِي الْعُقَدِ، وَمِنْ شَرِّ حَاسِدٍ إِذَا حَسَدَ (الفلق)

"പറയുക! പ്രഭാതത്തിൻെറ നാഥനോട് അവൻ സൃഷ്ടിച്ചവയുടെ ആപ ത്തിൽ നിന്നും കെട്ടുകളിൽ ഊതുന്നവരുടെ ആപത്തുകളിൽ നിന്നും രാത്രി ഇരു ളടയുമ്പോഴുള്ള ആപത്തിൽ നിന്നും അസൂയക്കാരൻ അസൂയ-കാണിച്ചാലുള്ള ആപത്തിൽ നിന്നും ഞാൻ രക്ഷ തേടുന്നു"

قُلْ أَعُوذُ بِرَبِّ النَّاسِ، مَلِكِ النَّاسِ، إِلَٰهِ النَّاسِ، مِنْ شَرِّ الْوَسْوَاسِ الْخَنَّاسِ الَّذِي يُوَسْوِسُ فِي صُدُورِ النَّاسِ، مِنَ الْجِنَّةِ وَالنَّاسِ (الناس)

"പറയുക! ജനങ്ങളുടെ രക്ഷിതാവും ജനങ്ങളുടെ രാജാവും ജനങ്ങളുടെ ആരാധ്യനുമായ അല്ലാഹുവിനോട്, ജിന്നുകളിലും മനുഷ്യരിലും പെട്ട മനുഷ്യ ഹൃദയങ്ങളിൽ ദുർവിചാരങ്ങൾ സൃഷ്ടിക്കുന്ന (അല്ലാഹുവിനെ ഓർമ്മിക്കു മ്പോൾ) പിൻവാങ്ങിക്കൊണ്ടിരിക്കുന്ന ദുർബ്ബോധകന്മാരുടെ ആപത്തിൽ നിന്ന് ഞാൻ രക്ഷ തേടുന്നു"

അല്ലാഹുവോട് ഭയവും ഭക്തിയുമുള്ള നല്ലവരായ ദാസന്മാർ നടത്തുന്ന പ്രാർത്ഥനകൾ വിശുദ്ധ ക്വുർആനിൽ പല സ്ഥലങ്ങളിലായി വിവരിച്ചിട്ടുണ്ട്. അവയും നമുക്ക് പരിശോധിക്കാം. സൂറത്തു ആലുഇംറാനിൽ ബുദ്ധിജീവികളു ടെ പ്രാർത്ഥനയായി പറഞ്ഞിട്ടുള്ളത് കാണുക:

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِنْ لَدُنْكَ رَحْمَةً إِنَّكَ أَنْتَ الْوَهَّابُ. رَبَّنَا إِنَّكَ جَامِعُ النَّاسِ لِيَوْمٍ لَا رَيْبَ فِيهِ إِنَّ اللَّهَ لَا يُخْلِفُ الْمِيعَادَ (آل عمران : ٨،٩)

"ഞങ്ങളുടെ നാഥാ! ഞങ്ങളെ നീ സന്മാർഗ്ഗത്തിലാക്കിയശേഷം ഞങ്ങളു ടെ ഹൃദയങ്ങളെ നീ (സത്യപാതയിൽ നിന്ന്) വ്യതിചലിപ്പിക്കരുതേ! (നാഥാ) നിൻെറ പക്കൽ നിന്നുള്ള കാരുണ്യം സൗജന്യമായി നീ ഞങ്ങൾക്കു നൽകേണ മേ! നിശ്ചയമായും നീ വളരെ സൗജന്യം നൽകുന്നവനാകുന്നു. ഞങ്ങളുടെ നാ ഥാ! സംശയരഹിതമായ ഒരു നാളിൽ ജനങ്ങളെ മുഴുവനും ഒരുമിച്ചു കൂട്ടുന്നവനാ കുന്നു നീ. നിശ്ചയമായും അല്ലാഹു ഒരിക്കലും വാഗ്ദത്തം ലംഘിക്കുകയില്ല" (3: 8,9). ഇതേ അദ്ധ്യായത്തിൽ തന്നെ അല്ലാഹു ബുദ്ധിമാന്മാരുടെ മറ്റൊരു പ്രാർ

ത്ഥന പറഞ്ഞു തരുന്നു. "ആകാശഭൂമികളുടെ സൃഷ്ടിപ്പിലും രാപ്പകലുകൾ മാറിമാറിവരുന്നതിലും ബുദ്ധിയുള്ളവർക്ക് വളരെ ദൃഷ്ടാന്തങ്ങളുണ്ട്. തീർച്ച. അവർ നിൽക്കുമ്പോഴും ഇരിക്കുമ്പോഴും കിടക്കുമ്പോഴും അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കുകയും, ആകാശഭൂമികളുടെ സൃഷ്ടിപ്പിനെക്കുറിച്ച് ചിന്തിച്ചു കൊണ്ടിരിക്കുകയും ചെയ്യും. (അപ്പോൾ അല്ലാഹുവിനെ വിളിച്ചു കൊണ്ട് അവർ പ്രാർത്ഥിക്കും)

رَبَّنَا مَا خَلَقْتَ هٰذَا بَاطِلًا سُبْحَانَكَ فَقِنَا عَذَابَ النَّارِ، رَبَّنَا إِنَّكَ مَنْ تُدْخِلِ النَّارَ فَقَدْ أَخْزَيْتَهُ وَمَا لِلظَّالِمِينَ مِنْ أَنْصَارٍ. رَبَّنَا إِنَّنَا سَمِعْنَا مُنَادِيًا يُنَادِي لِلْإِيمَانِ أَنْ آمِنُوا بِرَبِّكُمْ فَآمَنَّا رَبَّنَا فَاغْفِرْ لَنَا ذُنُوبَنَا وَكَفِّرْ عَنَّا سَيِّئَاتِنَا وَتَوَفَّنَا مَعَ الْأَبْرَارِ. رَبَّنَا وَآتِنَا مَا وَعَدْتَنَا عَلَى رُسُلِكَ وَلَا تُخْزِنَا يَوْمَ الْقِيَامَةِ، إِنَّكَ لَا تُخْلِفُ الْمِيعَادَ (آل عمران ١٩١ - ١٩٤)

"ഞങ്ങളുടെ നാഥാ! നിരർത്ഥമായിട്ടല്ലാ ഇത് നീ സൃഷ്ടിച്ചത്. നീ പരിശുദ്ധനാണ്. അതിനാൽ നരകശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാക്കണേ! ഞങ്ങളുടെ രക്ഷിതാവേ! നീ ആരെയെങ്കിലും നരകത്തിൽ കടത്തുന്ന പക്ഷം അവനെ നിശ്ചയമായും നീ നിന്ദ്യനാക്കി. അക്രമകാരികൾക്ക് സഹായികളായി ആരുമില്ല. ഞങ്ങളുടെ രക്ഷിതാവേ! നിങ്ങൾ നിങ്ങളുടെ നാഥനിൽ വിശ്വസിക്കുക' എന്ന് ഒരാൾ സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്നത് ഞങ്ങൾ കേട്ടു. അപ്പോൾ ഞങ്ങൾ വിശ്വസിച്ചു. അതുകൊണ്ട് ഞങ്ങളുടെ തെറ്റുകൾ ഞങ്ങൾക്ക് പൊറുത്തു തരേണമേ! ഞങ്ങളുടെ പാപങ്ങൾ നീ മാച്ച് കളഞ്ഞ് ശിഷ്ട ജനങ്ങളോടൊപ്പം ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ! ഞങ്ങളുടെ രക്ഷിതാവേ! നീ നിന്റെ ദൂതന്മാരിലൂടെ വാഗ്ദാനം ചെയ്തിട്ടുള്ളത് നീ ഞങ്ങൾക്ക് നൽകേണമേ! അന്ത്യനാളിൽ നീ ഞങ്ങളെ നിന്ദ്യരാക്കരുതേ! നീ ഒരിക്കലും വാഗ്ദാനം ചെയ്തത് ലംഘിക്കുകയില്ല" (3: 191 - 194)

അല്ലാഹുവിന്റെ ആജ്ഞകൾ അനുസരിച്ച് അവനോട് മാത്രം ആഗ്രഹ സഫലീകരണത്തിന്ന് പ്രാർഥന നടത്തി ജീവിക്കുന്ന അടിമകളെ ക്വുർആനിൽ പലയിടത്തും വാഴ്ത്തി പറഞ്ഞിട്ടുണ്ട്. ഐഹിക സുഖഭോഗങ്ങൾക്ക് അവർ പ്രാധാന്യം കാണുകയില്ല; ശാശ്വതമായ പരലോക മോക്ഷമായിരിക്കും അവരുടെ ലക്ഷ്യം എന്നിങ്ങനെ സൂറത്തു ആലുഇംറാനിൽ അവരെ പറ്റി പുകഴ്ത്തിയശേഷം അവർ നടത്തുന്ന പ്രാർത്ഥന നമുക്ക് പഠിപ്പിച്ചു തരുന്നു. അവരും തങ്ങളുടെ ലക്ഷ്യസാഫല്യത്തിന് അല്ലാഹുവിനെ മാത്രം അവലംബിക്കുന്നു. ക്വുർആൻ പറയുന്നത് കാണുക:

رَبَّنَا إِنَّنَا آمَنَّا فَاغْفِرْ لَنَا ذُنُوبَنَا وَقِنَا عَذَابَ النَّارِ (آل عمران: ١٦)

"ഞങ്ങളുടെ നാഥാ! തീർച്ചയായും ഞങ്ങൾ വിശ്വസിച്ചു. അതുകൊണ്ട് ഞങ്ങളുടെ പാപങ്ങളെ ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ! നരകാഗ്നിയുടെ ശിക്ഷയിൽ നിന്ന് ഞങ്ങളെ നീ രക്ഷിക്കേണമേ!" (3: 16)

സൂറത്തുൽ ഫുർഖാനിൽ 'ഇബാദുർറഹ്മാനെ'(പരമകാരുണികന്റെ യഥാർത്ഥ ദാസന്മാർ) പറ്റി പറയുന്നത് കാണുക:

പരമകാരുണികന്റെ അടിമകൾ ഭൂമിയിലൂടെ നടക്കുമ്പോൾ വിനയാന്വിതരായിരിക്കും. മൂഢന്മാർ സംസാരിച്ചാൽ സമാധാനപരമായ മറുപടി പറഞ്ഞ് ഒഴിയും. തങ്ങളുടെ നാഥന് നമസ്കരിക്കുന്നവരായി രാത്രി കഴിച്ചു കൂട്ടും. അവരുടെ പ്രാർത്ഥന ഇങ്ങനെയും:

رَبَّنَا اصْرِفْ عَنَّا عَذَابَ جَهَنَّمَ إِنَّ عَذَابَهَا كَانَ غَرَامًا إِنَّهَا سَاءَتْ مُسْتَقَرًّا وَمُقَامًا (الفرقان: ٢٥)

"ജനങ്ങളുടെ നാഥാ നരകശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്തു രക്ഷിക്കണേ! നിശ്ചയമായും ആ നരകശിക്ഷ വിട്ടുമാറാത്തതാണ്; താവളമായും താമസസ്ഥലമായും സ്വീകരിക്കാൻ ആ നരകം എത്ര ചീത്തയാണ്!" എന്നവർ പ്രാർത്ഥിക്കുന്നവരുമായിരിക്കും. അവർ അമിതവ്യയം ചെയ്യുകയില്ല, അല്ലാഹുവിന്റെ കൂടെ മറ്റൊരു ആരാധ്യനോട് അവർ പ്രാർത്ഥിക്കുകയുമില്ല. കൊല നിഷിദ്ധമായി കൽപ്പിക്കപ്പെട്ട വ്യക്തിയെ അവകാശമില്ലാതെ വധിക്കുകയില്ല, വ്യഭിചാരമെന്ന നീചവൃത്തി ചെയ്യുകയില്ല. കള്ളസാക്ഷി പറയുകയില്ല. അനാവശ്യകാര്യത്തിനടുത്ത് കൂടെ നടന്നുപോയാൽ മാന്യന്മാരായി നടന്നുപോകും. തങ്ങളുടെ നാഥന്റെ വചനങ്ങൾ അവരെ ഓർമ്മിപ്പിച്ചാൽ അന്ധരും ബധിരരുമായി അവയുടെ മേൽ മറിഞ്ഞുവീഴുകയില്ല. അവർ ഇപ്രകാരം പ്രാർത്ഥിച്ചുകൊണ്ടിരിക്കും:

رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا (الفرقان ٧٤)

"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ ഇണകളിൽ നിന്നും സന്താനങ്ങളിൽ നിന്നും ഞങ്ങൾക്ക് കൺകുളിർമ്മ പ്രദാനം ചെയ്യേണമേ! ഞങ്ങളെ നീ ഭക്തജനങ്ങൾക്ക് നേതാവാക്കുകയും ചെയ്യേണമേ! (25-ാം സൂറ 63 മുതൽ 74വരെ നോക്കുക)

സ്വന്തം മാതാപിതാക്കളോട് കൂറും സ്നേഹവുമുള്ള വിവേകശാലികളായ സന്താനങ്ങൾ നടത്തുന്ന പ്രാർത്ഥന സൂറത്തു 'അൽഅഹ്ഖാഫിൽ' കാണാം:

رَبِّ أَوْزِعْنِي أَنْ أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ وَعَلَى وَالِدَيَّ وَأَنْ أَعْمَلَ صَالِحًا تَرْضَاهُ وَأَصْلِحْ لِي فِي ذُرِّيَّتِي إِنِّي تُبْتُ إِلَيْكَ وَإِنِّي مِنَ الْمُسْلِمِينَ (الأحقاف : ١٥)

"എന്റെ നാഥാ! എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ഔദാര്യപൂർവ്വം ചെയ്തുതന്ന അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാനും നീ തൃപ്തിപ്പെടുന്ന സൽക്കർമ്മം പ്രവർത്തിക്കാനും എന്നെ പ്രോത്സാഹിപ്പിക്കേണമേ! എനിക്ക് എന്റെ സന്താനങ്ങളിൽ നന്മയുണ്ടാക്കിത്തരേണമേ! നിശ്ചയം ഞാൻ നിന്നിലേക്ക് ഖേദിച്ചു മടങ്ങിയിരിക്കുന്നു. ഞാൻ നിനക്ക് ആത്മാർപ്പണം ചെയ്തവരിൽപ്പെട്ടവനാകുന്നു" (46: 15)

മാതാപിതാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അല്ലാഹു വിശുദ്ധ ക്വുർആനിൽ വേറെയും കൽപ്പിച്ചിട്ടുണ്ട്. സൂറത്തു 'അൽഇസ്റാഈൽ' പ്രാർത്ഥനാ വചനം നമ്മെ പഠിപ്പിക്കുന്നു.

رَّبِّ ارْحَمْهُمَا كَمَا رَبَّيَانِي صَغِيرًا (الإسراء: ٢٤)

"എന്റെ നാഥാ! ഞാൻ ചെറുപ്പമായിരുന്നപ്പോൾ എന്നെ അവർ (മാതാപിതാക്കൾ) സംരക്ഷിച്ചത് പോലെ അവർക്ക് ഇരുപേർക്കും നീ കരുണ ചെയ്യേണമേ"

മാതാപിതാക്കളോടെന്ന പോലെത്തന്നെ, ഒരു മുസ്ലിമിനെ സംബന്ധിച്ചേടത്തോളം തന്റെ മുസ്ലിം സഹോദരന്മാരോടും അതിരറ്റ കടപ്പാടുണ്ട്. ആ കടപ്പാടിന്റെ ബോധം അവന്റെ ഹൃദയത്തിൽ നിന്നും ഒരു പ്രാർത്ഥനയായി ഉയർന്നുവരുന്നു. സമകാലീനർക്കും മുൻഗാമികൾക്കുമായി അവൻ പ്രാർത്ഥിക്കുന്നു. അതാണ് സൂറത്തു 'അൽഹശ്റി'ലൂടെ അല്ലാഹു പഠിപ്പിക്കുന്നത്:

رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ وَلَا تَجْعَلْ فِي قُلُوبِنَا غِلًّا لِّلَّذِينَ آمَنُوا رَبَّنَا إِنَّكَ رَءُوفٌ رَّحِيمٌ (الحشر ١٠)

"ഞങ്ങളുടെ നാഥാ! ഞങ്ങൾക്കും ഞങ്ങളുടെ മുമ്പ് 'ഈമാനോ'ടുകൂടി കഴിഞ്ഞുപോയ ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുക്കണമേ! വിശ്വസിച്ചവരോട് യാതൊരു പകയും ഞങ്ങളുടെ ഹൃദയങ്ങളിൽ നീ ഉണ്ടാക്കരുതേ! ഞങ്ങളുടെ നാഥാ! നിശ്ചയം നീ വളരെ ദയയുള്ളവനും കരുണാനിധിയുമാകുന്നു" (59:10).

വിശുദ്ധ ക്വുർആൻ ശ്രവിക്കുമ്പോൾ സത്യബോധമുള്ള ക്രിസ്തീയ പാതിരിമാർ മാനസാന്തരപ്പെടുകയും തുടർന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നത് സൂറത്തു 'അൽമാഇദ'യിൽ പരാമർശിച്ചിട്ടുണ്ട്.

رَبَّنَا آمَنَّا فَاكْتُبْنَا مَعَ الشَّاهِدِينَ • وَمَا لَنَا لَا نُؤْمِنُ بِاللَّهِ وَمَا جَاءَنَا مِنَ الْحَقِّ وَنَطْمَعُ أَن يُدْخِلَنَا رَبُّنَا مَعَ الْقَوْمِ الصَّالِحِينَ (المائدة ٨٣ - ٨٤)

"ഞങ്ങളുടെ നാഥാ! ഞങ്ങൾ വിശ്വസിച്ചു, അതിനാൽ സാക്ഷ്യം വഹിച്ചവ

രോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണമേ! അല്ലാഹുവിലും ഞങ്ങൾക്ക് വന്നുകിട്ടിയ സത്യത്തിലും ഞങ്ങൾ വിശ്വസിക്കാതിരിക്കാനും, സജ്ജനങ്ങളോടൊപ്പം രക്ഷിതാവ് ഞങ്ങളെ (സ്വർഗ്ഗത്തിൽ) പ്രവേശിക്കുന്നതിനെ ഞങ്ങൾ ആഗ്രഹിക്കാതിരിക്കാനും ഞങ്ങൾക്ക് എന്തുപറ്റിപ്പോയി?" (5: 83,84)

## ക്വുർആൻ പഠിപ്പിക്കുന്ന പ്രാർത്ഥനകളിൽ 'ദാത്തും, ഹക്കും, ജാഹും, ബറക്കത്തും' എവിടെ?

മനുഷ്യരാശിയുടെ ആദ്യപിതാവും പ്രവാചകനുമായ ആദം (അ) മുതൽ 'അശ്റഫുൽ ഖൽഖും' അന്തിമപ്രവാചകനുമായ മുഹമ്മദ് മുസ്തഫാ(സ) വരെയുള്ള മാനവകുലത്തിന്റെ മാതൃകാമന്നന്മാരായ പ്രവാചക പ്രഭുക്കൾ നടത്തിയ പ്രാർത്ഥനകൾ ക്വുർആൻ പഠിപ്പിച്ചുതന്നത് നാം വായിച്ചു. അതിന് ശേഷം പ്രസ്തുത പ്രവാചകന്മാരുടെ ആജ്ഞകൾ അനുസരിച്ച് ജീവിക്കുകയും, അവരെ ആദരിക്കുകയും ബഹുമാനിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്ന അവരുടെ കാലക്കാരും അല്ലാത്തവരുമായ സജ്ജനങ്ങളും സ്വർഗ്ഗാവകാശികളുമായ അനുയായികൾ നടത്തിയ പ്രാർത്ഥനകളും ക്വുർആനിൽ നിന്നു തന്നെ നാം ഇവിടെ ഉദ്ധരിക്കുകയുണ്ടായി. ആ പ്രാർത്ഥനകളെല്ലാം നാം പകർത്തിയ സ്ഥലത്ത് വായനക്കാർ ഒരു കാര്യം പ്രത്യേകം ശ്രദ്ധിച്ചുകാണും. പ്രാർത്ഥന മാത്രമാണ് അതാത് സ്ഥലങ്ങളിൽ കൊടുത്തിരിക്കുന്നത്. അതിന്റെ ആയത്തുകൾ അതേപടി പരിഭാഷയോട് കൂടി പകർത്തുകയും ചെയ്തിട്ടുണ്ട്. സത്യാന്വേഷികൾക്ക് ഗ്രഹിക്കുവാനും ചിന്തിക്കുവാനും അതുപകരിച്ചേക്കാം. അവിടെ ഒരു കാര്യം ശ്രദ്ധേയമാണ്. അല്ലാഹു പഠിപ്പിച്ചിരിക്കുന്ന പ്രസ്തുത പ്രാർത്ഥനകളിലൊന്നും തന്നെ സൃഷ്ടികളെയല്ല വിളിക്കുന്നതും കാര്യങ്ങൾ പറഞ്ഞ് പ്രതിവിധി തേടുന്നതും. മറിച്ച് ഓരോ പ്രാർത്ഥനയും തുടങ്ങുന്നത് 'റബ്ബനാ' (ഞങ്ങളുടെ നാഥാ!) എന്നും 'റബ്ബീ' (എന്റെ നാഥാ) എന്നും 'അല്ലാഹുമ്മ (അല്ലാഹുവേ) എന്നു മാണല്ലോ. ഒരൊറ്റ പ്രവാചകനും മുൻകഴിഞ്ഞ ഏതെങ്കിലും ഒരു പ്രവാചകനോട് പ്രാർത്ഥിച്ചതായി നാം കണ്ടില്ല. ഒരു 'സ്വാലിഹാ'യ മനുഷ്യനും മുൻകഴിഞ്ഞ പ്രവാചകന്മാരോടോ സജ്ജനങ്ങളോടോ തന്റെ ആഗ്രഹ സാക്ഷാൽക്കരണത്തിനായി നേരിട്ട് പ്രാർത്ഥിക്കുകയോ അവരെ ആരെയെങ്കിലും മദ്ധ്യവർത്തികളാക്കുകയോ ചെയ് തിട്ടില്ല. ക്വുർആനിലുള്ള പ്രവാചകന്മാരുടേതും അല്ലാത്തവരുടേതുമായ പ്രാർത്ഥനകൾ മുഴുവനും ആവർത്തിച്ചാവർത്തിച്ച് നാം വായിക്കുക. അവിടെയൊന്നും അന്യരുടെ 'ഹഖും ജാഹും' കൂട്ടിക്കൊണ്ടല്ല അല്ലാഹുവിനോട് കാര്യങ്ങൾ പറയുന്നത്. പ്രസ്തുത പ്രാർത്ഥനകളിലേക്ക് നാം വക്രബുദ്ധിയില്ലാതെ നോക്കൂ. അവിടെയൊന്നും തന്നെ ഇന്ന് ചിലർ സ്വന്തമായി പടച്ചുണ്ടാക്കിയ പ്രാർത്ഥനയിലേത് പോലെ മറ്റുള്ളവരുടെ 'ദാത്തും' 'ഹഖും' 'ജാഹും' 'ബറക്കതും' 'ഫസ്ലും' മറ്റും കൂട്ടി പറയുന്നത് കാണാൻ കഴിയുന്നില്ല. ഇതിൽ നിന്ന് നമു

ക്ക് മനസ്സിലാക്കാൻ കഴിയുന്നു: അല്ലാഹു പഠിപ്പിച്ചുതരുന്ന ഒരു പ്രാർത്ഥനയിലും അവനോടല്ലാതെ സഹായം തേടലും ആഗ്രഹ സഫലീകരണത്തിന്ന് അർത്ഥിക്കലുമില്ലായെന്ന്. അതുപോലെ തന്നെ മറ്റുള്ളവരെ മദ്ധ്യവർത്തികളാക്കലുമില്ല. ഇനി തുടർന്ന് ഹദീസുകളിൽ വന്ന പ്രാർത്ഥനകൾ കൂടി നമുക്ക് പരിശോധിക്കാം. അവിടെ മുഹമ്മദ് നബി(സ) നമ്മളോട് പറഞ്ഞുതന്ന പ്രാർത്ഥനകളെല്ലാം നമുക്ക് കണ്ടെത്തുകയും ചെയ്യാം.

## ഹദീസിലെ പ്രാർഥനകൾ

വിശുദ്ധ ക്വുർആനിൽ വന്ന പ്രാർത്ഥനകളാണ് ഇതുവരെ നാം കൈകാര്യം ചെയ്തത്. ഇനി നമുക്ക് ഹദീസിൽ വന്ന പ്രാർത്ഥനകൾ പരിശോധിക്കാം. നമ്മുടെ നിത്യജീവിതത്തിൽ ആവശ്യമായ ചില പ്രാർത്ഥനകളാണ് ഈ അദ്ധ്യായത്തിൽ ചേർത്തിട്ടുള്ളത്. അവിടെയും ഒരു കാര്യം ശ്രദ്ധേയമാണ്. ഈ പ്രാർത്ഥനകൾ മുഴുവനും അല്ലാഹുവിനോട് നേരിട്ടാണ്. ഒരു മദ്ധ്യവർത്തിയെ സ്വീകരിക്കാൻ നബി തിരുമേനി നമ്മെ പഠിപ്പിച്ചിട്ടില്ല. അവിടുന്ന് വിവിധ ആഗ്രഹ സഫലീകരണാർത്ഥം പ്രാർത്ഥിച്ചതും പ്രാർത്ഥിക്കാൻ നമ്മെ ഉപദേശിച്ചതുമായ പ്രാർത്ഥനകൾ ഓരോന്നായി നമുക്ക് പഠിക്കാം. നിത്യജീവിതത്തിൽ അവ പ്രാവർത്തികമാക്കുന്നതിലാണ് നമ്മുടെ വിജയം സ്ഥിതി ചെയ്യുന്നത്.

### 1. ബാങ്കിനുശേഷം

اَللّٰهُمَّ رَبَّ هٰذِهِ الدَّعْوَةِ التَّامَّةِ وَالصَّلَاةِ الْقَائِمَةِ آتِ مُحَمَّداً الْوَسِيلَةَ وَالْفَضِيلَةَ وَابْعَثْهُ
مَقَامًا مَحْمُودً الَّذِى وَعَدْتَهُ (رواه البخارى، وأبوداود، والترمذى، والنسائى، وابن ماجة)

"ഈ പൂർണ്ണമായ ആഹ്വാനത്തിൻെറയും നടക്കാൻ പോകുന്ന നമസ്കാരത്തിൻെറയും നാഥനായ അല്ലാഹുവേ! മുഹമ്മദ് നബി (സ)മിന് 'വസീലത്തും, 'ഫസീലത്തും' നീ നൽകേണമേ! നീ വാഗ്ദാനം ചെയ്ത സ്തുത്യർഹമായ സ്ഥാനത്തേക്ക് അദ്ദേഹത്തെ നീ നിയോഗിക്കേണമേ!"

### 2. നമസ്കാരത്തിൽ

നാം നമസ്കരിക്കാൻ നിന്നാൽ 'അല്ലാഹു അക്ബർ' (അല്ലാഹുവാകുന്നു ഏറ്റവും വലിയവൻ) എന്ന് പറഞ്ഞുകൊണ്ട് തുടങ്ങുന്നു. തുടർന്നങ്ങോട്ട് നടക്കുന്ന പ്രാർത്ഥനകൾ ഒന്നുകിൽ അപേക്ഷാ രൂപത്തിലോ അല്ലെങ്കിൽ പ്രകീർത്തനരൂപത്തിലോ ഉള്ളവയാണ്. അപേക്ഷാരൂപത്തിലുള്ള പ്രാർത്ഥനകളിൽ അവൻ തൻെറ ഐഹികവും പാരത്രികവുമായ കാര്യങ്ങളുടെ വിജയമാണ് പ്രതിപാദിക്കു

ന്നത്. അതെല്ലാം അല്ലാഹുവിനോട് മാത്രമാണ് പറയുന്നത്. മറ്റാരോടും 'ഇസ്തി ഗാസ' (സഹായം തേടൽ) നടത്തുന്നില്ല. മാത്രമല്ല, അല്ലാഹുവേ എന്നും റബ്ബേ എന്നും വിളിച്ചുകൊണ്ട് ആരെ യും 'തവസ്സു'(മദ്ധ്യത്തി)ലാക്കാതെ; ആരുടെയും 'ഹഖും' 'ജാഹും' 'ബറക്കതും' കൂടാതെ തന്നെയാണ് പറയുന്നത്. അതെല്ലാം 'ഫർസോ' 'സുന്നത്തോ' ഇങ്ങേയറ്റം 'മുബാഹ്' തന്നെയുമോ ആയിരുന്നെങ്കിൽ ദിവസത്തിൽ ചുരുങ്ങിയത് അഞ്ചുനേരങ്ങളിൽ നടത്തുന്ന നമസ്കാരത്തിലുള്ള ദശക്കണക്കിന് പ്രാർത്ഥനകളിൽ ഏതെങ്കിലുമൊന്നിൽ അല്ലാഹു അത് പഠിപ്പി ക്കുമായിരുന്നു. ആദ്യമായി അല്ലാഹു അക്ബർ എന്ന തക്ബീറത്തുൽ ഇഹ്റാ മിന് ശേഷം 'ഇസ്തിഫ്താഹി'ന്റെ പ്രാർത്ഥന:

اَللّٰهُمَّ بَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ اَللّٰهُمَّ نَقِّنِي مِنْ خَطَايَايَ كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنَ الدَّنَسِ اَللّٰهُمَّ اغْسِلْنِي مِنْ خَطَايَايَ بِالثَّلْجِ وَالْمَاءِ وَالْبَرَدِ (رواه الجماعة إلا الترمذى)

"അല്ലാഹുവേ! ഉദയാസ്തമയ സ്ഥലങ്ങൾക്കിടയിലുള്ള ദൂരം പോലെ എന്റെയും എന്റെ പാപങ്ങളുടെയുമിടയിൽ നീ ദൂരമുണ്ടാക്കണേ! അല്ലാഹു വേ! ശുഭ്രവസ്ത്രം അഴുക്കിൽ നിന്ന് ശുചിയാക്കുന്നത് പോലെ എന്നെ എന്റെ പാപങ്ങളിൽ നിന്നും ശുചിയാക്കേണമേ! അല്ലാഹുവേ! ആലിപ്പഴം, വെള്ളം, മ ഞ്ഞിൻകണിക എന്നിവകൾകൊണ്ട് എന്നെ എന്റെ പാപങ്ങളിൽ നിന്ന് നീ കഴു കി വൃത്തിയാക്കേണമേ!"

ചില സന്ദർഭങ്ങളിൽ നബി(സ) 'ഇസ്തിഫ്താഹി'ന്റെ പ്രാർത്ഥന നടത്തി യതിങ്ങനെയാണെന്ന് അലി (റ) ഉദ്ധരിക്കുന്നു:

وَجَّهْتُ وَجْهِيَ لِلَّذِي فَطَرَ السَّمٰوٰتِ وَالْأَرْضَ حَنِيفًا مُسْلِمًا وَمَا اَنَا مِنَ الْمُشْرِكِينَ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلّٰهِ رَبِّ الْعَالَمِينَ، لَا شَرِيكَ لَهُ وَبِذٰلِكَ أُمِرْتُ وَاَنَا مِنَ الْمُسْلِمِينَ، اَللّٰهُمَّ أَنْتَ الْمَلِكُ لَا إِلٰهَ إِلَّا أَنْتَ أَنْتَ رَبِّي وَأَنَا عَبْدُكَ ظَلَمْتُ نَفْسِي وَاعْتَرَفْتُ بِذَنْبِي فَاغْفِرْلِي ذُنُوبِي جَمِيعًا لَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ وَاهْدِنِي لِأَحْسَنِ الْأَخْلَاقِ لَا يَهْدِي لِأَحْسَنِهَا إِلَّا أَنْتَ وَاصْرِفْ عَنِّي سَيِّئَهَا لَا يَصْرِفُ عَنِّي سَيِّئَهَا إِلَّا أَنْتَ لَبَّيْكَ وَسَعْدَيْكَ وَالْخَيْرُ كُلُّهُ فِي يَدِكَ وَالشَّرُّ لَيْسَ إِلَيْكَ أَنَابِكَ وَإِلَيْكَ تَبَارَكْتَ وَتَعَالَيْتَ اَسْتَغْفِرُكَ وَأَتُوبُ إِلَيْكَ (رواه مسلم، واحمد والترمذى)

"ഋജുമാനസനായിക്കൊണ്ട് ഞാനെന്റെ മുഖത്തെ ആകാശഭൂമികളെ സൃഷ്ടിച്ചവനിലേക്ക് തിരിക്കുന്നു. ഞാൻ അല്ലാഹുവിന് പങ്കുകാരെ കൽപ്പിക്കുന്നവരിൽ പെട്ടവനല്ല. നിശ്ചയം എന്റെ നമസ്കാരവും ബലിർമ്മവും ജീവിതവും മരണവും ലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു. അവന് ഒരു പങ്കുകാരുമില്ല. ഇതിനാണ് എന്നോട് കൽപിച്ചിട്ടുള്ളത്. ഞാൻ മുസ്ലിംകളിൽ പെട്ടവനാണ്. അല്ലാഹുവേ! നീയാകുന്നു രാജാവ്. നീയല്ലാതെ ആരാധ്യനില്ല. നീയാകുന്നു എന്റെ രക്ഷകൻ. ഞാൻ നിന്റെ ദാസനാണ്. എന്നോട് ഞാൻ അക്രമം ചെയ്തിരിക്കുന്നു. എന്റെ തെറ്റിനെ ഞാൻ ഏറ്റു സമ്മതിക്കുന്നു. അതിനാൽ എന്റെ പാപങ്ങളെ നീ പൊറുത്തു തരേണമേ! പാപങ്ങളെ നീയല്ലാതെ ആരും പൊറുക്കുകയില്ല. ഉന്നതമായ സ്വഭാവഗുണങ്ങളിലേക്ക് നീയെന്നെ നയിക്കേണമേ! അതിൽ ഉന്നതമായതിലേക്ക് നീയല്ലാതെ നയിക്കുന്നവനില്ല. ആ സ്വഭാവങ്ങളിൽ നിന്ന് ദുഷിച്ചതിനെ എന്നിൽ നിന്ന് തിരിച്ചു കളയണമേ! അതിൽ നിന്ന് ദുഷിച്ചതിനെ നീയല്ലാതെ എന്നിൽ നിന്ന് തട്ടിത്തിരിക്കുകയില്ല. ഞാനിതാ നിന്റെ കൽപ്പനക്ക് വഴങ്ങിയിരിക്കുന്നു. എല്ലാ നന്മയും നിന്റെ കരങ്ങളിലാണ്. തിന്മ (ഒരിക്കലും) നിന്നിലില്ല. ഞാൻ നിന്നെക്കൊണ്ടാണ് നിലനിൽക്കുന്നത്. നിന്നിലേക്കാണ് മടങ്ങുന്നതും. നീ അനുഗ്രഹമുടയവനും ഉന്നതനുമാണ്. ഞാൻ നിന്നോട് പാപമോചനം തേടുകയും നിന്നിലേക്ക് ഖേദിച്ചു മടങ്ങുകയും ചെയ്യുന്നു."

റുക്കൂഇൽ നാം നടത്തുന്ന പ്രാർത്ഥന ശ്രദ്ധിക്കുക. سُبْحَانَ رَبِّيَ الْعَظِيمْ "മഹാനായ എന്റെ റബ്ബിനെ ഞാൻ പരിശുദ്ധനാക്കുന്നു" 'റുക്കൂഇ'ൽ നബി (സ) നടത്തിയിരുന്ന മറ്റൊരു പ്രാർത്ഥന:

اَللّٰهُمَّ لَكَ رَكَعْتُ وَبِكَ آمَنْتُ وَلَكَ أَسْلَمْتُ خَشَعَ لَكَ سَمْعِى وَبَصَرِى وَمُخِّى وَعَظْمِى وَعَصَبِى (رواه احمد ومسلم والترمذى)

"അല്ലാഹുവേ! നിനക്കു ഞാൻ നമിച്ചു. നിന്നിൽ ഞാൻ വിശ്വസിച്ചു. നിനക്ക് ഞാൻ കീഴ്പ്പെട്ടു. എന്റെ കണ്ണും, ചെവിയും, മജ്ജയും അസ്ഥിയും ഞരമ്പും നിന്നോട് താഴ്മ കാണിച്ച് ഭക്തി പ്രകടിപ്പിച്ചിരിക്കുന്നു".

റുകൂഅ് കഴിഞ്ഞ് سَمِعَ اللّٰهُ لِمَنْ حَمِدَهُ എന്നു പറഞ്ഞുകൊണ്ട് 'ഇഅ്തിദാലി'ൽ എത്തിയാൽ നമസ്കരിക്കുന്നവൻ പറയണം;

اَللّٰهُمَّ رَبَّنَا لَكَ الْحَمْدُ مِلْأَ السَّمٰوَاتِ وَمِلْأَ الْاَرْضِ وَمِلْأَ مَا بَيْنَهُمَا وَمِلْأَ مَا شِئْتَ مِنْ شَيْءٍ بَعْدُ

"ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ! ആകാശ ഭൂമി നിറയെയുള്ളതും അത് രണ്ടിന്റെയും മദ്ധ്യേയുള്ളതും അതിന്ശേഷം നീ ഉദ്ദേശിച്ചതിലെല്ലാമുള്ള സ്തുതി നിനക്കാണ്".

അനന്തരം اَللّٰهُ أَكْبَرُ (അല്ലാഹു ഏറ്റവും മഹാൻ) എന്നു പറഞ്ഞുകൊണ്ട് 'സുജൂദി'ലേക്ക് പോകുന്നു. അവിടെ വെച്ച് അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് سُبْحَانَ رَبِّيَ الْأَعْلَى (പരമോന്നതനായ എന്റെ റബ്ബിനെ ഞാൻ പരിശുദ്ധപ്പെടുത്തുന്നു) എന്ന് പറയുന്നു. കൂടാതെ സുജൂദിൽ നബി(സ) പറഞ്ഞതായി അലി(റ) ഉദ്ധരിക്കുന്നത് കാണുക.

اَللّٰهُمَّ لَكَ سَجَدْتُ وَبِكَ آمَنْتُ وَلَكَ أَسْلَمْتُ سَجَدَ وَجْهِيَ لِلَّذِي خَلَقَهُ وَصَوَّرَهُ وَشَقَّ سَمْعَهُ وَبَصَرَهُ فَتَبَارَكَ اللّٰهُ أَحْسَنُ الْخَالِقِينَ (رواه أحمد ومسلم والترمذى)

"അല്ലാഹുവേ! നിനക്ക് ഞാൻ സാഷ്ടാംഗം ചെയ്തു. നിന്നിൽ ഞാൻ വിശ്വസിച്ചു. നിനക്ക് ഞാൻ കീഴ്പെട്ടു. എന്റെ ശരീരത്തെ സൃഷ്ടിക്കുകയും രൂപപ്പെടുത്തുകയും അതിന്റെ ശ്രവണപുടവും നയനവും കീറുകയും ചെയ്തവന്നാണ് ഞാൻ സാഷ്ടാംഗം ചെയ്തിരിക്കുന്നത്. അങ്ങനെ സൃഷ്ടാക്കളിൽ ഏറ്റവും ഉത്തമനായ അല്ലാഹു അനുഗ്രഹമുടയവൻ"

രണ്ടു സുജൂദുകൾക്ക് മദ്ധ്യേ ഇരിക്കുമ്പോൾ:

اَللّٰهُمَّ اغْفِرْلِي وَارْحَمْنِي وَاجْبُرْنِي وَاهْدِنِي وَارْزُقْنِي (رواه الترمدى وابوداود، إلا أنه قال وَعَافِنِى مكان واجبرنى وزاد ابن ماجة ارفعنى وجمع بينها الحاكم كلها إلا أنه لم يقل وعافنى نيل الأوطار ج: ٢ ٢٩٣٠)

(അല്ലാഹുവേ! എനിക്ക് നീ പൊറുത്തു തരേണമേ! എനിക്ക് നീ കരുണ ചെയ്യേണമേ! എന്റെ വീഴ്ചകൾ നീ പരിഹരിക്കേണമേ! എനിക്ക് നീ സന്മാർഗ്ഗപ്രാപ്തി നൽകേണമേ! എനിക്ക് നീ ആഹാരം നൽകേണമേ!" (അബൂദാവൂദിന്റെ റിപ്പോർട്ടിൽ "എന്റെ വീഴ്ചകൾ പരിഹരിക്കേണമേ" എന്ന സ്ഥാനത്ത് എനിക്ക് സുഖം നൽകേണമേ" എന്നാണ്. "എന്നെ നീ ഉയർത്തേണമേ" എന്ന് ഇബ്നു മാജ: ഉദ്ധരിച്ചതിൽ കൂടുതലായുണ്ട്. "എന്നെ സുഖമാക്കണേ" എന്നതല്ലാത്ത വാചകങ്ങളെ കൂട്ടിക്കൊണ്ടാണ് ഹാക്കിം ഉദ്ധരിച്ചതിൽ കാണുന്നത്)

ഇതോടെ നമസ്കാരത്തിലെ 'അത്തഹിയ്യാത്ത്' വരെയുള്ള എല്ലാ പ്രാർത്ഥനകളും കഴിഞ്ഞു. ഇബ്നുഅബ്ബാസ്(റ) നബി(സ)യിൽ നിന്നും ഉദ്ധരിക്കുന്നത് കാണുക. "അവിടുന്ന് ക്വുർആനിൽ നിന്നുള്ള അദ്ധ്യായം പഠിപ്പിക്കുന്നത് പോലെ 'തശഹ്ഹുദ്' ഞങ്ങളെ പഠിപ്പിക്കാറുണ്ടായിരുന്നു. നബി(സ) പറയു

اَلتَّحِيَّاتُ الْمُبَارَكَاتُ الصَّلَوَاتُ الطَّيِّبَاتُ لِلّٰهِ اَلسَّلَامُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ اللّٰهِ وَبَرَكَاتُهُ اَلسَّلَامُ عَلَيْنَا وَعَلَى عِبَادِ اللّٰهِ الصَّالِحِينَ. أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَأَشْهَدُ

أَنَّ مُحَمَّداً رَسُولُ اللّٰهِ (رواه مسلم وأبوداود والترمذى)

"സകല അഭിവാദ്യങ്ങളും ആശിസ്സുകളും, പ്രാർത്ഥനകളും നന്മകളും അല്ലാഹുവിനുള്ളതാകുന്നു. അല്ലാഹുവിൻെറ എല്ലാ രക്ഷയും അനുഗ്രഹങ്ങളും കരുണയും പ്രവാചകരെ അങ്ങയിൽ വർഷിക്കുമാറാകട്ടെ. (അത്പോലെ) അവൻെറ രക്ഷ നമുക്കും അല്ലാഹുവിൻെറ എല്ലാ സജ്ജനങ്ങളായ ദാസന്മാരിലും ഉണ്ടാകട്ടെ! നിശ്ചയം അല്ലാഹു അല്ലാതെ ഒരു ആരാധ്യനും ഇല്ലായെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. തീർച്ചയായും മുഹമ്മദ് (സ) അല്ലാഹുവിൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. "

പിന്നീട് മുഹമ്മദ്(സ)ക്കും അവിടുത്തെ കുടുംബത്തിനും അനുഗ്രഹത്തിനായി പ്രാർത്ഥിക്കൽ അനിവാര്യമാണ്.

اَللّٰهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى آلِ إِبْرَاهِيمَ وَبَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ (روا أحمد ومسلم والنسائى والترمذى)

"അല്ലാഹുവേ! മുഹമ്മദ് (സ)ക്കും അവിടുത്തെ കുടുംബത്തിനും നീ ഗുണം ചെയ്യേണമേ! ഇബ്രാഹീം(അ)ൻെറ കുടുംബത്തിന് നീ ഗുണം ചെയ്തത് പോലെ. മുഹമ്മദ് നബി(സ)ക്കും കുടുംബത്തിനും നീ അനുഗ്രഹം ചെയ്യേണ്മേ! ഇബ്രാഹീം(അ)മിൻെറ കുടുംബത്തിന് നീ അനുഗ്രഹം വർഷിച്ചത് പോലെ. നിശ്ചയം നീ സ്തുത്യർഹനും ശ്രേഷ്ഠനുമാകുന്നു"

സൃഷ്ടികളോട് പ്രാർത്ഥിക്കാൻ പറ്റുമെന്ന് സ്ഥാപിക്കാൻ 'അത്തഹിയ്യാത്തി'ൽ പറഞ്ഞിരിക്കുന്നു. 'അസ്സലാമുഅലൈക്ക അയ്യുഹന്നബിയ്യു' തെളിവായി ചിലർ ഉദ്ധരിക്കുന്നത് കാണാം. ഇത് മുഹമ്മദ് നബി(സ)യോടുള്ള 'ഇസ്തിഗാസ' (സഹായം തേടൽ) അല്ല. മറിച്ച് മുഹമ്മദ് നബി(സ)ക്കായി അല്ലാഹുവിനോട് നമ്മൾ നടത്തുന്ന 'ഇസ്തിഗാസ'യാണെന്ന് അതിൻെറ അർത്ഥമറിയുന്ന ആർക്കും ഗ്രഹിക്കാൻ കഴിയും. സൃഷ്ടികളിൽ അത്യുത്തമനായ നബിതിരുമേനിക്കു പോലും അനുഗ്രഹം ലഭിക്കേണമെങ്കിൽ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയേ നിവൃത്തിയുള്ളൂ. ആരെയും അനുഗ്രഹിക്കാനും നിഗ്രഹിക്കാനും അല്ലാഹുവിനോട് മാത്രം പ്രാർത്ഥിക്കുകയല്ലാതെ മാർഗ്ഗമില്ലായെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

'അത്തഹിയ്യാത്തി'നും 'സ്വലാത്തി'നും ശേഷം 'സലാം' വീട്ടുന്നതിനു മുമ്പായി നമസ്കരിക്കുന്നവൻ പ്രാർത്ഥിക്കേണ്ട കുറെ പ്രാർത്ഥനകൾ നബി(സ) പഠിപ്പിച്ചു തന്നിട്ടുണ്ട്. അതിൽ സാധാരണ നടത്താറുള്ള ചിലത് മാത്രം ഇവിടെ

കൊടുക്കാം:

اَللّٰهُمَّ اغْفِرْلِى مَا قَدَّمْتُ وَمَا أَخَّرْتُ وَمَا أَسْرَرْتُ وَمَا أَعْلَنْتُ وَمَا أَسْرَفْتُ وَمَا أَنْتَ أَعْلَمُ بِهِ مِنِّى إِنَّكَ أَنْتَ الْمُقَدِّمُ وَأَنْتَ الْمُؤَخِّرُ لَا إِلٰهَ إِلَّا أَنْتَ (رواه احمد ومسلم وبوداود والنسائى)

"അല്ലാഹുവേ! ഞാൻ മുമ്പു ചെയ്തതും അടുത്ത് ചെയ്തതുമായ മുഴുവൻ പാപങ്ങളെയും, ഞാൻ രഹസ്യമായും പരസ്യമായും ചെയ്ത പാപങ്ങളെയും, ഞാൻ അമിതമായി ചെയ്ത പാപങ്ങളെയും (എന്നുവേണ്ട) എന്നെക്കാൾ കൂടുതലായി നീ അറിയുന്ന പാപങ്ങളെയും നീ എനിക്ക് പൊറുത്തു തരേണമേ! നിശ്ചയം നീ തന്നെയാണ് (ഒരാളെ ഉന്നതന്മാരുടെ സ്ഥാനത്തേക്ക്) ഉയർത്തുന്നതും അതിൽ നിന്ന് താഴ്ത്തി പിന്നിലാക്കുന്നതും. നീയല്ലാതെ യാതൊരു ആരാധ്യനുമില്ല."

ഹ:ആയിശാ(റ) പറയുന്നു: നബി(സ) അവിടുത്തെ നമസ്കാരത്തിൽ സദാ ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു:

اَللّٰهُمَّ إِنِّى أَعُوذُبِكَ مِنْ عَذَابِ الْقَبْرِ وَأَعُوذُبِكَ مِنْ فِتْنَةِ الْمَسِيحِ الدَّجَّالِ، وَأَعُوذُبِكَ مِنْ فِتْنَةِ الْمَحْيَا وَفِتْنَةِ الْمَمَاتِ اَللّٰهُمَّ إِنِّى أَعُوذُبِكَ مِنَ الْمَغْرَمِ وَالْمَأْثَمِ (رواه البخارى ومسلم وأحمد وأبوداود والترمذى والنسائى)

"അല്ലാഹുവേ! ഞാൻ ഖബ്റിലെ ശിക്ഷയിൽ നിന്നു നിന്നോട് രക്ഷ തേടുന്നു. 'മസീഹുദ്ദജ്ജാലി'ന്റെ നാശത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. ജീവിതത്തിലെയും മരണത്തിലെയും പരീക്ഷണത്തിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. അല്ലാഹുവേ! തെറ്റുകൾ പ്രവർത്തിക്കുന്നതിൽ നിന്നും കടം വന്നു ബുദ്ധിമുട്ടുന്നതിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു"

അല്ലാഹുവിന്റെ പ്രവാചകരെ! എനിക്കു നമസ്കാരത്തിൽ എപ്പോഴും പ്രാർത്ഥിക്കാൻ പറ്റുന്ന ഒരു പ്രാർത്ഥന പഠിപ്പിച്ചു തന്നാലും എന്ന് അബൂബക്കർ സിദ്ദീഖ്(റ) ആവശ്യപ്പെട്ടു. നബി(സ) പഠിപ്പിച്ചു:

اَللّٰهُمَّ إِنِّى ظَلَمْتُ نَفْسِى ظُلْمًا كَثِيرًا وَلَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ فَاغْفِرْلِى مَغْفِرَةً مِنْ عِنْدِكَ وَارْحَمْنِى إِنَّكَ أَنْتَ الْغَفُورُ الرَّحِيمْ (رواه البخارى ومسلم وأحمد)

"അല്ലാഹുവേ! ഞാനെന്റെ ആത്മാവിനോട് വളരെയേറെ അക്രമം പ്രവർ

ത്തിച്ചു. പാപങ്ങളെ നീയല്ലാതെ ആരും പൊറുക്കുകയില്ല. അതിനാൽ നിന്നിൽ നിന്നുള്ള (ഔദാര്യമായ) പൊറുക്കൽ എനിക്ക് നൽകിയാലും! എനിക്ക് നീ കരുണ ചെയ്യേണമേ! നിശ്ചയം നീ തന്നെയാണ് പൊറുക്കുന്നവനും കരുണാവാരിധിയും."

ഇതോടെ (اَلسَّلَامُ عَلَيْكُمْ وَرَحْمَةُ اللهِ) എന്നു പറഞ്ഞു കൊണ്ടു നമസ്കാരം അവസാനിപ്പിക്കുന്നു. തക്ബീറത്തുൽ ഇഹ്റാംകൊണ്ട് തുടങ്ങുകയും സലാം കൊണ്ടവസാനിക്കുകയും ചെയ്യുന്ന നമസ്കാരത്തിൽ ഒരു മനുഷ്യൻ തൻെറ എല്ലാ ആഗ്രഹങ്ങളും അഭിലാഷങ്ങളും അല്ലാഹുവിൻെറ മുമ്പിൽ ഇടയാളന്മാരില്ലാതെ സമർപ്പിക്കുന്നു. അവ അവൻെറ സൃഷ്ടികളിൽ ആരുടെയും മുമ്പിൽ വെക്കുന്നില്ല. ആരെയും വിളിച്ച് പ്രാർത്ഥിക്കുന്നില്ല. സൃഷ്ടികളിൽ ഏറ്റവും ശ്രേഷ്ടനായ മുഹമ്മദ്(സ)ക്കുപോലും കരുണയും കടാക്ഷവും നൽകാൻ നാം അല്ലാഹുവിനോട് പ്രാർത്ഥിക്കു ന്നു. എന്നിരിക്കെ പിന്നെ ലോകത്ത് പ്രാർത്ഥിക്കപ്പെടാൻ അർഹനായി വേറെയാരുണ്ട്?

### 3. നമസ്കാരശേഷം

സൗബാൻ(റ) ഉദ്ധരിക്കുന്നു: നബി(സ) അവിടുത്തെ നമസ്കാരത്തിൽ നിന്ന് വിരമിച്ചാൽ മൂന്ന് പ്രാവശ്യം أَسْتَغْفِرُ اللهَ എന്നു പറയും. പിന്നീട്

أَللّٰهُمَّ أَنْتَ السَّلَامُ وَمِنْكَ السَّلَامُ تَبَارَكْتَ يَاذَا الْجَلَالِ وَالْإِكْرَامِ (رواه مسلم واحمد وابن ماجة والترمذى والنسائى)

"അല്ലാഹുവേ നീയാകുന്നു രക്ഷ. നിന്നിൽ നിന്ന് മാത്രമാണ് രക്ഷ. മഹത്വവും ഔന്നത്യവുമുള്ള നാഥാ! നീയെത്ര അനുഗ്രഹത്തിൻെറ ഉടമ"

മുഗീറത്തുബ്നു ശുഅ്ബ (റ) ഉദ്ധരിക്കുന്നു: നബി(സ) എല്ലാ നിർബന്ധ നമസ്കാരത്തിൻെറയും ശേഷം ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു:

لَاإِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ، أَللّٰهُمَّ لَا مَانِعَ لِمَا أَعْطَيْتَ وَلَا مُعْطِيَ لِمَا مَنَعْتَ وَلَا يَنْفَعُ ذَاالْجَدِّ مِنْكَ الْجَدُّ (رواه البخارى ومسلم وأحمد)

"അല്ലാഹു അല്ലാതെ ആരാധ്യനില്ല. അവൻ ഏകനാകുന്നു. അവന് പങ്കുകാരില്ല. എല്ലാ അധികാരവും അവനാകുന്നു. സർവ്വ സ്തോത്രങ്ങളും അവന് തന്നെയാണ്. എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു അവൻ. അല്ലാഹുവേ! നീ നൽകിയതിനെ തടുക്കുന്നവർ ആരുമില്ല. നീ തടുക്കുന്നതിനെ നൽകുന്നവനും ആരുമില്ല. മുതലുള്ളവന് നിൻെറയടുക്കൽ (ശിക്ഷ ലഭിക്കുമ്പോൾ) ആ മുതല് യാതൊന്നും ഉപകരിക്കുകയില്ല".

ഒരദ്ധ്യാപകൻ തന്റെ പിഞ്ചു വിദ്യാർത്ഥികളെ പഠിപ്പിക്കുന്നത് പോലെ മഹാനായ സഅ്ദ്ബ്നു അബീ വഖാസ് (റ) തന്റെ മക്കളെ താഴെ വരുന്ന പ്രാർത്ഥന പഠിപ്പിക്കാറുണ്ടായിരുന്നു. കാരണം നബി(സ) അവിടുത്തെ എല്ലാ നമസ്കാരത്തിന്റെ ശേഷവും അത് പതിവായി ചൊല്ലിയിരുന്നു. പ്രസ്തുത പ്രാർത്ഥന ഇപ്രകാരമാണ്".

اَللّٰهُمَّ إِنِّي أَعُوذُبِكَ مِنَ الْبُخْلِ وَأَعُوذُبِكَ مِنَ الْجُبْنِ وَأَعُوذُبِكَ مِنْ أَنْ أُرَدَّ إِلَى أَرْذَلِ الْعُمُرِ وَأَعُوذُبِكَ مِنْ فِتْنَةِ الدُّنْيَا وَأَعُوذُبِكَ مِنْ عَذَابِ الْقَبْرِ (رواه البخارى والترمذى)

"അല്ലാഹുവേ! നിശ്ചയമായും ഞാൻ നിന്നോട് പിശുക്കിൽ നിന്ന് രക്ഷ തേടുന്നു. ഭീരുത്വത്തിൽ നിന്നു ഞാൻ നിന്നോട് രക്ഷ തേടുന്നു. ജരാനരബാധിച്ച് ക്ലേശകരമായ വാർദ്ധക്യത്തിൽ അകപ്പെടുന്നതിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു. ഐഹിക ജീവിതത്തിലെ സകല ബുദ്ധിമുട്ടുകളിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു. ഖബറിലെ ശിക്ഷയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു"

അപ്പോൾ നമസ്കാരത്തിൽ നടത്തുന്നതും അതിനുശേഷം നടത്തുന്നതുമായ പ്രാർത്ഥനകളിലും-ഏതെങ്കിലുമൊന്നിൽ പോലും-സൃഷ്ടികളെ വിളിച്ചു പ്രാർത്ഥിക്കലില്ല. "അല്ലാഹുമ്മ ഇന്നീ അഊദുബിക്ക ബിഹഖിന്നബിയ്യി" എന്നോ "ബിഹഖിൽ അമ്പിയാഇ വൽ ഔലിയാഇ" എന്നോ ഇല്ല. അതൊരു പുണ്യമോ അനുവദനീയമോ ആയിരുന്നെങ്കിൽ ഒരിക്കലും നബി(സ) അത് പഠിപ്പിച്ചു തരാതെ വിട്ടുകളയുകയില്ലായിരുന്നു. പിന്നെ നാമെന്തിന് സ്വന്തമായി കണ്ടുപിടിക്കുന്നു?

## 4. പ്രധാനകാര്യങ്ങളിൽ പ്രവേശിക്കുന്നതിന് മുമ്പ്

സുപ്രധാനമായ എന്തെങ്കിലും കാര്യം ചെയ്യാൻ ആഗ്രഹിക്കുമ്പോൾ അതിനാലുണ്ടാവുന്ന ഗുണദോഷങ്ങളെ സംബന്ധിച്ചു ഏതൊരാൾക്കും ഉൽക്കണ്ഠയുണ്ടാവും. ഇത്തരം അവസരങ്ങളിൽ മാർഗ്ഗദർശനത്തിന് അല്ലാഹുവോട് പ്രാർത്ഥിക്കുവാൻ നബി(സ) പഠിപ്പിച്ചിരിക്കുന്നു. ജാബിറുബ്നു അബ്ദില്ല (അ) പറയുന്നു. നബി(സ) ഞങ്ങൾക്ക് ക്വുർആനിലെ അദ്ധ്യായം പഠിപ്പിക്കുന്നത് പോലെ **استخارة** പഠിപ്പിച്ചിരുന്നു. എന്നിട്ട് അവിടുന്ന് പറയും. നിങ്ങൾക്കെന്തെങ്കിലും പ്രശ്നമുണ്ടായാൽ ഫർസ് നമസ്കാരമല്ലാത്ത രണ്ട് റക്അത്ത് നമസ്കരിക്കുക. അനന്തരം ഇപ്രകാരം പ്രാർത്ഥിക്കുക.

اَللّٰهُمَّ إِنِّي أَسْتَخِيرُكَ بِعِلْمِكَ وَأَسْتَقْدِرُكَ بِقُدْرَتِكَ وَأَسْأَلُكَ مِنْ فَضْلِكَ الْعَظِيمِ فَإِنَّكَ

تَقْدِرُ وَلَا أَقْدِرُ وَتَعْلَمُ وَلَا أَعْلَمُ وَأَنْتَ عَلَّامُ ٱلغُيُوبِ أَللّٰهُمَّ إِن كُنْتَ تعلَمْ أَنَّ هٰذَا ٱلأَمْرَ خَيْرٌ لِى فِى دِينِى وَمَعَاشِى وَعَاقِبَةِ أَمْرِى فَاقْدِرْهُ لِى وَيَسِّرْهُ لِى ثُمَّ بَارِكْ لِى فِيهِ وَإِنْ كُنْتَ تَعْلَمُ أَنَّ هٰذَا ٱلأَمْرَ شَرٌّ لِى فِى دِينِى وَمَعَاشِى وَعَاقِبَةِ أَمْرِى فَاصْرِفْهُ عَنِّى وَاصْرِفْنِى عَنْهُ وَاقْدِرْ لِى ٱلخَيْرَ حَيْثُ كَانَ ثُمَّ رَضِّنِى بِهِ (رواه البخارى وأحمد وابن ماجه والترمذى وأبوداود والنسائى)

"അല്ലാഹുവേ നിൻെറ അറിവ് മുഖേന ഉത്തമമായത് കാണിച്ചുതരുവാൻ ഞാൻ നിന്നോട് തേടുന്നു. നിൻെറ കഴിവുകൊണ്ട് എനിക്ക് കഴിവ് നൽകുവാൻ ഞാൻ നിന്നോട് ആവശ്യപ്പെടുന്നു. നിൻെറ അതിമഹത്തായ അനുഗ്രഹത്തിൽ നിന്ന് ഞാൻ നിന്നോട് ചോദിക്കുന്നു. കാരണം നിശ്ചയമായും നീയാണ് കഴിവുള്ളവൻ. ഞാൻ കഴിവില്ലാത്തവനാണ്. നീ അറിയുന്നു. ഞാൻ അറിയുന്നില്ല. നീയാണ് അദൃശ്യങ്ങളെ അറിയുന്നവൻ. അല്ലാഹുവേ! (ഞാൻ ചെയ്യാൻ വിചാരിച്ച) കാര്യം മതത്തിലും ജീവിതത്തിലും പര്യവസാനത്തിലും എനിക്ക് ഗുണമാണെങ്കിൽ അതിനെനിക്ക് ശക്തി നൽകേണമേ! അതെനിക്ക് എളുപ്പമാക്കിത്തരികയും ചെയ്യേണമേ! അതിലെനിക്ക് അനുഗ്രഹവും ചൊരിയേണമേ! അതല്ല. ഇക്കാര്യം എൻെറ ദുൻയാവിലും ദീനിനും പര്യവസാനത്തിനും ദോഷമാണെങ്കിൽ എന്നെ അതിൽനിന്നും തിരിച്ചു കളയേണമേ! എന്നിട്ട് നന്മ എവിടെയാണോ ഉള്ളത് അതെനിക്ക് വിധിക്കേണമേ! അങ്ങനെ ആ നന്മ മുഖേന എന്നെ സംതൃപ്തനാക്കേണമേ!"

മനുഷ്യ ജീവിതത്തിൽ ദൈനംദിനംനൂറ്നൂറ് പ്രശ്നങ്ങളുണ്ടാവും. അതിൻെറയെല്ലാം ഭാവി എങ്ങിനെയെന്നോ ഗുണവശംഎവിടെയെന്നോ മനുഷ്യനറിയുകയില്ല. ഒരു നിസ്സാര കാര്യത്തിലൂടെ അവൻ ഉയരുകയും താഴുകയും ചെയ്യുന്നു. നമ്മുടെ ഓരോരുത്തരുടെയും ജീവിതം അത്തരം നൂറുകണക്കിന് വഴിത്തിരിവുകളിലൂടെയാണ് നീങ്ങുന്നത്. ഒരുപക്ഷേ നാം വളരെ സന്തോഷത്തോടെ സ്വീക രിച്ച ഒരു കാര്യം നമ്മുടെ തീരാദു:ഖത്തിന് കാരണമാകുന്നു. ദിവസത്തിൽ അന്നന്നത്തെ അഷ്ഠി കഴിച്ചുകൂട്ടാൻ മാർഗ്ഗമുണ്ടായിരുന്ന ഒരാൾ സ്വർണ്ണം വിളയുന്ന നാട്ടിലേക്ക് വിസ കിട്ടുമ്പോൾ തുള്ളിച്ചാടാറുണ്ട്. സ്വന്തം നാട്ടിലോ മറു നാട്ടിലോ ഉന്നതമായ ജോലി ലഭിക്കുമ്പോൾ എല്ലാവരും ആഹ്ലാദിക്കാറുണ്ട്. ഇത് മനുഷ്യസഹജമാണ്. എന്നാൽ നാട്ടിൽ അത്യാവശ്യം സുഖത്തിൽ കഴിഞ്ഞിരുന്ന ആ മനുഷ്യൻ ഗൾഫിലെത്തി ആറുമാസത്തിനുള്ളിൽ ഒരു വാഹന അപകടത്തിൽ മരിച്ചു. അല്ലെങ്കിൽ ഏതാനും കൊള്ളക്കാർ വണ്ടിയിൽ വെച്ച് ക്രൂരമായി വധിച്ചു എന്ന വാർത്ത കിട്ടുമ്പോൾ ഒരു സമയത്ത് ആഹ്ലാദിച്ചവർ തന്നെ മറ്റൊരുസമയത്ത് തീരാദു:ഖത്തിലാണ്ട് പോകുന്നു. അതുകൊണ്ട് എല്ലാ കാര്യ

ങ്ങളും സാധിപ്പിച്ചു തരാനും ആഗ്രഹങ്ങൾ നിറവേറ്റിത്തരാനും അത് തന്റെ ദീനിനും ദുനിയാവിനും ഗുണകരമാണെങ്കിൽ മാത്രം സഫലീകരിച്ചു തരുവാനും അല്ലെങ്കിൽ അതിൽ നിന്ന് ഏതെങ്കിലും മാർഗ്ഗേണ പിന്തിരിപ്പിക്കുവാനും സർവ്വശക്തനായ അല്ലാഹുവോട് മാത്രം നേരിട്ട് 'ഇസ്തിഗാസ' (സഹായം തേടൽ) നടത്താനാണ് صلاة الاستخارة ഉം അതിനു ശേഷമുള്ള പ്രാർത്ഥനയും നമ്മെ പഠിപ്പിക്കുന്നത്. അല്ലാതെ അല്ലാഹുവിന്റെ മലക്കുകളെയോ നബിമാരെയോ, ഔലിയാക്കളെയോ വിളിച്ച് 'ഇസ്തിഗാസ' നടത്താനല്ല ഇസ്ലാം പഠിപ്പിക്കുന്നത്. ആഗ്രഹം സഫലീകരിക്കാനും 'മുറാദ്' 'ഹാസിലാ'കുവാനും മഹാന്മാരുടെ ഖബ്റിങ്കൽ ചെന്ന് പറയണമെന്നത് യഹൂദരും ക്രിസ്ത്യാനികളും മുശ്രിക്കുകളും ഖബ്ർമുഖേന ഉദരപൂരണം നടത്തുന്നവനും പ്രചരിപ്പിച്ചതാണ്. ഇസ്ലാം അതിന് ഉത്ത രവാദിയല്ല.

## 5. മഴക്ക് വേണ്ടി

മഴയില്ലാതെ വരൾച്ച ബാധിച്ചു. ജനങ്ങളും മൃഗങ്ങളും വെള്ളം ലഭിക്കാതെ വലഞ്ഞു. അപ്പോൾ നമുക്ക് മഴ വർഷിപ്പിക്കാൻ ആരോട് പറയണം. ഇസ്ലാം എന്താണ് നിർദ്ദേശിക്കുന്നത്?

മഴ ലഭിക്കാതെ വന്നാൽ صلاة الاستقاء നടത്തുകയാണ് വേണ്ടത്. അല്ലാതെ ഏതെങ്കിലും ജീവിച്ചിരിക്കുന്നവരോ മരിച്ചവരോ ആയ സജ്ജനങ്ങളെ വിളിച്ച് പ്രാർത്ഥിക്കുവാനല്ല ഇസ്ലാം പഠിപ്പിക്കുന്നത്. നബി(സ) അവിടുത്തെ തിരുനാവ് കൊണ്ട് പഠിപ്പിച്ച കാര്യമാണിത്. അവിടുന്ന് പറഞ്ഞതായി ആയിശ(റ) ഉദ്ധരിക്കുന്നു:

إنكم شكوتم جدب دياركم واستيخار المطر عن إبان زمنه عنكم وقد أمركم الله عزوجل أن تدعوه ووعدكم أن يستجيب لكم

"നിങ്ങളുടെ നാട്ടിൽ വരൾച്ച ബാധിച്ചതായും, സാധാരണ സമയം വിട്ട് മഴ പിന്തിയതായും നിങ്ങൾ സങ്കടം ബോധിപ്പിക്കുന്നു! എന്നാൽ അല്ലാഹു നിങ്ങളോട് പ്രാർത്ഥിക്കാൻ കൽപ്പിക്കുകയും നിങ്ങളുടെ പ്രാർത്ഥനക്കുത്തരം നൽകുമെന്ന് വാഗ്ദത്തം ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്ന് അവിടുന്ന് ഇപ്രകാരം പ്രാർത്ഥിച്ചു:

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ، اَلرَّحْمٰنِ الرَّحِيمْ، مَالِكِ يَوْمِ الدِّينْ، لَاإِلٰهَ إِلَّا اللّٰهُ يَفْعَلُ مَا يُرِيدُ اَللّٰهُمَّ أَنْتَ اللّٰهُ لَا إِلٰهَ إِلَّا أَنْتَ، أَنْتَ الْغَنِيُّ وَنَحْنُ الْفُقَرَاءُ أَنْزِلْ عَلَيْنَا الْغَيْثَ وَاجْعَلْ مَا أَنْزَلْتَ لَنَا قُوَّةً وَبَلَاغًا إِلَى حِينْ (رواه أبوداود والحاكم)

"സർവ്വലോക രക്ഷിതാവായ അല്ലാഹുവിനാണ് എല്ലാസ്തോത്രവും. അവൻ പരമകാരുണികനും കരുണാനിധിയും പ്രതിഫലം നൽകപ്പെടുന്ന ദിവസത്തിന്റെ ഉടമസ്ഥനുമാണ്. അല്ലാഹു ഒഴികെ യാതൊരാധ്യനുമില്ല. അവനുദ്ദേശിക്കുന്നത് അവൻ പ്രവർത്തിക്കും. അല്ലാഹുവേ! നീയാണ് യഥാർത്ഥ ആരാധ്യൻ. നിന്നെക്കൂടാതെ മറ്റൊരു ആരാധ്യനുമില്ല. നീ അന്യാശ്രയമില്ലാത്തവൻ. ഞങ്ങൾ ആശ്രിതർ. ഞങ്ങൾക്ക് നീ മഴ വർഷിപ്പിച്ചു തരേണമേ! നീ വർഷിപ്പിച്ചു തരുന്ന മഴ ഞങ്ങൾക്ക് ശക്തിയും കുറെ കാലത്തേക്ക് മതിയാകുന്നതുമാക്കേണമേ"

മഴക്കുവേണ്ടി നടത്തിയ നമസ്കാരത്തോടനുബന്ധിച്ച് ഖുത്തുബയിലും അല്ലാത്ത സന്ദർഭങ്ങളിലും നബി(സ) നടത്തിയ പ്രാർഥന വേറെയും പലരൂപത്തിൽ വന്നിട്ടുണ്ട്. അതിലൊന്നും തന്നെ സൃഷ്ടികളെ 'വസീല'യാക്കാനോ അവരുടെ ഹഖ്, ജാഹ്കൊണ്ട് ചോദിക്കലോ ഇല്ല. ഹദീസിന്റെ ഗ്രന്ഥങ്ങളിലും ഫിഖ്ഹിന്റെ കിതാബുകളിലും പ്രസ്തുത പ്രാർത്ഥനകൾ നമുക്ക് കാണാം.

അനസ്(റ)വിൽ നിന്ന് ബുഖാരി, മുസ്ലിം, അഹ്മദ് തുടങ്ങിയ മുഹദ്ദിസുകൾ രേഖപ്പെടുത്തിയ ഒരു ഹദീസിൽ നബി(സ) മഴക്കായി പ്രാർത്ഥിച്ചത് നോക്കുക: "ഒരു ജുമുഅ ദിവസം അവിടുന്ന് ഖുത്തുബ നടത്തിക്കൊണ്ടിരിക്കുകയാണ്. ഏതോ ഒരു മനുഷ്യൻ പള്ളിയിൽ പ്രവേശിച്ചുകൊണ്ട് പറഞ്ഞു: പ്രവാചകരെ! ധനങ്ങളെല്ലാം നശിച്ചു; (എല്ലാ ജീവിത) മാർഗ്ഗങ്ങളും മുറിഞ്ഞിരിക്കുന്നു. അതിനാൽ അവിടുന്ന് മഴക്കായി അല്ലാഹുവിനോട് പ്രാർത്ഥിക്കണം (അനസ്(റ) പറയുകയാണ്). അങ്ങനെ അവിടുന്ന് ഇരു കരങ്ങളും ഉയർത്തി പ്രാർത്ഥിച്ചു:

اَللّٰهُمَّ أَغِثْنَا اَللّٰهُمَّ أَغِثْنَا

"അല്ലാഹുവേ ഞങ്ങൾക്കു മഴ നൽകേണമേ! അല്ലാഹുവേ ഞങ്ങൾക്ക് മഴ നൽകേണമേ!" അപ്പോൾ ഒരു മേഘശകലം പോലുമില്ലാത്ത ആകാശത്ത് ഉടനെ മേഘം പ്രത്യക്ഷപ്പെടുകയും മഴ വർഷിക്കുകയും ചെയ്തു. ശക്തമായ മഴ ഒരാഴ്ചക്കാലം നീണ്ടുനിന്നു. പിന്നീട് അതേ മനുഷ്യൻ അടുത്ത ജുമുഅ:ദിവസം ഖുത്തുബ നടന്നുകൊണ്ടിരിക്കുമ്പോൾ മഴയുടെ ആധിക്യം മുഖേന ജീവിതം ദുസ്സഹമായിരിക്കുന്നു എന്ന പരാതിയുമായി വന്നു "പ്രവാചകരെ! മഴ നിർത്തുവാൻ അവിടുന്ന് അല്ലാഹുവിനോട് പ്രാർത്ഥിച്ചാലും!" ഉടനെ അവിടുന്ന് ഇപ്രകാരം പ്രാർത്ഥിച്ചു:

اَللّٰهُمَّ حَوَالَيْنَا وَلَا عَلَيْنَا اَللّٰهُمَّ عَلَى الْآكَامِ وَالظِّرَابِ وَبُطُونِ الْأَوْدِيَةِ وَمَنَابِتِ الشَّجَرِ

"അല്ലാഹുവേ! ഞങ്ങൾക്കിനി മഴവേണ്ട! ഞങ്ങളുടെ ചുറ്റുപാടിൽ വർഷിപ്പിക്കുക(ആൾപ്പാർപ്പില്ലാത്ത) ഉയർന്ന കുന്നിൻ പ്രദേശങ്ങളിലേക്കും, താഴ്വരകളിലേക്കും വനാന്തരങ്ങളിലേക്കും, നീ അതിനെ മാറ്റി വർഷിപ്പിക്കേണമേ!"

അപ്പോൾ മഴ ലഭിക്കാനും അത് നിർത്തലാക്കാനും പ്രാർത്ഥിക്കേണ്ടത് അ

ല്ലാഹുവോട് മാത്രമാണ്. ഇതിൽ ആരുടെയും 'ഹഖും ജാഹും ബറക്കത്തും' കൂട്ടിച്ചേർക്കരുത്. അത് മാത്രമാണ് അല്ലാഹുവിന് ഇഷ്ടപ്പെട്ട മാർഗ്ഗം എന്ന് പ്രവാചകദൂതർ മാനവരാശിയെ പഠിപ്പിച്ചു. മറിച്ച് മഴക്കായി ആരുടെയെങ്കിലും ഖബ്റിങ്ങൽ അഭയം പ്രാപിക്കണമായിരുന്നുവെങ്കിൽ അത് അവിടുന്നു നിർദ്ദേശിക്കുമായിരുന്നു. അവിടുത്തെ മാതൃകാവര്യരായ സഹാബാകിറാമെങ്കിലും പ്രവാചകൻെറ കാലശേഷം മഴക്ക് അവിടുത്തെ പരിശുദ്ധജഡം അടക്കം ചെയ്ത ഖബ്റിങ്കൽ ചെന്ന് പറയുമായിരുന്നു. എന്നാൽ പ്രവാചകൻെറ കാലശേഷം ഇസ്ലാമിക ഭരണം കാഴ്ചവെച്ച ഏതെങ്കിലു ഒരു ഖലീഫ മഴ ലഭിക്കാതായപ്പോൾ അവിടുന്ന് ജീവിച്ചിരുന്നപ്പോൾ കാട്ടിക്കൊടുത്ത الاستقاء (മഴയെ തേടിയുള്ള നമസ്കാരം)ഉം അല്ലാഹുവിനോടുള്ള പ്രാർഥനയും നടത്തുകയല്ലാതെ ആ ഖബ്റിങ്കൽ ചെന്ന് ആവലാതി പറഞ്ഞിട്ടില്ല. ഇസ്ലാമിൻെറ കാവൽഭടന്മാരായ 'ഫിഖ്ഹിൻെറ ആലിമീ'ങ്ങളെല്ലാം മേൽപറഞ്ഞ ഹദീസുകൾ നിരത്തിവെച്ചു കൊണ്ട് മഴയില്ലാതായാൽ صلاة الاستقاء നടത്താനല്ലാതെ അല്ലാഹുവിൻെറ സൃഷ്ടികളെ വിളിച്ചു പ്രാർത്ഥിക്കാനോ ഏതെങ്കിലും ഖബ്റിങ്ങൽ പോകാനോ പറഞ്ഞിട്ടില്ല.

## 6. നിത്യജീവിതത്തിൽ

നിത്യജീവിതത്തിൽ പകർത്താൻ അനേകം പ്രാർഥനകൾ നബി(സ) പഠിപ്പിച്ചുണ്ട്. അവയിൽ ചിലത് കൂടി കാണുക.

**രോഗിയെ കാണുമ്പോൾ**

أَسْئَلُ اللهَ الْعَظِيمْ رَبَّ الْعَرْشِ الْعَظِيمْ أَنْ يَشْفِيكَ وَيْعَافِيكَ (أبوداود، ترمذى)

നിനക്ക് രോഗശമനവും ആശ്വാസവും പ്രദാനം ചെയ്യാൻ സിംഹാസനത്തിൻെറ ഉടമസ്ഥനും മഹാനുമായ അല്ലാഹുവിനോട് ഞാൻ പ്രാർത്ഥിക്കുന്നു.

**രോഗശമനത്തിന്**

أَللّٰهُمَّ رَبَّ النَاسِ أَذْهِبِ الْبَأْسَ اِشْفِ أَنْتَ الشَافِى لَا شِفَاءَ إِلَّا شِفَاؤُكَ شِفَاءً لَا يُغَادِرُ سَقَمًا (رواه البخارى ومسلم وابن ماجه عن عائشة رضى الله عنها)

"ജനങ്ങളുടെരക്ഷിതാവേ! നീ ബുദ്ധിമുട്ട് മാറ്റിക്കൊടുക്കുകയും രോഗം സുഖമാക്കി കൊടുക്കുകയും ചെയ്യേണമേ! നീയാണ് രോഗം സുഖമാക്കുന്നവൻ. നീ സുഖമാക്കിയാലല്ലാതെ സുഖമാവില്ല. യാതൊരു രോഗവും അവശേഷിക്കാത്ത രൂപത്തിൽ പൂർണ്ണായി സുഖമാക്കേണമേ"

**ആപൽഘട്ടങ്ങളിൽ**

لَاإِلٰهَ إِلَّا اللهُ الْعَظِيمُ الْحَلِيمُ لَاإِلٰهَ إِلَّا اللهُ رَبُّ الْعَرْشِ الْعَظِيمْ لَا إِلٰهَ إِلَّا اللهُ رَبُّ

السَّمٰوَاتِ السَّبْعِ وَرَبُّ الْعَرْشِ الْكَرِيمْ (رواه البخارى ومسلم وأحمد عن ابن عباس رضى الله عنهما)

ഇബ്നു അബ്ബാസ്(റ) പറയുന്നു: നബി(സ)ക്ക് വല്ല ദു:ഖവും ബാധിച്ചാൽ ഇപ്രകാരം പ്രാർഥിക്കുമായിരുന്നു. "ക്ഷമാശീലനും മഹാനുമായ അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല. മഹത്തായ സിംഹാസനത്തിൻെറ നാഥനായ അല്ലാഹുവല്ലാതെ ആരാധ്യനില്ല. ആദരണീയമായ സിംഹാസനത്തിൻെറ നാഥനും സപ്തവാനങ്ങളുടെ ഉടമയുമായ അല്ലാഹുവല്ലാതെ ആരാധ്യനില്ല".

**കടബാധ്യതയിൽ പെട്ടാൽ**

أَللّٰهُمَّ اكْفِنِى بِحَلَالِكَ عَنْ حَرَامِكَ وَأَغْنِنِى بِفَضْلِكَ عَمَّنْ سِوَاكَ (رواه احمد والترمذى والحاكم عن على رضى الله عنه)

"അല്ലാഹുവേ! നീ നിഷിദ്ധമാക്കിയതിനെ അനുഭവിക്കാതെ നീ അനുവദിച്ചു തന്നതുകൊണ്ട് എനിക്ക് മതിയാവേണമേ; നിൻെറ അനുഗ്രഹം കൊണ്ട് എന്നെ മറ്റുള്ളവരെ ആശ്രയിക്കുന്നതിൽ നിന്ന് രക്ഷിക്കുകയും ചേയ്യേണമേ!".

**ഉറങ്ങാൻ കിടന്നാൽ**

ഉറങ്ങാൻ നേരം വിശുദ്ധ ഖുർആനിൽ നിന്ന് 'ആയത്തുൽ കുർസിയ്യ്' 'അൽഇഖ്ലാസ്', 'അൽഫലക്', 'അന്നാസ്' എന്നീ ഭാഗങ്ങൾ ഓതിയശേഷം വലതുഭാഗത്തേക്ക് ചരിഞ്ഞുകിടന്നുകൊണ്ട് ഈ പ്രാർത്ഥന ചൊല്ലുക:

بِاسْمِكَ رَبِّى وَضَعْتُ جَنْبِى وَبِكَ أَرْفَعُهُ إِنْ أَمْسَكْتَ نَفْسِى فَارْحَمْهَا وَإِنْ أَرْسَلْتَهَا فَاحْفَظْهَا بِمَا تَحْفَظُ بِهِ عِبَادَكَ الصَّالِحِينْ (رواه البخارى ومسلم وأبوداود عن ابى هريرة رضى الله عنه)

"നാഥാ! നിൻെറ നാമത്തിൽ ഞാനെൻെറ പാർശ്വത്തെ വെച്ചു. നിൻെറ സഹായംകൊണ്ട് തന്നെയാണ് ഞാനത് ഉയർത്തുന്നതും. (ഈ ഉറക്കത്തിൽ) നീയെൻെറ ആത്മാവിനെ പിടിക്കുകയാണെങ്കിൽ അതിനോട് കരുണ കാണിക്കേണമേ! അതിനെ നീ ജീവിക്കുവാനായി വീണ്ടും വിടുകയാണെങ്കിൽ നിൻെറ സജ്ജനങ്ങൾക്കു നൽകുന്ന സംരക്ഷണം അതിനും നല്കേണമേ"

**ഉറക്കിൽ നിന്നുണർന്നാൽ**

اَلْحَمْدُ لِلّٰهِ الَّذِى أَحْيَانَا بَعْدَ مَا أَمَاتَنَا وَإِلَيْهِ النُّشُورُ (رواه البخارى)

ഞങ്ങളെ മരിപ്പിച്ചശേഷം ജീവിപ്പിച്ച അല്ലാഹുവിന് സർവ്വസ്തുതിയും. മര

ണാനന്തരം ജീവനോടെ എഴുന്നേറ്റ് ചെല്ലുന്നത് അവൻെറയടുക്കലേക്കാണ്.

**വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ**

بِسْمِ اللّٰهِ لَا حَوْلَ وَلَا قُوَّةَ إِلَّا بِاللّٰهِ تَوَكَّلْتُ عَلَى اللّٰهِ (ابن ماجه باب ما يدعو به الرجل إذا خرج من بيته)

"അല്ലാഹുവിൻെറ നാമത്തിൽ ഞാൻ പുറപ്പെടുന്നു. അല്ലാഹുവിൽ ഞാൻ ഭരമേൽപിക്കുന്നു. അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു ശക്തിയുമില്ല".

**വാഹനത്തിൽ കയറുമ്പോൾ**

سُبْحَانَ الَّذِى سَخَّرَ لَنَا هٰذَا وَمَا كُنَّا لَهُ مُقْرِنِينْ، وَإِنَّا إِلَى رَبِّنَا لَمُنقَلِبُونْ (رواه الترمذى باب ما جاء ما يقول اذا ركب دابة)

"നാം പ്രാപ്തന്മാരല്ലാതിരിക്കെ ഇതിനെ നമുക്ക് കീഴ്പ്പെടുത്തിത്തന്ന അല്ലാഹു പരിശുദ്ധൻ. നിശ്ചയം നാം നമ്മുടെ രക്ഷിതാവിങ്കലേക്ക് തന്നെ മടങ്ങുന്നവരാകുന്നു!"

**യാത്ര തുടങ്ങുമ്പോൾ**

اَللّٰهُمَّ إِنَّا نَسْأَلُكَ فِى سَفَرِنَا الْبِرَّ وَالتَّقْوَى وَمِنَ الْعَمَلِ مَا تَرْضَى اَللّٰهُمَّ هَوِّنْ عَلَيْنَا سَفَرَنَا وَاطْوِ عَنَّا بُعْدَهُ اَللّٰهُمَّ أَنْتَ الصَّاحِبُ فِى السَّفَرِ وَالْخَلِيفَةُ فِى الأَهْلِ ، اَللّٰهُمَّ إِنَّا نَعُوذُبِكَ مِنْ وَعْثَاءِ السَّفَرِ وَكَآبَةِ الْمَنْظَرِ وَ سُوءِ الْمُنْقَلَبِ فِى الْمَالِ وَالأَهْلِ (رواه مسلم عن عبد الله ابن عمر رضى عنهما)

"അല്ലാഹുവേ! ഞങ്ങളുടെ ഈ യാത്രയിൽ നന്മയും ഭക്തിയും നീ ഇഷ്ടപ്പെടുന്ന സൽകർമ്മവും ഞങ്ങൾ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ! ഞങ്ങളുടെ ഈ യാത്ര നീ ഞങ്ങൾക്ക് എളുപ്പമാക്കിത്തരികയും അതിൻെറ ദൂരം ചുരുക്കിത്തരുകയും ചെയ്യേണമേ! അല്ലാഹുവേ! എൻെറ യാത്രയിൽ കൂട്ടുകാരനും എൻെറ വീട്ടിൽ പ്രതിനിധിയും നീയാണ്. അല്ലാഹുവേ! യാത്രയുടെ ബുദ്ധിമുട്ടുകളിൽ നിന്നും വേദനാജനകമായ കാഴ്ചയിൽ നിന്നും ധനത്തിലും കുടുംബത്തിലും വിഷമകരമായ മാറ്റങ്ങൾ ഉണ്ടാകുന്നതിൽ നിന്നും ഞങ്ങൾ നിന്നോട് അഭയം തേടുന്നു"

**വീട്ടിൽ പ്രവേശിക്കുമ്പോൾ**

اَللّٰهُمَّ إِنِّى أَسْئَلُكَ خَيْرَ الْمَوْلِجِ وَخَيْرَ الْمَخْرَجِ بِسْمِ اللّٰهِ وَلَجْنَا وَبِسْمِ اللّٰهِ خَرَجْنَا وَعَلَى اللّٰهِ رَبِّنَا تَوَكَّلْنَا (رواه ابوداود باب ما جاء فى من دخل بيته ما يقول)

“അല്ലാഹുവേ! ഉത്തമമായ പ്രവേശനവും ഉത്തമമായ പുറപ്പെടലും നിശ്ചയം ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവിന്റെ നാമത്തിൽ ഞങ്ങൾ പ്രവേശിച്ചു. ഞങ്ങളുടെ നാഥനായ അല്ലാഹുവിൽ ഞങ്ങൾ ഭരമേൽപിക്കുകയും ചെയ്തു.

**മറ്റൊരാളെ യാത്രയയക്കുമ്പോൾ**

أَسْتَوْدِعُ اللهَ دِينَكَ وَأَمَانَتَكَ وَخَوَاتِيمَ عَمَلِكَ (رواه الترمذى، باب ما جاء ما يقول اذا ودع انسانا)

“നിങ്ങളുടെ ദീനും സുരക്ഷിതത്വവും പ്രവർത്തനങ്ങളുടെ (ശുഭകരമായ) പരിസമാപ്തിയും ഞാൻ അല്ലാഹുവിൽ ഏൽപ്പിക്കുന്നു”.

**പള്ളിയിൽ പ്രവേശിക്കുമ്പോൾ**

أَللَّهُمَّ افْتَحْ لِى أَبْوَابَ رَحْمَتِكَ (ابن ماجه باب الدعاء عند دخول المسجد)

“അല്ലാഹുവേ! നിന്റെ അനുഗ്രഹത്തിന്റെ കവാടങ്ങൾ എനിക്ക് നീ തുറന്നു തരേണമേ!”

**പള്ളിയിൽ നിന്ന് പുറപ്പെടുമ്പോൾ**

اَللّٰهُمَّ إِنِّى أَسْئَلُكَ مِنْ فَضْلِكَ (ابن ماجه باب الدعاء عند دخول المسجد)

“അല്ലാഹുവേ! നിന്റെ അനുഗ്രഹത്തിൽ നിന്ന് ഞാൻ ചോദിക്കുന്നു”

**ഇടിമിന്നലുണ്ടാകുമ്പോൾ**

سُبْحَانَ الَّذِى يُسَبِّحُ الرَّعْدُ بِحَمْدِهِ وَالْمَلٰئِكَةُ مِنْ خِيفَتِهِ (رواه البخارى فى الأدب المفرد)

ഇടിനാദം ഏതൊരുവനെ സ്തുതിച്ചുകൊണ്ട് വാഴ്ത്തുന്നുവോ, മലക്കുകൾ ആരെ ഭയപ്പെട്ടുകൊണ്ട് പരിശുദ്ധിപ്പെടുത്തുന്നുവോ ആ നാഥനെ ഞാൻ വാഴ്ത്തുന്നു.

أَللّٰهُمَّ لَا تَقْتُلْنَا بِغَضَبِكَ وَلَا تُهْلِكْنَا بِعَذَابِكَ وَعَافِنَا قَبْلَ ذٰلِكَ (رواه الترمذى باب ما يقول إذا سمع الرعد)

“അല്ലാഹുവേ! നിന്റെ കോപത്താൽ നീ ഞങ്ങളെ വധിക്കുകയും നിന്റെ ശിക്ഷയാൽ നീ ഞങ്ങളെ നശിപ്പിക്കുകയും ചെയ്യരുതേ! അതിന് മുമ്പ് ഞങ്ങൾക്ക് നീ രക്ഷ നൽകേണമേ!”

**കാറ്റടിച്ചു വീശുമ്പോൾ**

أَللّٰهُمَّ إِنِّى أَسْأَلُكَ خَيْرَهَا وَخَيْرَ مَا فِيهَا وَخَيْرَ مَا أُرْسِلَتْ بِهِ وَأَعُوذُبِكَ مِنْ شَرِّهَا وَشَرِّ مَا فِيهَا وَشَرِّ مَا أُرْسِلَتْ بِهِ (رواه الترمذى باب ما يقول اذا أهابت الريح)

"അല്ലാഹുവേ! ആ കാറ്റിൻെറ സുഖവും അതിലടങ്ങിയിരിക്കുന്ന നന്മയും ഞാൻ നിന്നോട് ചോദിക്കുന്നു. ആ കാറ്റിൻെറ ബുദ്ധിമുട്ടും അതു കാരണമായി ക്രമേണയുണ്ടാകുന്ന തിന്മയും എന്നിൽ നിന്ന് തിരിച്ചുകളയാനും ഞാൻ നിന്നോട് രക്ഷതേടുന്നു"

**കക്കൂസിൽ പ്രവേശിക്കുമ്പോൾ**

أَللّٰهُمَّ إِنِّى أَعُوذُبِكَ مِنَ ٱلْخُبْثِ وَٱلْخَبَائِثِ (ابن ماجه - باب ما يقول الرجل إذا دخل الخلاء)

"അല്ലാഹുവേ! ചെറുതും വലുതുമായ മുഴുവൻ വൃത്തികേടുകളിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു"

**കക്കൂസിൽ നിന്ന് പുറപ്പെടുമ്പോൾ**

غُفْرَانَكَ ٱلْحَمْدُ لِلّٰهِ ٱلَّذِى أَذْهَبَ عَنِّى ٱلأَذَى وَعَافَانِى (ابن ماجه باب ما يقول إذا خرج من الخلاء)

"ഞാൻ നിന്നോട് മാപ്പപേക്ഷിക്കുന്നു. എൻെറ വിഷമത മാറ്റുകയും എന്നെ സുഖമാക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി!"

**ദാമ്പത്യസൗഖ്യത്തിനും സന്താനസൗഭാഗ്യത്തിനും**

വിവാഹാനന്തരം താഴെ കാണുംപ്രകാരം പ്രാർഥിക്കുക:

أَللّٰهُمَّ إِنِّى أَسْئَلُكَ خَيْرَهَا وَخَيْرَمَا جَبَلْتَهَا عَلَيْهِ وَأَعُوذُبِكَ مِنْ شَرِّهَا وَشَرِّمَا جَبَلْتَهَا عَلَيْهِ (ابوداود، ابن ماجه)

"അല്ലാഹുവേ! ഇവളുടെയും ഇവളുടെ സൃഷ്ടിപ്പിൽ അടങ്ങിയ പ്രകൃതിയുടെയും നന്മ ഞാൻ നിന്നോട് ചോദിക്കുന്നു. ഇവളുടെ തിന്മയിൽ നിന്നും ഇവളുടെ സൃഷ്ടിപ്പിൻെറ പ്രകൃതിയിൽ അടങ്ങിയ തിന്മയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു".

വധൂവരന്മാർക്ക് ക്ഷേമൈശ്വര്യങ്ങൾക്കായി മറ്റുള്ളവർ പ്രാർത്ഥിക്കുക:

بَارَكَ اللّٰهُ لَكَ وَبَارَكَ عَلَيْكَ وَجَمَعَ بَيْنَكُمَا فِى خَيْرٍ (ابوداود ترمذى أحمد وغيرهم)

"അല്ലാഹു നിന്നെ അനുഗ്രഹിക്കട്ടെ; അല്ലാഹു നിനക്ക് ഐശ്വര്യം നൽകട്ടെ; നിങ്ങളെ ഇരുവരെയും നന്മയിൽ അവൻ യോജിപ്പിക്കുകയും ചെയ്യട്ടെ".

സംയോഗത്തിനുമുമ്പായി ഇങ്ങനെ പ്രാർത്ഥിക്കാൻ പ്രവാചകൻ പഠിപ്പിച്ചിരിക്കുന്നു:

أَللّٰهُمَّ جَنِّبْنَا الشَّيْطَانَ وَجَنِّبِ الشَّيْطَانَ مَا رَزَقْتَنَا (رواه البخارى ومسلم)

"അല്ലാഹുവേ! നീ ഞങ്ങളിൽ നിന്ന് പിശാചിനെ അകറ്റേണമേ; നീ ഞങ്ങൾ

ക്കു നൽകിയ സന്താനങ്ങളിൽ നിന്നും പിശാചിനെ അകറ്റേണമേ" കൂടാതെ ജീവിതത്തിൽ നിരന്തരം അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ പഠിപ്പിക്കപ്പെട്ട പ്രാർത്ഥന ഇങ്ങനെയാണ്:

رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا (الفرقان ٧٤)

"ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഇണകളിൽ നിന്നും സന്താനങ്ങളിൽ നിന്നും നീ ഞങ്ങൾക്ക് കൺകുളിർമ പ്രദാനം ചെയ്യുകയും ഞങ്ങളെ ഭക്ത ജനങ്ങൾക്ക് മാതൃകയാക്കുകയും ചെയ്യേണമേ (25/74)

**പ്രഭാത പ്രദോഷങ്ങളിൽ**

بِسْمِ اللهِ الَّذِى لَا يَضُرُّ مَعَ اسْمِهِ شَيْئٌ فِى الْأَرْضِ وَلَا فِى السَّمَاءِ وَهُوَ السَّمِيعُ الْعَلِيمُ (رواه الترمذى وابن حبان)

ഏതൊരുവൻെറ നാമം ജപിച്ചാൽ ഉപദ്രവിക്കുകയില്ലയോ ആ നാഥൻെറ നാമം ഞാൻ ഉരുവിടുന്നു. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്"

**സ്വപ്നം കണ്ടു ഞെട്ടിയുണർന്നാൽ**

أَعُوذُ بِاللهِ مِنَ الشَّيْطَانِ الرَّجِيمْ എന്നു പറഞ്ഞശേഷം ഈ പ്രാർഥന ചൊല്ലുക:

أَعُوذُ بِكَلِمَاتِ اللهِ التَامَّاتِ مِنْ غَضَبِهِ وَعِقَابِهِ وَشَرِّ عِبَادِهِ وَمِنْ هَمَزَاتِ الشَّيَاطِينِ وَأَنْ يَحْضَرُونْ (الترمذى)

"അല്ലാഹുവിൻെറ സമ്പൂർണ വചനങ്ങൾ മുഖേന അവൻെറ കോപത്തിൽ നിന്നും ശിക്ഷയിൽ നിന്നും അവൻെറ അടിമകളുടെ ഉപദ്രവത്തിൽ നിന്നും പിശാചുക്കളുടെ ദുർമന്ത്രണങ്ങളിൽ നിന്നും അവർ എന്നെ ബാധിക്കുന്നതിൽ നിന്നും ഞാൻ അഭയം തേടുന്നു.

**ഇഹപര സൗഖ്യവും സുഖകരമായ മരണവും**

أَللّٰهُمَّ أَصْلِحْ لِي دِينِي الَّذِى هُوَ عِصْمَةُ أَمْرِى، وَأَصْلِحْ لِي دُنْيَايَ الَّتِي فِيهَا مَعَاشِى، وَأَصْلِحْ لِي آخِرَتِي الَّتِي إِلَيْهَا مَعَادِى، وَاجْعَلِ الْحَيَاةَ زِيَادَةً لِي فِى كُلِّ خَيْرٍ وَاجْعَلِ الْمَوْتَ رَاحَةً لِي مِنْ كُلِّ شَرٍّ (مسلم)

"അല്ലാഹുവേ! എൻെറ കാര്യങ്ങളുടെ സുരക്ഷിതത്വം അടങ്ങിയിരിക്കുന്ന 'ദീനി'നെ നീ നന്നാക്കിത്തരേണമേ. എൻെറ ജീവിതായോധനം നിക്ഷിപ്തമായ ഇഹലോകത്തെയും എനിക്കു നീ നന്നാക്കിത്തരേണമേ. എൻെറ മടക്ക സ്ഥലമായ പരലോകത്തെയും 'എനിക്കു നീ നന്നാക്കിത്തരേണമേ. ജീവിതം എല്ലാ വിധ നന്മകൾ വർദ്ധിപ്പിക്കാനും, മരണം എല്ലാ വിധ കഷ്ടപ്പാടുകളിൽ നിന്ന് മോ

ചനം പ്രാപിക്കാനുമുള്ളതാക്കേണമേ

**ആത്മശുദ്ധി, ആരോഗ്യരക്ഷ തുടങ്ങിയ കാര്യങ്ങൾക്ക്**

أَللّٰهُمَّ إِنِّى أَعُوذُبِكَ مِنَ الْعَجْزِ وَالْكَسَلِ، وَالْبُخْلِ وَالْهَرَمِ، وَعَذَابِ الْقَبْرِ أَللّٰهُمَّ آتِ نَفْسِي تَقْوَاهَا، وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا، أَنْتَ وَلِيُّهَا وَمَوْلاَهَا، أَللّٰهُمَّ إِنِّي أَعُوذُبِكَ مِنْ عِلْمٍ لاَ يَنفَعُ ، وَمِنْ قَلْبٍ لاَ يَخْشَعُ، وَمِنْ نَفْسٍ لاَ تَشْبَعُ، وَمِنْ دَعْوَةٍ لاَ يُسْتَجَابُ لَهَا (مسلم)

അല്ലാഹുവേ! ക്ഷീണം, അലസത, ലുബ്ധ്, വാർദ്ധക്യസഹജമായ വിഷമം, ക്വബ്റിലെ ശിക്ഷ എന്നീ ബുദ്ധിമുട്ടുകളിൽ നിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. അല്ലാഹുവേ! എൻെറ ആത്മാവിനെ നീ ദോഷബാധയിൽ നിന്നുകാക്കേണമേ!.അതിനെ നീ ശുദ്ധീകരിക്കേണമേ; അതിനെ ശുദ്ധീകരിക്കുന്നവരിൽ ഉത്തമൻ നീയാണ്. അതിൻെറ രക്ഷകനും യജമാനനും നീയാണ്. അല്ലാഹുവേ! പ്രയോജനപ്രദമല്ലാത്ത വിജ്ഞാനത്തിൽ നിന്നും ദൈവത്തെ ഭയപ്പെടാത്ത ഹൃദയത്തിൽ നിന്നും എന്തുകിട്ടിയാലും മതിവരാത്ത ദേഹത്തിൽ നിന്നും ഉത്തരം ലഭിക്കാത്ത പ്രാർത്ഥനയിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു.

**മുഴുവൻ കാര്യങ്ങൾക്കുമുള്ള സംക്ഷിപ്ത പ്രാർത്ഥന**

رَبَّنَا آتِنَا فِى الدُّنْيَا حَسَنَةً وَفِى الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ (البقرة ٢٠١)

"ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ; നരകശിക്ഷയിൽ നിന്ന് കാത്തുരക്ഷിക്കുകയും ചെയ്യേണമേ."

**ആതിഥേയൻെറ ഗുണത്തിന്**

أَللّٰهُمَّ بَارِكْ لَهُمْ فِيمَا رَزَقْتَهُمْ وَاغْفِرْلَهُمْ وَارْحَمْهُمْ (رواه مسلم)

"അല്ലാഹുവേ! നീ ഇവർക്കു നൽകിയതിൽ അനുഗ്രഹം ചെയ്യുകയും ഇവർക്ക് പൊറുത്തു കൊടുക്കുകയും ഇവരോട് കരുണ കാട്ടുകയും ചെയ്യേണമേ".

**പുതുവസ്ത്രം ധരിക്കുമ്പോൾ**

أَللّٰهُمَّ لَكَ الْحَمْدُ أَنْتَ كَسَوْتَنِيهِ أَسْئَلُكَ خَيْرَهُ وَخَيْرَ مَا صُنِعَ لَهُ وَأَعُوذُبِكَ مِنْ شَرِّهِ وَشَرِّ مَا صُنِعَ لَه (رواه الترمذى وأبوداود)

"അല്ലാഹുവേ! നിനക്കാണ് സർവ്വ സ്തുതിയും. ഈ വസ്ത്രം എന്നെ ധരിപ്പിച്ചത് നീയാണ്. ഇതിൻെറ നന്മയും ഇതെന്തിനുവേണ്ടിയാണോ നിർമ്മിക്കപ്പെട്ടത് അതിൻെറ നന്മയും ഞാൻ നിന്നോട് ചോദിക്കുന്നു. ഇതു മൂലമുണ്ടാകുന്ന

ആപത്തിൽ നിന്നും അതു നിർമ്മിക്കപ്പെട്ടത് എന്തിനുവേണ്ടിയാണോ അതിന്റെ ആപത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു".

**കൃഷി - വ്യാപാര നേട്ടങ്ങൾക്ക്**

أَللّٰهُمَّ بَارِكْ لَنَا فِي ثَمَرِنَا وَبَارِكْ لَنَا فِي مَدِينَتِنَا وَبَارِكْ لَنَا فِي صَاعِنَا وَبَارِكْ لَنَا فِي مُدِّنَا

(مسلم، ترمذی)

"അല്ലാഹുവേ! ഞങ്ങളുടെ കായ്കനികളിൽ നീ സമൃദ്ധിയുണ്ടാക്കണേ. ഞങ്ങളുടെ (വ്യാപാരകേന്ദ്രമായ) പട്ടണത്തിൽ നീ ഐശ്വര്യം നൽകേണമേ. ഞങ്ങളുടെ അളവുപാത്രങ്ങളായ 'സ്വാഇ'ലും 'മുദ്ദി'ലും വർധനവുണ്ടാക്കണേ".

**അപകടങ്ങൾ സംഭവിക്കുമ്പോൾ**

إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونْ، أَللّٰهُمَّ أَجِرْنِي فِي مُصِيبَتِي وَاخْلُفْ لِي خَيْراً مِنْهَا (مسلم)

"തീർച്ചയായും നാമെല്ലാം അല്ലാഹുവിന്റെ അധീനത്തിലുള്ളവരാണ്. അവങ്കലേക്ക് മടങ്ങേണ്ടവരുമാണ്. അല്ലാഹുവേ! എനിക്ക് സംഭവിച്ച അപകടത്തിൽ എനിക്ക് നീ പ്രതിഫലം നൽകുകയും അതുമുലമുണ്ടാകുന്ന നഷ്ടത്തെ പരിഹരിക്കുന്ന ഗുണം പകരമായി നല്കുകയും ചെയ്യേണമേ.

**കോപം വരുമ്പോൾ**

أَعُوذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيمْ (رواه البخاری ومسلم)

"അഭിശപ്തനായ പിശാചിൽ നിന്ന് ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു"

**പരേതാത്മാവിന്റെ പാപമോചനത്തിന്**

أَللّٰهُمَّ اغْفِرْلَهُ وَارْحَمْهُ وَاعْفُ عَنْهُ وَأَكْرِمْ نُزُلَهُ وَوَسِّعْ مَدْخَلَهُ وَاغْسِلْهُ بِالْمَاءِ وَالثَّلْجِ وَالْبَرَدِ وَنَقِّهِ مِنَ الْخَطَايَا كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنَ الدَّنَسِ وَأَبْدِلْهُ دَارًا خَيْراً مِنْ دَارِهِ وَأَهْلاً خَيْراً مِنْ أَهْلِهِ وَزَوْجًا خَيْراً مِنْ زَوْجِهِ وَأَدْخِلْهُ الْجَنَّةَ وَأَعِذْهُ مِنْ عَذَابِ الْقَبْرِ وَمِنْ عَذَابِ النَّارِ (رواه مسلم)

"അല്ലാഹുവേ! പരേതന് നീ പൊറുത്തു കൊടുക്കണേ. നീ അദ്ദേഹത്തിന് കരുണ ചെയ്യുകയും സൗഖ്യം നല്കുകയും മാപ്പു കൊടുക്കുകയും ചെയ്യേണമേ. അദ്ദേഹത്തെ നീ മാന്യമായി സൽക്കരിക്കേണമേ. അദ്ദേഹത്തിന്റെ പ്രവേശന സ്ഥലം വിശാലമാക്കേണമേ. വെള്ളം, മഞ്ഞ്, ആലിപ്പഴം എന്നിവകൊണ്ട് കഴുകി, വെള്ള വസ്ത്രത്തെ മാലിന്യങ്ങളിൽ നിന്ന് വൃത്തിയാക്കുന്നതുപോലെ പാപങ്ങളിൽ നിന്ന്ആ മനുഷ്യനെ ശുദ്ധിയാക്കേണമേ. അദ്ദേഹത്തിന് തന്റെ വീടിനെക്കാൾ ഉത്തമമായ വീടും കുടുംബത്തേക്കാൾ ഉത്തമമായ കുടുംബവും ഇണ

**യേക്കാൾ ഉത്തമമായ ഇണയെയും നീ പകരം** കൊടുക്കണേ. നീ അദ്ദേഹത്തെ **സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും ക്വബ്റിലെ** ശിക്ഷയിൽ നിന്നും നരക ശിക്ഷ **യിൽ നിന്നും കാത്തു രക്ഷിക്കുകയും ചെയ്യേണമേ".**

**ക്വബ്ർ സന്ദർശിക്കുമ്പോൾ**

اَلسَّلَامُ عَلَيْكُمْ أَهْلَ الدِيَارِ مِنَ الْمُؤْمِنِيْنَ وَالْمُسْلِمِينَ وَإِنَّآ إِنْ شَاءَ اللهُ بِكُمْ لَاحِقُونْ، نَسْأَلُ اللهَ لَنَا وَلَكُمُ الْعَافِيَةَ (مسلم، أحمد، ابن ماجه)

"മുസ്ലിംകളും മുഅ്മിനീങ്ങളുമായ വീട്ടുകാരേ, അല്ലാഹുവിന്റെ രക്ഷ നി ങ്ങളിൽ വർഷിക്കട്ടെ. അല്ലാഹു ഉദ്ദേശിച്ചാൽ തീർച്ചയായും ഞങ്ങളും നിങ്ങ ളോടൊപ്പം വന്നു ചേരുന്നവരാണ്. ഞങ്ങൾക്കും നിങ്ങൾക്കും സൗഖ്യമുണ്ടായി രിക്കട്ടെയെന്ന് ഞങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു.

## ഇവിടെ 'ദാത്തും, ഹഖും, ജാഹും, ബറക്കത്തു'മില്ല

രോഗങ്ങൾ മാറാൻ അല്ലാഹുവിനോട് പ്രാർഥിക്കുക. സന്താനങ്ങൾ ലഭി ക്കാൻ അല്ലാഹുവിനോട് പ്രാർഥിക്കുക. ആഗ്രഹങ്ങൾ സഫലീകൃതമാകാൻ അ ല്ലാഹുവിനോട് പ്രാർത്ഥിക്കുക. ദാമ്പത്യബന്ധം സുദൃഢമാകുവാനും സന്തോ ഷകരമാകാനും അല്ലാഹുവിനോട് പ്രാർത്ഥിക്കുക. എന്നു വേണ്ട, മനുഷ്യന്റെ അഖിലപ്രശ്നങ്ങളും പരിഹരിച്ചുതരാൻഅല്ലാഹുവിനോട്മാത്രം നേരിട്ട് പ്രാർഥി ക്കുക. അവന്റെ സൃഷ്ടികളോട് നേരിട്ടോ അവരെ മദ്ധ്യവർത്തികളാക്കിക്കൊണ്ട് അല്ലാഹുവിനോടോ പാടില്ല. അതാണ് പ്രവാചകന്മാരും അവരെ പിൻപറ്റിയ സജ്ജനങ്ങളും ചെയ്തതെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ വിശുദ്ധ ക്വുർആൻ പ ഠിപ്പിച്ച പ്രാർഥനകളിലൂടെ നാം മനസ്സിലാക്കി. എന്നാൽ ഈ രണ്ടാം അദ്ധ്യായ ത്തിൽ മനുഷ്യന്റെ പല പ്രശ്നങ്ങൾക്കും പ്രാർഥിക്കേണ്ട പ്രാർഥനകളിൽ പ്രധാ നമായ ചിലത് നാം ഉദ്ധരിച്ചു. അത് ഇസ്ലാമിന്റെ രണ്ടാമത്തെ പ്രമാണമായ സുന്നത്തിൽ നിന്നാണ്. ആ പ്രാർഥനകളിലും അല്ലാഹു അല്ലാത്തവരോട് പ്രശ് നപരിഹാരത്തിന് പ്രാർത്ഥനയില്ല. അവന്റെ സൃഷ്ടികളെ മദ്ധ്യവർത്തികളാക്കി 'ദാത്തും, ഹഖും, ജാഹും, ബറക്കത്തും' കൂട്ടിക്കലർത്തലുമില്ല. അതെല്ലാം ഒരു ന ല്ല കാര്യമായിരുന്നെങ്കിൽ പ്രവാചകൻ നമുക്ക് പഠിപ്പിച്ചുതരികതന്നെ ചെയ്യുമാ യിരുന്നു. അല്ലാഹുവിന്റെ റസൂൽ അവസാനമായി ഈ സമുദായത്തോട് പറ ഞ്ഞു: "രണ്ടു കാര്യം ഞാൻ നിങ്ങളിൽ ഉപേക്ഷിച്ചു പോകുന്നു. അത് രണ്ടും മുറു കെ പിടിക്കുന്ന കാലത്തോളം നിങ്ങൾ വഴിപിഴക്കില്ല. അല്ലാഹുവിന്റെ കിതാ ബും അവന്റെ ദൂതന്റെ സുന്നത്തുമാണത്"

**അതുകൊണ്ട് ക്വുർആനിൽ നിന്നും സുന്നത്തിൽ നിന്നും നാം കാര്യങ്ങൾ ഗ്രഹിക്കുക. അത് രണ്ടും പഠിപ്പിച്ചുതന്നത് പോലെ നാം പ്രാർഥിക്കുക. അതിൽ പറഞ്ഞ പ്രാർത്ഥനകൾ നമുക്ക് ധാരാളം മതി: എല്ലാ ആഗ്രഹങ്ങളും സഫലീകരി ക്കാൻ മാത്രം അത് വിപുലവും വിശാലവുമാണ്.** ❐